"മനുഷ്യരിലോ സൃഷ്ടികളിലോ സ്വവിശ്വാസത്തെ നിക്ഷേപിക്കുന്നവൻ മൂഢനാണ്. യേശുക്രിസ്തുവിനോടുള്ള സ്നേഹം നിമിത്തം മററുള്ളവരെ സേവിക്കുന്നതിനു, ലോകത്തു ദരിദ്രനായി കാണപ്പെടുന്നതിനും ലജ്ജിക്കരുതു്. നിന്നിൽ തന്നെ വിശ്വസിക്കരുതു്; നിന്റെ പ്രത്യാശ ദൈവത്തിൽ നിക്ഷേപിക്കുക. നിന്റെ ശക്തിക്കൊത്തതു് ചെയ്യുക; അപ്പോൾ നിന്റെ സന്മനസ്സിനോടൊന്നിച്ചു ദൈവമുണ്ടായിരിക്കും" —ക്രിസ്ത്വാനുകരണം.


# സത്യദീപം


"അവർ കിഴക്കു കണ്ട നക്ഷത്രം ശിശു കിടക്കുന്ന സ്ഥലത്തിനു മുകളിൽ വന്നു നില്ക്കുവോളം, അവരുടെ മുമ്പിൽ പോയിരുന്നു. അവർ നക്ഷത്രം കണ്ടപ്പോൾ എത്രയും വലിയ സന്തോഷം അനുഭവിച്ചു. അവർ വീട്ടിൽ പ്രവേശിച്ചു, ശിശുവിനെ അമ്മയായ മറിയത്തോടുകൂടി കണ്ടു സാഷ്ടാംഗം വീണാരാധിക്കയും അനന്തരം അവരുടെ നിക്ഷേപപാത്രങ്ങൾ തുറന്നു സ്വർണ്ണവും കുന്തുരുക്കവും, മീറയും കാഴ്ച സമർപ്പിക്കുകയും ചെയ്തു."

—മത്തായി II 9-11

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."


Reg. No. M. 2293 | 1957 ജനുവരി 9—ബുധനാഴ്ച | Vol. 30, No. 21


## കോതമംഗലം രൂപതാസ്ഥാപനമഹം സ്പെഷൽ



റൈററ് റവ. ഡോക്ടർ മാത്യു പോത്തനാമുഴി പിഎച്ച്. ഡി., ഡി. ഡി.

തിരുമേനി നീണാൾ വിജയിപ്പൂതാക!

# ലൂർദ്ദ് ദർശനം

## (ഏകാങ്കം)

(ഫാദർ തോമസ് മൂത്തേടൻ എം. എ., ഡി. ഡി.)

(ഒരു ഗ്രാമീണ ഭവനത്തിൽ ഫ്റാങ്കോയി സുബീറായും ഭാര്യ ലൂയിസായും കുടുംബകാര്യങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുന്നു.)

സുബീറാ: ലൂയിസാ, കുറേനാളായല്ലോ നമ്മൾ ഇങ്ങനെ കഷ്ടപ്പെടുന്നു. ഒരു കഷ്ടപ്പാടു കഴിയുമ്പോൾ വേറൊന്ന്. ദാരിദ്ര്യത്തിൽനിന്നു ദാരിദ്ര്യത്തിലേക്ക്. എന്റെ മനസ്സു പെടയ്ക്കുന്നു.

ലൂയിസാ: എന്തിനു വൃഥാ ഹൃദയം വേദനിക്കുന്നു? ദൈവം നമ്മുടെ കാര്യം നോക്കുന്നുണ്ടല്ലോ. മില്ല് പൊളിഞ്ഞുപോയതിനുശേഷവും കൂലിപ്പണിയെടുത്താണെങ്കിലും ഇന്നും നമ്മൾ സുഖമായി ജീവിക്കുന്നുണ്ടല്ലോ. എന്റെ കുഞ്ഞിന്റെ കാര്യത്തിലാണ് എനിക്ക് ഉൽകണ്ഠ. വയസ്സു 14 ആയെങ്കിലും ഇന്നും അവൾ ഏങ്ങലും ഞെരങ്ങലുമായി കഴിയുകയാണ്. ജ്ഞാനസ്നാനസമയം മുഴുവനും അവൾ കരഞ്ഞുകൊണ്ടു് അന്നുതന്നെ എല്ലാവരും പറഞ്ഞതാണ് അവളുടെ ജീവിതം മുഴുവനും കരച്ചിലായിരിക്കുമെന്ന്.

സുബീറാ: നമ്മുടെ ബെർണ്ണദീത്താ ആറുപ്രാവശ്യം ദൈവമാതാവിനെ കണ്ടുവെന്നു പറഞ്ഞല്ലോ. നിനക്കെന്തു തോന്നുന്നു? അവൾ കള്ളംപറയുമോ? ഇത്രവലിയൊരുഭാഗ്യം നമുക്കു കൈവരികയില്ല. ആദ്യകുർബാന കൈക്കൊള്ളപ്പാടുകൂടി നടത്താത്തവൾ ദൈവമാതാവിനെ കണ്ടുകാണുമോ?

ലൂയിസാ: ദൈവത്തിന്റെ മാർഗ്ഗങ്ങൾ നമുക്ക് അജ്ഞാതമാണ്. ദർശനസമയത്തു് നമ്മൾതന്നെ അവളുടെ മുഖം കണ്ടതല്ലേ? ഏങ്ങൽ പിടിച്ച ഒരു ഗ്രാമീണകന്യകയാണവളെന്നു തോന്നുമോ ആ സമയത്തു് അവളെക്കണ്ടാൽ? അവളുടെ മുഖത്തു് എന്തൊരു സ്വർഗ്ഗീയ തേജസ്സായിരുന്നു!

സുബീറാ: പക്ഷേ വികാരിയച്ചനുപോലും ഇതിൽ വിശ്വാസമില്ലല്ലോ മുനിസിപ്പൽ ഉദ്യോഗസ്ഥന്മാരും പോലീസുകാരും ബഹളംകൂട്ടിക്കൊണ്ടിരിക്കുന്നു; അവർ നമ്മുടെ കൊച്ചിനെ ഭീഷണിപ്പെടുത്തിയെന്നും കുറേനേരം ലോക്കപ്പിൽ അടച്ചിട്ടുവെന്നും പറയുന്നു.

ലൂയിസാ: നിരീശ്വരരായ സർക്കാർ ഉദ്യോഗസ്ഥന്മാർ എന്തും ചെയ്യും. അവർക്കു ദൈവനാമം കേൾക്കുമ്പോൾ വെകിളിയാണ്. എനിക്കും കുഞ്ഞിന്റെ കാര്യത്തിൽ വലിയ ഉൽക്കണ്ഠയുണ്ടു്. ഇതാ അവൾ വരുന്നുണ്ടല്ലോ.

(ബെർണദീത്താ പ്രവേശിക്കുന്നു)

ബെർണദീത്താ: അമ്മേ, ഇന്നും ഞാൻ ആ സ്ത്രീയെ കണ്ടു. വലിയ ഒരു ജനക്കൂട്ടം സ്ഥലത്തുണ്ടായിരുന്നു. പലരും അതിനെപ്പററി എന്നോടു ചോദ്യം ചെയ്തു. പോലീസ് ഉദ്യോഗസ്ഥന്മാർ ജനങ്ങൾ വരുന്നതിനെ നിരോധിച്ചിരുന്നുവെങ്കിലും ചിലരെയധികംപേർ അവിടെ വന്നുചേർന്നിരുന്നു. ചിലർ എന്നെ ഭ്രാന്തിയെന്നും കള്ളിയെന്നും വിളിച്ചു. പോലീസുകാർ എന്നോടു കല്പിച്ചു അവിടെ പോയിക്കൂടായെന്ന്.

സുബീറാ: മകളേ, നീ അവിടെ പോകേണ്ട. വല്ല അപായവുമുണ്ടായേക്കും.

ലൂയിസാ: മോളു പോകേണ്ട. വികാരിയച്ചനല്ലേ ആ വരുന്നതു്.

ബെർണ: അപ്പാ, അവിടെ ഇനിയും ചെല്ലണമെന്നാണ് ആ സൗന്ദര്യവതിയായ സ്ത്രീ പറഞ്ഞിരിക്കുന്നതു്. എനിക്കു നടക്കാൻ സ്വാതന്ത്ര്യമുണ്ടെങ്കിൽ ഞാൻ ആ സ്ത്രീയെ കാണാൻ പോകാതിരിക്കയില്ല. (വികാരിയച്ചൻ പ്രവേശിക്കുന്നു, എല്ലാവരും സ്തുതി പറയുന്നു)

വികാരിയച്ചൻ: (ബർണദീത്തയെനോക്കിക്കൊണ്ടു്) നീ ആ സ്ത്രീയോടു പേരു ചോദിച്ചുവോ?

ബെർണദീത്താ: ഉവ്വ്, പിതാവേ. അവിടത്തെ നാമധേയം എന്തെന്നും എന്താവശ്യപ്പെടുന്നുവെന്നും എഴുതിത്തരണമെന്നു ഞാൻ ആവശ്യപ്പെട്ടു.

വികാ: അവൾ എന്തു പറഞ്ഞു?

ബെർണ: "എനിക്കു നിന്നെ അറിയിക്കുവാനുള്ളതു് എഴുതണമെന്നില്ല. പതിനഞ്ചു ദിവസത്തേക്കു് ഇവിടെ വരുവാൻ നിനക്കു കഴിയുമോ? ഈ ലോകത്തിലല്ല പരലോകത്തിൽ നിനക്കു സൗഭാഗ്യം കൈവരുത്തുന്നതാണെന്നു ഞാൻ വാഗ്ദാനം ചെയ്യുന്നു" എന്നത്രേ ആ സ്ത്രീ പറഞ്ഞതു്.

വികാ: നീ പറയുന്നതു മുഴുവനും കള്ളമാണ്. ആദ്യകുർബാന പോലും കൈക്കൊണ്ടിട്ടില്ലാത്ത മകളെ അപ്പനും അമ്മയും കൂടി പുണ്യവതിയാക്കുകയാണല്ലേ. ഈ കള്ളിപ്പെണ്ണു ദൈവമാതാവിനെ കണ്ടുപോലും! വെറും നുണ. നിങ്ങൾ മകളെ ഇനി മസാബിയേൽ ഗുഹയിലേക്കു വിടരുതു്.

സുബീ: ഞങ്ങൾ വിടുന്നില്ല. അവൾ സ്വമനസ്സാലെ പോകയാണ്.

ലൂയിസാ: അവൾ നിർബന്ധിക്കുമ്പോൾ അവളെ തടയുവാൻ ഞങ്ങളുടെ ഹൃദയം ധൈര്യപ്പെടുന്നില്ല.

ബെർണ: മസാബിയേൽ ഗുഹയിൽ പ്രത്യക്ഷപ്പെട്ട ആ സ്ത്രീ പറയുന്നു അവിടെ ഒരു പള്ളി പണിയണമെന്ന്.

വികാ: ശരി, ആ സ്ത്രീ തന്റെ നാമധേയം വെളിപ്പെടുത്തിക്കഴിയുമ്പോൾ ചെറുതല്ല, വലിയ പള്ളിതന്നെ പണിയാം. അല്ലെങ്കിൽ മസാബിയേൽ പാറക്കെട്ടിന്റെ ഇടയ്ക്കുള്ള റോസച്ചെടികൾ ഈ മഞ്ഞുകാലത്തു് ഒന്നു പുഷ്പിക്കട്ടെ. അങ്ങനെ ഒരത്ഭുതം കണ്ടാൽ ഞാൻ വിശ്വസിക്കാം.

ബെർണ: അതും ഞാൻ ആ സ്ത്രീയെ അറിയിച്ചു. അപ്പോഴും അവൾ പുഞ്ചിരി തൂകി. എങ്കിലും ആ സുന്ദരി ഒരു പള്ളി ആവശ്യപ്പെടുന്നു.

വികാ: നിന്റെ കൈവശം പണമുണ്ടോ?

ബെർണ: എന്റെ അച്ചാ, എന്റെ കൈയിലുമില്ല മാതാപിതാക്കന്മാരുടെ കൈവശവുമില്ല.

വികാ: എന്നാൽ പള്ളിപണിയിക്കാൻ എന്റെ കൈവശവും പണമില്ല. ആ സ്ത്രീയോടു പറയൂ കുറേ പണം തരാൻ. നീയൊരു കള്ളിപ്പെണ്ണാണ്. ദൈവമാതാവിനെ കാണുന്നുപോലും ഈ നുണയത്തി. സുബീറാ, ഇവളെ ഇനി മസാബിയേൽ ഗ്രോട്ടോയിലേക്കു വിടരുതു്. (പോകുന്നു)

ലൂയിസാ: അച്ചൻ പറയുന്നതു കേട്ടോ. വികാരിയച്ചനു വിശ്വാസമില്ലെങ്കിൽപ്പിന്നെ നാട്ടുകാർ പരിഹസിക്കുന്നതിൽ എന്തു വിസ്മയം. ഗ്രോട്ടോയിലേക്കു ജനപ്രവാഹം വർദ്ധിച്ചുതോടുകൂടി ഭരണാധികാരികൾ ഉൽക്കണ്ഠാകുലരായിരിക്കുന്നു. ദൈവവിശ്വാസമില്ലാത്ത നഗരാധിപനും പോലീസ് ഉദ്യോഗസ്ഥന്മാരും ജനക്കൂട്ടത്തെ തടയുന്നു. നമ്മുടെ കുഞ്ഞിനെ ജയിലിൽ അടയ്ക്കുമെന്നു ഭീഷണിപ്പെടുത്തിയതു കേട്ടില്ലേ? മസാബിയൻപ്രദേശത്തു് ആരും കാലുകുത്തരുതെന്നു് ഒരു നിയമം ഉണ്ടാക്കിയിരിക്കുന്നു. അതു മുൻസിപ്പൽ സ്ഥലമാണുപോലും!

സുബീറാ: ദൈവമാതാവിനെ കാണുന്നതിനു സമ്മാനം ഇതാണെങ്കിൽ മകൾ ദൈവമാതാവിനെ കാണാതിരിക്കയായിരുന്നു നല്ലതു്. ഇതാ വരുന്നു പോലീസുദ്യോഗസ്ഥന്മാർ.

ലൂയിസാ:- എന്റെ മോളെ അവർ പിടിച്ചുകൊണ്ടുപോകുമോ? മാതാവേ, രക്ഷിക്കണേ. (ഭരണാധികാരിയും പോലീസ് ഉദ്യോഗസ്ഥനും പ്രവേശിക്കുന്നു)

ഭരണാധികാരി: സുബീറാ, താങ്കളും ഭാര്യയും അകത്തേക്കു പോകണം. നിങ്ങളുടെ കുട്ടി മായാദർശനംകണ്ടു ഭ്രാന്തിയായിരിക്കുന്നു. അവളോടു ചിലതെല്ലാം ചോദിച്ചറിയാനുണ്ടു് ഞങ്ങൾക്കു്. കുഞ്ഞു് ഇങ്ങു വരൂ. (തഴുകിക്കൊണ്ടു്) നല്ല കൊച്ചുമിടുക്കത്തി. ഇവളെയാണോ നിങ്ങൾ ഭ്രാന്തിയെന്നു പറയുന്നതു്. ഒരിക്കലുമല്ല, എന്തൊരു സൗന്ദര്യം. മകളേ, നീ ഒരിക്കലും കളവുപറയുകയില്ലല്ലോ.

ബെർണ: ഇല്ല, ഞാനൊരിക്കലും കളവുപറയുകയില്ല. അതു പാപമാണ്.

ഭരണാധികാരി: മിടുക്കത്തി. സാർ, എന്തൊരഴകു മുഖത്തിനു്.

ബെർണ: നിങ്ങൾ എന്തിനു മുഖസ്തുതിപറയുന്നു? ഞാൻ കണ്ട സുന്ദരിസ്ത്രീയെ നിങ്ങൾ കണ്ടിരുന്നെങ്കിൽ!

ഭരണാ: നീ ദൈവമാതാവിനെ കണ്ടുവെന്നാണോ പറയുന്നതു്.

ബെർണ: ദൈവമാതാവാണോ എന്നു് എനിക്കു് അറിഞ്ഞുകൂടാ. എഴുതുവാനോ വായിക്കുവാനോ അറിയുവാൻ പാടില്ലാത്ത ഒരു കുട്ടിയാണു ഞാൻ. വി. കുർബാന ഉൾക്കൊള്ളുന്നതിനുപോലും ഇതുവരെ സാധിച്ചിട്ടില്ല.

ഭരണാ: നീ എന്താണു് അവിടെ കണ്ടതു്?

ബെർണ: സുന്ദരിയായ ഒരു സ്ത്രീയെ. വെളുത്ത മേലങ്കി, ഒരു നീലപ്പട്ട, കൈയിൽ ഒരു കൊന്ത.

ഭരണാ: നീ കണ്ടതു വല്ല ഭൂതമായിരിക്കും. കഴിഞ്ഞ ദിവസം പോലീസുദ്യോഗസ്ഥന്മാർ നിന്റെകൂടെ ഉണ്ടായിരുന്നപ്പോൾ ആ ഭൂതം പ്രത്യക്ഷപ്പെട്ടില്ലല്ലോ. ദൈവമാതാവു് പോലീസുദ്യോഗസ്ഥന്മാരെ ഭയപ്പെടുമോ?

ബെർണ: അന്നു കണ്ടില്ല. എന്നാൽ ഞാൻ കണ്ടതു ഭൂതമല്ല.

ഭരണാ: നിന്റെ ദർശനങ്ങൾ വെറും മായയാണ്; സ്വപ്നങ്ങൾ. മൂടുപിടിച്ച തലച്ചോറിന്റെ കിനാവുകൾ.

ബെർണ: ആ സുമുഖിയെ പലപ്രാവശ്യം ഞാൻ ദർശിച്ചു. എല്ലായ്പോഴും എനിക്കു തെററുപററുമോ?

ഭരണാ: കിനാവുകൾ നിന്നെ കബളിപ്പിക്കുന്നു. പ്രത്യക്ഷപ്പെട്ടതായി നിനക്കു തോന്നുന്ന ആ സ്ത്രീ ഒരിക്കലും ജീവിച്ചിരിക്കുന്നില്ല.

ബെർണ: ആറുപ്രാവശ്യം ആ മനോഹരസ്ത്രീയെ ഞാൻ ദർശിച്ചു. ഗ്രോട്ടോയിൽ പോകുമ്പോൾ അത്യധികമായ സന്തോഷം അനുഭവപ്പെടാറുണ്ടു്.

ഭരണാ: കുട്ടീ, ഇതൊക്കെ വെറും മായ, കിനാവു്. നീ ഇനി ഗ്രോട്ടോയിൽ പോകരുതു്.

ബെർണ: പ്രഭോ അതു സാദ്ധ്യമല്ല. ഒരു കാന്തശക്തി എന്നെ അങ്ങോട്ടാകർഷിക്കുന്നു. പതിനഞ്ചുപ്രാവശ്യം അവിടെ ചെല്ലാമെന്നു ഞാൻ വാഗ്ദാനംചെയ്തിട്ടുണ്ടു്. അതു നിറവേററുകതന്നെ ചെയ്യും.

ഭരണാ: ഞാൻ നിന്നെ ജെയിലിൽ അടച്ചാലോ?

ബെർണ: ഞാൻ സഹിക്കും; എന്റെ കാലുകൾക്കു സ്വാതന്ത്ര്യമുണ്ടെങ്കിൽ ഞാൻ ഗ്രോട്ടോയിൽ പോകും. അങ്ങു വിചാരിക്കുന്നതുപോലെ ഈലോകത്തിൽ ഒരു പ്രതിഫലവും ഞാൻ ആഗ്രഹിക്കുന്നില്ല.

ഭരണാ: (ആത്മഗതം) ഞാൻ ഈ കുട്ടിയിൽ കളങ്കം കാണുന്നില്ല. കാര്യം വാസ്തവമായിരിക്കാം. എന്തൊരു പരമാർത്ഥത. യാതൊരു കൂസലുമില്ല. പഠിപ്പില്ലാത്ത കുട്ടി എത്ര ഭംഗിയായി സംസാരിക്കുന്നു. മാനസികഭ്രമത്തിന്റെ ഒരു കണികയുമില്ല. (പ്രകാശം) സാർ, താങ്കളൊന്നു ചോദിക്കൂ.

പോലീസുദ്യോഗസ്ഥൻ: (കോപത്തോടെ) ബെർണദീത്താ മാറിനില്ക്കു. ഒരു പോലീസാണു നിന്നോടു ചോദിക്കുന്നതു്, മനസ്സിലാക്കിക്കൊള്ളൂ. നീ കണ്ട ആ സ്ത്രീയുടെ അരയിൽ ചുവന്ന ചരടും തലയിൽ നീലവസ്ത്രവും ഉണ്ടായിരുന്നുവെന്നു പറഞ്ഞുവല്ലോ. അത്തരം വല്ല പടവും നീ കണ്ടിട്ടുണ്ടോ?

ബെർണ: ഞാൻ കണ്ട സ്ത്രീയുടെ അരയിൽ നീലപ്പട്ടയും തലയിൽ ഒരു വെള്ളമേലങ്കിയുമാണുണ്ടായിരുന്നതു്.

പോലീസ്: ശരി, കള്ളി. നീ ഭരണാധികാരിയോടു പറഞ്ഞതു് ആ സ്ത്രീയുടെ അരയിൽ ചുവന്ന ചരടും തലയിൽ പച്ചമേലങ്കിയുമെന്നല്ലേ. ഇപ്പോൾ പറയുന്നു നീലമേലങ്കിയെന്നു്.

ബെർണ: അരയിൽ നീലപ്പട്ടയും തലയിൽ വെള്ളമേലങ്കിയുമെന്നേ ഞാൻ പറഞ്ഞിട്ടുള്ളൂ.

പോലീസ് (ഉഗ്രമായ കോപത്തോടെ) എടീ കള്ളിപ്പെണ്ണേ. നിന്നെ ഞാൻ ജയിലിൽ അടയ്ക്കും. ചാട്ടവാറുകൊണ്ടു് അടിക്കും. അല്ലെങ്കിൽ, ഇനിമേലിൽ മസാബിയായിൽ പോകയില്ലെന്നു നീ ശപഥം ചെയ്യണം.

ബെർണ: ഇല്ല. അവിടെ ചെല്ലാമെന്നു ഞാൻ വാഗ്ദാനംചെയ്തിട്ടുണ്ടു്. എനിക്കതു നിറവേററുകതന്നെ വേണം.

പോലീസ്: എടീ ധിക്കാരീ, ഇപ്പോൾത്തന്നെ ഞാൻ നിന്നെ ശരിയാക്കും. (അടിക്കുവാൻ കൈ ഓങ്ങുന്നു) ആറുദിവസത്തേക്കു നീ അവിടെ ചെല്ലാമെന്നു പറഞ്ഞിട്ടുണ്ടല്ലോ. പതിനഞ്ചുതവണ ഇതിനകം നീ ആ സ്ത്രീയെ കണ്ടുവല്ലേ. അരയിൽ പച്ചചരടുതന്നെയായിരുന്നു എല്ലായ്പ്പോഴുമല്ലേ.

ബെർണ: ഞാൻ പറഞ്ഞതു് ആറുപ്രാവശ്യം ആ സ്ത്രീയെ കണ്ടുവെന്നും പതിനഞ്ചുദിവസം അവിടെ ചെല്ലാമെന്നു വാഗ്ദാനംചെയ്തിട്ടുണ്ടെന്നുമാണ്. അരയിൽ നീലപ്പട്ട. തലയിൽ വെള്ളമേലങ്കി. കൈയിൽ കൊന്ത.

പോലീസ്: പെണ്ണേ, നിന്നോടു ചെണ്ടാശ്രംപറഞ്ഞു നില്ക്കുവാൻ ഞങ്ങൾക്കു നേരമില്ല. നീ കാണുന്നതൊക്കെ കിനാവാണ്. നിനക്കു പിച്ചുംപേയും വന്നിരിക്കുന്നതു നീ അറിയുന്നില്ല. നഗരവാസികളെ നീ വഞ്ചിക്കുന്നു. ഗൗരവമേറിയ കുററമാണു നിന്റേതു്.

ബെർണ: ഞാൻ പറഞ്ഞതു മുഴുവനും പരമാർത്ഥമാണ്, സത്യം മാത്രം.

പോലീസ്: സത്യംപോലും. സത്യം...എടീ, സത്യമെന്നൊന്നു നിന്റെ നാവിൽനിന്നു പുറത്തുവന്നിട്ടുണ്ടോ?

ബെർണ: (കരഞ്ഞുകൊണ്ടു്) ഹാ, എന്റെ മാതാവേ, ഇവർ പറയുന്നതു് അങ്ങു കേൾക്കുന്നില്ലേ. (ഗൗരവത്തോടെ) ഞാൻ കണ്ടതു കണ്ടില്ലെന്നു പറയുവാൻ തയാറില്ല. നിങ്ങളുടെ ഭീഷണികളൊന്നും എന്നെ ഭയപ്പെടുത്തുന്നില്ല. ആ സ്ത്രീയുടെ സ്മരണതന്നെയാണ് കുട്ടിയായ എനിക്കുള്ള ആലംബം.

പോലീസ്: ആ സ്ത്രീയെപ്പററി ഇനിയൊരക്ഷരം മിണ്ടിപ്പോകരുതു്. നിന്റെ നാവു് ഞാൻ പിഴുതെടുക്കും. ഹാ, ഭയങ്കരം! പല കൊലപാതകികളേയും ഞാൻ കണ്ടിട്ടുണ്ടു്. പക്ഷേ, ഇങ്ങനെയൊരു ജീവിയെ നല്ലപ്പളാ കാണുന്നതു്.

ഭരണാധി: കുഞ്ഞേ, നീ കണ്ട സ്ത്രീ നിന്റെ അമ്മയെപ്പോലെ ചുവന്ന വസ്ത്രവും പച്ചപ്പട്ടയും നീലമേലങ്കിയുമല്ലേ ധരിച്ചിരുന്നതു്. അതു മായയായിരിക്കാം. അതുകൊണ്ടു കുഞ്ഞേ ഗ്രോട്ടോയിൽ പോകേണ്ട. പോയാൽ ഞങ്ങൾക്കു ശിക്ഷിക്കാതെ നിവൃത്തിയില്ല.

പോലീസ്: നിന്നെ ഞങ്ങൾ ജയിലിലടയ്ക്കും; നിന്നെ ഞങ്ങൾ ഇടിക്കും; കുന്തംകൊണ്ടു കുത്തും.

ബെർണ: ഞാൻ യാതൊരു ഗവമ്മെൻറു നിയമവും ലംഘിച്ചിട്ടില്ലല്ലോ.

പോലീസ്: ധിക്കാരി, നിയമം ലംഘിച്ചില്ലപോലും. സർക്കാരു ഭൂമിയിൽ നീ പ്രവേശിക്കുന്നു. നിന്റെ കപടദർശനങ്ങൾ കാണുവാൻ ജനങ്ങൾ വന്നുകൂടുന്നു. സമാധാനഭഞ്ജനം വരുമെന്നു വിചാരിക്കുവാൻ ന്യായമുണ്ടു്. അതിനാൽ ഗ്രോട്ടോസന്ദർശനം നിറുത്തണം.

ബെർണ: അതു സാദ്ധ്യമല്ല. ജീവനുള്ളിടത്തോളംകാലം ഞാൻ പോകും. നിങ്ങളുടെ ചങ്ങലകളും ജയിലഴികളും എനിക്കു പ്രതിബന്ധമാകയില്ല. ആ സ്ത്രീ എന്റെ ഹൃദയത്തിനു കരുത്തു തരുന്നുണ്ടു്. ഞാൻ പോകും.

[ശേഷം 15-ാംപേജിൽ]



# പോത്തനാമൂഴിതിരുമനസ്സിലെജീവചരിത്രം



തിരുമനസ്സിലെ വത്സലപിതാവു്



നവവൈദികൻ



തിരുമനസ്സിലെ വത്സലമാതാവു്

ആരക്കുഴ ഫൊറോനാ ഇടവകയിലെ ഒരു പുരാതനകുടുംബാംഗമായ പോത്തനാമൂഴി വക്കി മത്തായി, ടി ഇടവക മണിയാട്ടു് ഉലഹന്നാൻ മകൾ മറിയം എന്നീ ദമ്പതിമാരുടെ കനിഷ്ഠപുത്രനായി 1903 ഡിസംബർ 22-ാംനു- തിരുമനസ്സുകൊണ്ടു് ഭൂജാതനായി.

പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം തിരുമനസ്സുകൊണ്ടു് വാഴക്കുളം, പാവർട്ടി, മൂവാററുപുഴ, ആലുവാ എന്നീ സ്ഥലങ്ങളിൽ വിദ്യാഭ്യാസം നിർവ്വഹിച്ചു. 1923 ജൂൺമാസത്തിൽ എറണാകുളത്തെ തിരുഹൃദയപെററിസെമ്മിനാരിയിൽ വൈദികവിദ്യാർത്ഥിയായി ചേർന്നു. പിറേറക്കൊല്ലം ജനുവരിമാസത്തിൽ കാൺഡി പേപ്പൽസെമ്മിനാരിയിൽ ചേർന്നു് വൈദികവിദ്യാഭ്യാസം തുടർന്നു് 1932 ഒക്ടോബർ 2-ാംനു- വൈദികപട്ടം സ്വീകരിച്ചു. അവിടെ നിന്നു തിരുമേനി പി എച്ചു്. ഡി. ഡി. ഡി. എന്നീ ഉന്നത ബിരുദങ്ങൾ നേടി

ആദ്യമായി സ്വന്തം ഇടവകയിൽ റെ ബ. പുതുശ്ശേരി അന്തോണിയച്ചൻെറ (പിന്നീടു് സെലെസ്റ്റിൻ സി. ഡി.) അസിസ്റ്റന്തിയായി മൂന്നുമാസം ജോലി നോക്കി. അതിനുശേഷം ഒരു വർഷം പറവൂർ കോട്ടുവള്ളിപ്പള്ളിയിൽ അസിസ്റ്റന്തിയായും പ്രോ. വികാരിയായും ഭരണം നടത്തുകയുണ്ടായി. തുടർന്നു് തിരുവനന്തപുരത്തെ കാലംചെയ്ത മെത്രാപ്പോലീത്താ മാർ ഈവാനിയോസ് തിരുമനസ്സിലെ ആഗ്രഹമനുസരിച്ചു് അദ്ദേഹത്തിൻെറ പ്രൈവററു സിക്രട്ടറിയും സെമ്മിനാരിറെക്ടറുമായി 5 വർഷത്തേക്കു സേവനമനുഷ്ഠിച്ചു. റോമിൽ പോയി കാനൻനിയമം പഠിക്കുന്നതിനു കാലംചെയ്ത കണ്ടത്തിൽ മാർ ആഗസ്തീനോസ് തിരുമേനിയാൽ അദ്ദേഹം നിയുക്തനായെങ്കിലും രണ്ടാംലോകമഹായുദ്ധം തുടങ്ങിയതിനാൽ അതിനു കഴിഞ്ഞില്ല. പിന്നീടു് തിരുമനസ്സുകൊണ്ടു പെരുമാനൂർ, നെല്ലിമററം, തൃപ്പൂണിത്തുറ, കിഴക്കമ്പലം എന്നീ പള്ളികളിൽ വികാരിയായി ജോലിചെയ്തു.

കിഴക്കമ്പലത്തു വികാരിയായിരുന്നപ്പോഴാണു് 1945 ജൂൺമാസത്തിൽ എറണാകുളം അതിരൂപതാ വികാരിജനറലായി നിയമിതനായതു്. പ്രസ്തുത ഉദ്യോഗത്തിൽ ആയിരിക്കുമ്പോൾ 1950-ൽ ബാംഗളൂരിൽവച്ചു നടന്ന പ്രാദേശികസൂനഹദോസിൽ, കാലംചെയ്ത പിതാവിൻെറ പ്രതിനിധിയായി സംബന്ധിച്ചു. മെത്രാൻ സ്ഥാനചിഹ്നങ്ങളോടുകൂടി പൊന്തിഫിക്കൽ കർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനുള്ള പ്രത്യേകാനുമതി 1952-ൽ തിരുസിംഹാസനത്തിൽനിന്നു നൽകി. 1954 ഡിസമ്പറിൽ ബോംബെയിൽവച്ചു നടന്ന മരിയൻജൂബിലിയാഘോഷം സംബന്ധിച്ചു്, പരിശുദ്ധപിതാവു് നിയോഗിച്ച പേപ്പൽപ്രതിനിധിസംഘത്തിൽ കാർഡിനൽ വലേരിയൻ ഗ്രേഷ്യസ് തിരുമനസ്സിലെ അകമ്പടിസേവകന്മാരിൽ (Papal Legate's Suite) ഒരാളായിരുന്നു തിരുമേനി. കാലംചെയ്ത അഭിവന്ദ്യ തിരുമേനിയുടെ സഹായമെത്രാനായ റൈററു് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമേനി വികാരിജനറൽസ്ഥാനം ഏറെറടുത്തപ്പോൾ കഥാപുരുഷൻ വാഴക്കുളംപള്ളിയുടെ വികാരിയായി നിയമിക്കപ്പെട്ടു. 1954-ൽ ഡൊമസ്റ്റിക് പ്രിലേററുസ്ഥാനം പരിശുദ്ധപിതാവിൽനിന്നു് തിരുമേനിക്കു ലഭിച്ചു. മൂവാററുപുഴ നിർമ്മലകോളെജിൻെറ സ്ഥാപനത്തിനു കണ്ടത്തിൽ മാർ ആഗസ്തീനോസ് തിരുമനസ്സിലെ നിർദ്ദേശപ്രകാരം മുൻകൈയെടുത്തു പ്രവർത്തിച്ചവരിൽ ഒരാളാണു മെത്രാൻ തിരുമേനി. ആരംഭത്തിൽ അദ്ദേഹം കോളേജ് മാനേജിംഗ്ബോർഡിൻെറ പ്രസിഡൻറായിരുന്നു. പിന്നീടു്, അതിൻെറ വൈസ്പ്രസിഡൻറും വാഴക്കുളംപള്ളി വികാരിയുമായി ജോലിനോക്കിവരവെയാണു് മെത്രാൻസ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെട്ടതു്.

—o—



1932-ൽ കാൺഡി പേപ്പൽ സെമ്മിനാരിയിൽവച്ചു വൈദികപട്ടസ്വീകരണം.
(നില്ക്കുന്നവരുടെ ഒന്നാംനിരയിൽ നാലാമത്തേതു്)



തിരുമേനിയും തിരുമേനിയുടെ ഏകസഹോദരനും മൂന്നു സഹോദരിമാരും. തിരുമേനിയുടെ വലത്തുവശത്തിരിക്കുന്നതു മാതുലപുത്രൻ ഫാദർ വർഗ്ഗീസ് മണിയാട്ടും, ഇടത്തുവശത്തു സഹോദരീപുത്രൻ ഫാദർ മാത്യു കാക്കനാട്ടും

## റഷ്യാക്കാരൻെറ അഭ്യർത്ഥന

ഈയിടെ ഇററലി സന്ദർശിച്ച റഷ്യൻ സഞ്ചാരികളിലൊരാൾ റോമയിലെ ഒരു പത്രലേഖകൻ വശം "മി. പന്ത്രണ്ടാം പീയൂസി"നു് ഒരു കത്തു കൊടുക്കുകയുണ്ടായി. "സിവിൽത്താ കത്തോലിക്കാ" എന്ന മാസികയിൽ ഇപ്പോൾ അതു പ്രസിദ്ധം ചെയ്തിട്ടുണ്ടു്. അതിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു: "മുതലാളിത്തരാജ്യങ്ങൾ കണ്ടതിൽ റഷ്യൻ സഞ്ചാരികൾക്കു സന്തോഷമുണ്ടു്. നിങ്ങളുടെ ജനങ്ങളുടെ സമ്പത്തു ഞങ്ങളെ അത്ഭുതപ്പെടുത്തുന്നു. ഞങ്ങളുടെ നാട്ടിൽ എവിടെയും പട്ടിണിയാണു ഭരണം നടത്തുന്നതു്. ദേശീയ വരുമാനം മുഴുവൻ സൈന്യത്തിൻെറയും പോലീസിൻെറയും സംരക്ഷണത്തിനായി ചെലവഴിക്കപ്പെടുന്നു. റഷ്യയിലെ ചെറുനഗരങ്ങളിൽ ദാരിദ്ര്യവും പട്ടിണിയും നടമാടുന്നു. തൊഴിലാളിക്കു പ്രതിമാസം 500-ം 600-ം റൂബിൾ സാണു കൂലി. പട്ടണങ്ങളിലും ഭവനങ്ങളിലും സംഖ്യയില്ലാതെ ഏയർ റെയിഡ് ഷെൽട്ടറുകൾ നിർമ്മിക്കപ്പെടുന്നു. ഫാക്ടറികളിലും ആഫീസുകളിലും മിലിട്ടറി ക്ലബ്ബുകൾ രൂപവത്കരിക്കപ്പെടുന്നു. അവയിൽ സംബന്ധിക്കുവാൻ പൗരന്മാർ നിർബന്ധിക്കപ്പെടുന്നു. വഞ്ചകനായ സർവാധിപതി ക്രൂഷ്ചെവു് പറഞ്ഞ കള്ളങ്ങളെ വിശ്വസിക്കാതിരുന്ന പന്ത്രണ്ടാം പീയൂസും, ഐസനോവറും, അഡനോവറും ബുദ്ധിമാന്മാരാകുന്നു..."

## ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരിയുടെ പ്രശസ്തരായ രണ്ടു് അംഗങ്ങൾ ഈയിടെ ഓഹിയോയിൽവെച്ചു് സമ്മേളിക്കുകയുണ്ടായി. ലീജിയൻ ഓഫ് മേരിയുടെ സ്ഥാപകനായ മി. ഫ്റാങ്ക് ഡഫും, ചൈനായിൽ ലീജിയനുവേണ്ടി വളരെയധികം യത്നിച്ചിട്ടുള്ള ബിഷപ്പു് കൊവാൻസ്കി തിരുമേനിയും. 1956-ലെ മരിയനിസ്റ്റു് അവാർഡ് സ്വീകരിക്കുന്നതിനായിട്ടാണു് മി. ഡഫ് ഓഹിയോയിലെത്തിയതു്. "ലോകത്തിലെ സാധാരണ ജനങ്ങൾ തങ്ങളെത്തന്നെ മറിയത്തോടു കൂടി യോജിപ്പിക്കുന്നപക്ഷം, ഇന്നത്തെ ഈ അന്ധകാരയുഗത്തിൽ, അവർക്കു മറിയത്തിൽനിന്നു പൂർണ്ണമായ ശക്തിയും ബലവും സമാർജ്ജിക്കുവാൻ കഴിയും" എന്നു മി. ഡഫ് പ്രസ്താവിച്ചിരിക്കുന്നു. ചൈനീസ് കത്തോലിക്കരുടെ അസാധാരണമായ വിശ്വാസസ്ഥൈര്യത്തിനു നിദാനം ഇതുതന്നെയാണെന്നു ബിഷപ്പു് കൊവാൻസ്കി പിന്നീടു പ്രസ്താവിക്കുകയുണ്ടായി. എല്ലാ വരപ്രസാദങ്ങളുടെയും മദ്ധ്യസ്ഥയായ മറിയത്തിൻെറ ഒരു സ്വരൂപത്തിനുമുൻപിൽ 15 പേർകൂടി 35 കൊല്ലം മുൻപു് ആരംഭിച്ച ലീജിയൻ ഓഫ് മേരിക്കു് ഇന്നു് കോടിക്കണക്കിനു് അംഗങ്ങളുണ്ടു്.

—o—


ഹോട്ടൽ പാലസ്

ബോർഡിംഗ് & ലോഡ്ജിംഗ്

നവീനരീതിയിലുള്ള സജ്ജീകരണങ്ങൾ

ഹൈറേഞ്ചു് കവല,
കോതമംഗലം.

സെനിത്തു് സ്റ്റുഡിയോ & സ്കൂൾ ഓഫ് ആർട്ട്സ്, കോതമംഗലം

സ്കൂൾ ഓഫ് ആർട്ട്സിൽ അടുത്തബാച്ചു് ഡ്രായിംഗും പെയിൻറിംഗും ക്ലാസ്സുകൾ (ലോവർ & ഹയർ) ജനുവരി 15-ാം തിയ്യതി ആരംഭിക്കുന്നു.

വിവരങ്ങൾക്കു്:
മാനേജർ, സെനിത്തു് സ്റ്റുഡിയോ.

# റൈററ് റവ. മോൺ. പോത്തനാമുഴി തിരുമനസ്സിലെ അഭിഷേകകർമ്മം



അഭിഷേകകർമ്മത്തിന്റെ പ്രധാനകാർമ്മികനായ അത്യുന്നത കർദ്ദിനാൾ തിസ്സരാങ്ങ് തിരുമേനി

കോതമംഗലം രൂപതയുടെ നിയുക്തമെത്രാൻ റൈററ് റവ. മാത്യു പോത്തനാമുഴി തിരുമനസ്സിലെ അഭിഷേകകർമ്മം കഴിഞ്ഞ നവമ്പർമാസം 18-ാംനു- ഞായറാഴ്ച 9 മണിക്ക് വി. പത്രോസിന്റെ ദേവാലയത്തിൽവച്ചു നടത്തപ്പെട്ടു. തിരുകർമ്മം നിർവ്വഹിക്കാനുള്ളവർ ബസ്ലീക്കായിലുള്ള സങ്കീർത്തിയിൽവച്ചു വിശുദ്ധവസ്ത്രങ്ങൾ അണിഞ്ഞശേഷം പ്രദക്ഷിണമായി ബസ്ലീക്കായ്ക്കകത്തുള്ള മാതാവിന്റെ അൾത്താരയിലേക്കു പുറപ്പെട്ടു. പ്രദക്ഷിണത്തിന്റെ ക്രമം ഇപ്രകാരമായിരുന്നു. ഏററവും മുമ്പിൽ തിരുക്കുരിശ്, അതിനു പിന്നിൽ രണ്ടു നിരയായി ചടങ്ങുകളിൽ ശുശ്രൂഷിച്ച പ്രൊപ്പഗാന്തായിലെ 14 വൈദികവിദ്യാർത്ഥികൾ, അതിനു പിന്നിലായി സ്ഥാനവസ്ത്രങ്ങൾ ധരിച്ച രണ്ടു വത്തിക്കാൻ സന്നദ്ധഭടന്മാർ. അതിനു പിന്നിൽ ചടങ്ങുകൾ നിയന്ത്രിച്ചിരുന്ന വത്തിക്കാനിലെ രണ്ടു മോൺസിഞ്ഞോറന്മാർ, (അവരിൽ ഒരാൾ പൗരസ്ത്യതിരുസംഘത്തിൽ മലബാറിലെ കാര്യങ്ങൾക്കുവേണ്ടി ജോലിചെയ്യുന്ന മോൺസിഞ്ഞോർ തെർസാരിയോൾ ആയിരുന്നു—അദ്ദേഹം കർദ്ദിനാൾ തിസ്സരാങ്ങ് തിരുമേനി മലബാർ സന്ദർശിച്ചപ്പോൾ തിരുമനസ്സിലെ സിക്രട്ടറിയായിരുന്നു) അതിനു പുറകിലായി തിരുകർമ്മങ്ങളിൽ സഹായിച്ച രണ്ടു മെത്രാപ്പോലീത്താമാർ, മോൺ: സീജിസ്മോന്തി, മോൺ: മീലിയോരീനി ഇവരുടെ മദ്ധ്യത്തിലായി മോൺ: പോത്തനാമുഴി തിരുമേനി മോൺ: സീജിസ്മോന്തി തിരുമേനി പ്രൊപ്പഗാന്താ തിരുസംഘത്തിന്റെ സെക്രട്ടറിയും, മോൺ: മീലിയോരീനി വി. തോമാശ്ലീഹായുടെ തിരുശരീരം സൂക്ഷിച്ചിരിക്കുന്ന സ്ഥലമായ ഓത്തോണായുടെ മെത്രാപ്പോലീത്തായുമാണ്. അതിനു പിന്നിലായി പ്രധാന കാർമ്മികൻ അത്യുന്നത കർദ്ദിനാൾ തിസ്സരാങ്ങ് തിരുമേനി.

പ്രദക്ഷിണം ബസ്ലീക്കായ്ക്കകത്തേക്കു പ്രവേശിച്ചപ്പോൾ 80-ൽ പരം അംഗങ്ങൾ വരുന്ന പ്രൊപ്പഗാന്താ കോളേജിലെ ഗായകസംഘം 4 പാർട്ടുകളുള്ള "Ecce Sacerdos Magnus" (ഇതാ പുരോഹിതശ്രേഷ്ഠൻ) എന്ന ഗാനം ആലപിച്ചു. ആരംഭപ്രാർത്ഥനകൾക്കുശേഷം പതിവുപോലെ രണ്ടു അൾത്താരകളിലായി പ്രധാന കാർമ്മികനും മോൺ:പോത്തനാമുഴിതിരുമേനിയും ദിവ്യബലിആരംഭിച്ചു. ദിവ്യബലിയുടെ പലഅവസരങ്ങളിലായുണ്ടായിരുന്ന വിവിധശുശ്രൂഷക്രമങ്ങളിൽ വിശുദ്ധതൈലംകൊണ്ടു് പുതിയ മെത്രാനെ അഭിഷേകം ചെയ്യുകയും വേദപുസ്തകം ചുമലിൽ വയ്ക്കുകയുംചെയ്തതോടുകൂടി ദൈവവചനം പ്രസംഗിക്കാനുള്ള അധികാരത്തോടുകൂടിയ ക്രിസ്തുവിന്റെ ഒരപ്പസ്തോലൻ തിരുസഭയ്ക്കു നൽകപ്പെട്ടു. പുതിയ കോതമംഗലംരൂപതയ്ക്കു ഒരിടയൻ അഭിഷിക്തനായി.



തിരുമേനി പൂനാ സെമ്മിനാരിയിൽ വിശ്രമിച്ചു



തിരുമേനി റോമിലെ വിമാനത്താവളത്തിൽ ഇറങ്ങുന്നു

ചടങ്ങുകളുടെ അവസാനഭാഗത്തു് കർദ്ദിനാൾതിരുമേനി പുതിയ മെത്രാൻതിരുമേനിയെ സ്ഥാനചിഹ്നങ്ങളായ വടിയും മുടിയും ധരിപ്പിച്ചു് സിംഹാസനത്തിൽ ഇരുത്തി. പുതിയ മെത്രാൻ കർദ്ദിനാൾ തിരുമേനിക്കും മററു മെത്രാപ്പോലീത്താമാർക്കും സമാധാനത്തിന്റെ ആലിംഗനങ്ങൾ (Osculum Pacis) നൽകിയശേഷം ബസ്ലീക്കായിൽ തിങ്ങിക്കൂടിയിരുന്ന ജനങ്ങളുടെ മദ്ധ്യത്തിലേക്കിറങ്ങി എല്ലാവരേയും ആശീർവ്വദിച്ചു. ചടങ്ങുകൾ കഴിഞ്ഞു് സങ്കീർത്തിയിൽ പ്രദക്ഷിണമായി തിരിച്ചെത്തിയപ്പോൾ സുസ്മേരവദനനായ കർദ്ദിനാൾതിരുമേനി നവമെത്രാനെ അനുമോദിച്ചു. ബസ്ലീക്കായിൽ അനേകായിരം ജനങ്ങൾ കൂടിയിരുന്നു. ഇററലിയിലെ ഇൻഡ്യൻ സ്ഥാനപതി മി. ജോൺ തിവിയും കുടുംബവും കൂടാതെ സ്ഥാനപതിമന്ദിരത്തിലെ മററുപലഉദ്യോഗസ്ഥന്മാരും ചടങ്ങിൽ സംബന്ധിച്ചു. 100-ൽപ്പരം ഇന്ത്യൻ വൈദികരും വൈദികവിദ്യാർത്ഥികളും അഭിഷേകകർമ്മങ്ങളിൽ പങ്കുകൊണ്ടു.

നവമെത്രാന്റെ ബഹുമാനാർത്ഥം ഒരു മണിക്ക് ഡമേഷേനോ കോളേജിൽ വെച്ചു നടത്തിയ വിരുന്നിൽ കർദ്ദിനാൾ തിസ്സരാങ്ങ് തിരുമേനി, മെത്രാപ്പോലീത്താമാർ കിയക്കൽസ്, പിസാനി, സീജിസ്മോന്തി, മീലിയോരീനി ഇവരെക്കൂടാതെ 80-ഓളം വൈദികരും അൽമായരും സംബന്ധിച്ചു. പെ: ബ: പ്ലാസിഡ് ടി. ഒ. സി. ഡി., ബ: സിറിൽ ബർണ്ണാർദ്ദ് ഒ. സി. ഡി., ബ: വർഗ്ഗീസ് വിതയത്തിൽ (റെഡംപ്ററിസ്റ്റ്) ഇവരും അമ്പാസിഡർ അവർകൾ, എറണാകുളം സ്വദേശി ഡോ. ജോസഫ് ജോബ് പുത്തരിക്കൽ മുതലായവരും വിരുന്നിൽ പങ്കുകൊണ്ടു. തദവസരത്തിൽ നവാഭിഷിക്തനായ മെത്രാൻ തിരുമേനിയെ അനുമോദിച്ചുകൊണ്ടുനടത്തിയ ടോസ്റ്റ് പ്രസംഗത്തിനു തിരുമേനി സമുചിതമായി മറുപടി പറഞ്ഞു. (പ്രസംഗം അന്യത്ര)



അഭിഷേകം സ്വീകരിക്കുവാൻ നിയുക്തമെത്രാൻതിരുമേനി റോമിലേക്കു യാത്രതിരിക്കുന്നു

## രണ്ടാമത്തു് ഒരു സെററുകൂടി

തൃശ്ശൂർ രൂപതയിൽ ദി ലിററിൽഫ്ളവർ കോൺവെൻറ്, മമ്മിയൂർ, P. O. ഗുരുവായൂർ കന്യാസ്ത്രീമഠത്തിന്റെ പുതിയ പള്ളിയുടെ അൾത്താരയിലേക്കു് 1500 രൂപയോളം വിലവരുന്ന പവൻനിറത്തിൽ ഓടുകൊണ്ടു് സക്രാരി, സിംഹാസനം, തിരിക്കാലുകൾ, പൂപ്പാത്രങ്ങൾ മുതലായവ 23-1-54-ൽ വാങ്ങിയിട്ടുള്ളതിനും പുറമെ, അവിടത്തെ ബ: മദർസുപ്പീരിയറിന്റേയും ബ: പ്രിൻസിപ്പാളമ്മയുടേയും മററു ബ: സഹോദരിമാരുടേയും വളരെ നല്ല അഭിപ്രായമനുസരിച്ചു് പുതിയ കോളേജിന്റെ ചാപ്പലിലേക്കും 800 രൂപയോളം വിലവരുന്ന ചെറിയതും പുതിയ മോഡലിലുള്ളതുമായ സക്രാരി, സിംഹാസനം മുതലായതു് പവൻനിറത്തിലുള്ള ഓടുകൊണ്ടു തന്നെ 6-10-56-ൽ രണ്ടാമതു ഒരു സെററുകൂടി വാങ്ങിയിരിക്കുന്നു. (രണ്ടുപ്രാവശ്യവും വില യേറിയ സർട്ടിഫിക്കററുകൾ കിട്ടിയിട്ടുള്ളതുമാണ്.)

A. N. T. Joseph, Metal Works, Valapad

PHONE 157
C.K. LONAPPAN & BROS,
JEWELLERS, ERNAKULAM.

# പരിശുദ്ധപിതാവുമായുള്ള കൂടിക്കാഴ്ച

(പി. ജോസഫ്, റോം)

മെത്രാൻപട്ടാഭിഷേകം കഴിഞ്ഞു് രണ്ടാംദിവസം അതായതു് നവമ്പർ 20-ാംതീയതിയായിരുന്നു പ്രസ്തുത സന്ദർശനം. പതിനൊന്നേകാൽ മണിക്കു് സ്ഥലത്തെത്തിയിരിക്കണമെന്നു് നേരത്തേ അറിയിച്ചിരുന്നു. അതനുസരിച്ചു് അഭിവന്ദ്യ മെത്രാനച്ചൻ തിരുമേനി, പെ. ബ. പ്ലാസിഡച്ചൻ, റവ. ഫാദേഴ്സ് ജോൺ മാതേയ്ക്കൽ, ജോസഫ് വടക്കുഞ്ചേരി, ജോസഫ് കോയിക്കക്കുടി, മി. ചെറിയാൻ ഇലഞ്ഞിക്കൽ ഇവരും ലേഖകനും വത്തിക്കാൻ അരമനയിലെത്തി. അരമനയിലേക്കു കേറുന്ന വലിയ വാതലിന്റെ പേരു "പോർത്തോണെ ദി ബ്രോൺസോ" അതായതു് പിച്ചളകൊണ്ടുള്ള വാതിൽ എന്നാണു്. അവിടം മുതൽ പല ഭാഗങ്ങളിലായി സ്വിസ്സ്ഗാർഡുകൾ വേഷഭൂഷിതരായി കാവൽ നില്ക്കുന്നുണ്ടു്. മെത്രാൻതിരുമേനിയെയും സംഘത്തെയും കണ്ടഉടനെ അവർ പട്ടാളമുറയ്ക്കു ആചാരം ചെയ്തിരുന്നു. പല പല വലിയ മുറികൾ കടന്നു് സന്ദർശനസ്ഥലത്തിന്റെ ഏകദേശം അടുത്തെത്തി.

ഒരിൻഡ്യാക്കാരനായ നവമെത്രാനെ കാണുവാൻ ജനങ്ങൾ പ്രത്യേകം ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. കൂടാതെ ജനങ്ങളെ പ്രത്യേകം ആകർഷിച്ചിരുന്ന വേറൊരു കാര്യം നമ്മുടെ മി. ചെറിയാൻ ധരിച്ചിരുന്ന നാടൻ മുണ്ടും ഷർട്ടും കശവുനേരിയതുമാണു്. മോതിരവുംകൂടി ധരിച്ചിരുന്ന മി. ചെറിയാൻ കടന്നുപോകുമ്പോൾ ചിലർ പിറുപിറുക്കുന്നതു കേൾക്കാം "ഇതാ ഒരു രാജാവു കടന്നുപോകുന്നു" എന്നു്. കശവുകൊണ്ടും മററുമുള്ള വസ്ത്രങ്ങൾ അണിഞ്ഞ ഇൻഡ്യൻ രാജാക്കന്മാരെ യൂറോപ്യർ സിനിമായിലും മററും കണ്ടിട്ടുണ്ടായിരിക്കണം. ഇതിലും രസകരമായ വേറൊരു കാര്യം ചിലർ അദ്ദേഹത്തിന്റെ മോതിരം മുത്താൻ ഓടിവരികയുണ്ടായി എന്നുള്ളതാണു്. അതിനും കാരണമില്ലായ്കയില്ല. അതായതു്, പരി. പിതാവിനെ ലത്തീൻ റീത്തിലെ മെത്രാന്മാർ മാത്രമല്ല പൗരസ്ത്യറീത്തിൽപെട്ട—പൗരസ്ത്യരീതിയിലുള്ള വസ്ത്രം ധരിക്കുന്ന—മെത്രാന്മാരും സന്ദർശിക്കാറുണ്ടു്. ചിലർ വിചാരിച്ചിരുന്നിരിക്കണം ഇദ്ദേഹവും ഒരു മെത്രാനായിരിക്കണമെന്നു്.

സന്ദർശനസമയമായപ്പോൾ മുറിയുടെ അടുക്കലേക്കു് ഞങ്ങളെ കൂട്ടിക്കൊണ്ടുപോയി. ആദ്യം മെത്രാൻതിരുമേനിക്കു തനിച്ചു് സന്ദർശനം അനുവദിച്ചു. തിരുമേനിയെ കണ്ടഉടനെ പരി. പിതാവു് സ്നേഹപൂർവ്വം നവാഭിഷിക്തനെ ആലിംഗനം ചെയ്തു. അതിനുശേഷം രണ്ടുപേരും ഇരുന്നു് സംഭാഷണം ആരംഭിച്ചു. മിസ്സത്തിന്റെ കാര്യങ്ങളെക്കുറിച്ചു പലതും പരി. പിതാവു് ചോദിക്കുകയുണ്ടായി. "ആ ചോദ്യങ്ങളുടെ രീതിയിൽ നിന്നു വെളിവാകും ഓരോ വ്യക്തിയിലും. ഓരോ മിസ്സത്തിലും, പരി. പിതാവിനുള്ള താല്പര്യം" എന്നു് സന്ദർശനം കഴിഞ്ഞിറങ്ങിയ തിരുമേനി ഞങ്ങളോടു പറയുകയുണ്ടായി.

പരി പിതാവു് മലബാർ കത്തോലിക്കരുടെ കുടുംബജീവിതത്തെപ്പററി പ്രത്യേകം അന്വേഷിച്ചു. കുടുംബത്തിലെ ജീവിതം പരിശുദ്ധികരമാണോ, ദൈവത്തിന്റെയും മതത്തിന്റെയും കാര്യത്തിൽ വലിയ താല്പര്യമുള്ളവരാണോ വിശ്വാസികൾ എന്നു് പരി: പിതാവു് ആരാഞ്ഞു. അതിനു മറുപടിയായി മെത്രാൻ തിരുമേനി പറഞ്ഞു: "ദിവസവും ദിവ്യബലിയിലും ഇതരതിരുക്കർമ്മങ്ങളിലും മററും സംബന്ധിക്കുന്നതിനു ഞങ്ങൾ ശുഷ്കാന്തിയുള്ളവരാണു്. കൂടാതെ ദിവസേന കൊന്തനമസ്കാരം കുടുംബത്തിലുള്ളവർ ഒന്നിച്ചു ചൊല്ലുന്നതിനു മുടക്കം വരുത്തുന്നില്ല" എന്നു്. അതു കേട്ടപ്പോൾ മാർപ്പാപ്പാ തിരുമേനി വളരെ സന്തുഷ്ടനായി ഇപ്രകാരം പറഞ്ഞു: "I am very glad to hear that and that is also a consoling news for me."— ഇതു കേൾക്കാൻ എനിക്കു വളരെ സന്തോഷമുണ്ടു്; ആശ്വാസകരമായ ഒരു വാർത്തയാണിതു്.

മെത്രാൻതിരുമേനി ആനക്കൊമ്പുകൊണ്ടു മാർപ്പാപ്പായുടെ രൂപം കൊത്തിയിട്ടുള്ള ഒരു കാസ്കററു മാർപ്പാപ്പായ്ക്കു തിരുമുൽക്കാഴ്ച വച്ചു. അതിനുള്ള മൂന്നുവലിപ്പുകളിൽ ഓരോന്നിലും ചന്ദനം, കുരുമുളകു്, ആനക്കൊമ്പു് ഇവകൊണ്ടുള്ള ഓരോ കൊന്തയും നിക്ഷേപിച്ചിരുന്നു. അവ തുറന്നുകാണിച്ചുകൊണ്ടു മാർപ്പാപ്പായോടു പറഞ്ഞു: "അഭിവന്ദ്യപിതാവേ, ഇവ ഞങ്ങളുടെ നാട്ടിലെസാധനങ്ങളാണു്." പരി. പിതാവു് ഓരോന്നും എടുത്തുനോക്കിക്കണ്ടശേഷം അതിനു പ്രത്യേകം നന്ദിപറഞ്ഞു. പരി. പിതാവിനു സമ്മാനിക്കാൻ വെളുത്ത രണ്ടു പട്ടുംമൂടി തൊപ്പികൾ കൊണ്ടുപോയിരുന്നു. അവ ഓരോന്നും തലയിൽവച്ചശേഷം തലയിലിരുന്നതു തിരികെ തരികയുണ്ടായി. ജീവിച്ചിരിക്കുന്ന പുണ്യവാനെന്നു കത്തോലിക്കരും അകത്തോലിക്കരും വിശ്വസിക്കുന്ന പന്ത്രണ്ടാംപീയൂസ് തിരുമേനി ഉപയോഗിച്ച ഈ പട്ടുംമൂടി തൊപ്പി വിലപ്പെട്ട സ്മാരകങ്ങളാണല്ലോ.

തിരുമേനിയുടെ കൂട്ടത്തിൽ പോയിരുന്ന ഞങ്ങളോടു പരി. പിതാവു് 8 മിനിട്ടുനേരം സംസാരിച്ചു. പലതും പറയണമെന്നു തീരുമാനിച്ചു പോയിരുന്ന ഞങ്ങൾക്കു് തിരുമേനിയെ കണ്ടു കൈമുത്തിക്കഴിഞ്ഞപ്പോൾ ഒന്നും പറയാനില്ല. അവിടുത്തെ ആദ്ധ്യാത്മികത്വം തുളുമ്പുന്ന ആ മുഖത്തേക്കു നോക്കുന്നതു് ഒരു സംഭാഷണത്തേക്കാൾ മാറേറിയ കാര്യമാണു്. ഓരോരുത്തരേയും കൈമുത്തിച്ചു. വീട്ടിലും നാട്ടിലുമുള്ള എല്ലാവരേയും പരി. പിതാവു് അന്വേഷിച്ചതായി പറയാനും, എല്ലാവരേയും ആശീർവ്വദിക്കുന്നതായും ഞങ്ങളോടു പറഞ്ഞു. മെത്രാൻതിരുമേനിക്കു് മാലയിലുപയോഗിക്കാനുള്ള ഒരു കല്ലുപതിച്ച കുരിശു പരി. പിതാവു സമ്മാനിച്ചു. ആ കുരിശു നിക്ഷേപിച്ചിരിക്കുന്ന പെട്ടിയാണു് ഗ്രൂപ്പുഫോട്ടോയിൽ മെത്രാൻതിരുമേനി കൈയിൽ പിടിച്ചിരിക്കുന്നതു്. ഞങ്ങൾക്കോരോരുത്തർക്കും കൊന്ത, കാശുരൂപം ഇവയും സമ്മാനിക്കുകയുണ്ടായി. ഞങ്ങളുടെ നാട്ടിലുള്ള വൈദികരേയും കന്യാസ്ത്രീകളേയും മററു വിശ്വാസികളെയും കുടുംബങ്ങളേയും ആശീർവ്വദിക്കണമെന്നു് പോത്തനാമുഴി തിരുമേനി അപേക്ഷിച്ചപ്പോൾ പരി. പിതാവു ഇപ്രകാരം പറഞ്ഞു: "സ്വന്തം കത്തീഡ്രലിൽ ചെല്ലുമ്പോൾ ഒരിക്കൽ പാപ്പായ്ക്കടുത്ത ആശീർവ്വാദം കൊടുക്കാം. പിന്നെ വിശ്വാസികളോടു സംസാരിക്കുമ്പോൾ മാർപ്പാപ്പാ അങ്ങുവഴി എല്ലാവരേയും പ്രത്യേകം അനുഗ്രഹിക്കുന്നതായി പറയുക."

—o—



മാർപ്പാപ്പായുമായുള്ള അഭിമുഖസന്ദർശനാവസരത്തിൽ എടുത്ത ഫോട്ടോ.



അഭിഷേകം സ്വീകരിക്കുന്ന തിരുക്കർമ്മങ്ങൾക്കിടയിൽ തിരുമേനി സാഷ്ടാംഗപ്രണാമം ചെയ്യുന്നു



ശിരസ്സിൽ തിരുതൈലം പൂശുന്നു



പ്രധാനകാർമ്മികൻ നവാഭിഷിക്തനെ ആലിംഗനം ചെയ്യുന്നു

# പട്ടാഭിഷേകം പ്രമാണിച്ചു ഡമഷേനോകോളേജിൽവച്ചു നടത്തപ്പെട്ട ഡിന്നറിൽ ചെയ്ത പ്രസംഗം

അത്യുന്നത കർദ്ദിനാൾ തിരുമേനീ, അതിവന്ദ്യ മെത്രാപ്പോലീത്താമാരേ, മെത്രാന്മാരേ, ബഹുമാന്യ അമ്പാസിഡർ ജോൺ എ. തീവി അവർകളേ, റൈററു് റവറണ്ടു് മോൺസീഞ്ഞോർമാരേ, വിവിധ കോളേജുകളിലെ പെ. ബ. റെക്ടർമാരേ, ബ. വൈദികരേ, പ്രിയ സ്നേഹിതരേ,

ഈ വിരുന്നിൽ നിങ്ങളേവരുടേയുംകരുണാർദ്രമായ സാന്നിദ്ധ്യം എന്നെ അത്യധികം ബഹുമാനിതനാക്കുന്നു. മഹത്തായ ഈ അവസരത്തിൽ ഒരു പ്രസംഗം പറയുന്നതിനുപകരം, ദൈവസ്തുതിയുടേയും കൃതജ്ഞതയുടേയും ഒരു സങ്കീത്തനം ആലപിക്കുന്നതു് കൂടുതൽ സന്ദർഭോചിതമായിരിക്കുമെന്നാണു് എൻെറ വിശ്വാസം. "കത്താവു സജ്ജീകരിച്ച ഈ ദിവസത്തിൽ നമുക്കു സന്തോഷിക്കുകയും ആനന്ദിക്കുകയുംചെയ്യാം" എന്നു സങ്കീത്തകനോടുകൂടി പാടുന്നതിനും, "എൻെറ ആത്മാവു കത്താവിനെ സ്തുതിക്കുന്നു....എന്തുകൊണ്ടെന്നാൽ ശക്തനായവൻ എന്നിൽ വൻകാര്യങ്ങൾ നിവത്തിച്ചു. അവിടുത്തെ നാമം പരിശുദ്ധമാകട്ടെ" എന്നു പരിശുദ്ധ കന്യകമറിയത്തോടുകൂടി ഏററുപറയുന്നതിനും ഞാൻ നിർബന്ധിതനായിരിക്കുന്നു. ഇന്നു രാവിലെ ദിവ്യഅൾത്താരയുടെ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ടു്, "കത്താവേ, നിന്നെഞങ്ങൾ സ്തുതിക്കുന്നു" (Te Deum Laudamus) എന്ന കീത്തനം ആലപിക്കുകയും, ദൈവം എനിക്കു ചെയ്ത മഹത്തായ കാര്യങ്ങൾക്കുവേണ്ടി അവിടുത്തെ സ്തുതിക്കുന്നതിനായി നിങ്ങളുടെ സ്വരങ്ങൾ എൻേറതിനോടു നിങ്ങൾ ഒന്നിപ്പിക്കുകയുംചെയ്തു. എറണാകുളം അതിരൂപതയിലെ എല്ലാ ദേവാലയങ്ങളിലും ദൈവത്തിനു കൃതജ്ഞതാസ്തോത്രങ്ങൾ ഉയരുകയാണു്, ഇന്നു്.



നവാഭിഷിക്തനെ സ്ഥാനചിഹ്നങ്ങൾ ധരിപ്പിച്ചു് സിംഹാസനത്തിൽ ഉപവിഷ്ടനാക്കപ്പെട്ടിരിക്കുന്നു

ആദ്യമായിത്തന്നെ, ഞങ്ങൾക്കായി ഒരു പുതിയരൂപത സൃഷ്ടിക്കുകയും അതിൻെറ ഭാവുകങ്ങളെ നിയന്ത്രിക്കുന്നതിനു എന്നെ ഭരമേല്പിക്കുകയും ചെയ്തതിൽ പരിശുദ്ധ പിതാവു പന്ത്രണ്ടാം പീയൂസു് മാർപ്പാപ്പാ തിരുമേനി പ്രദർശിപ്പിച്ചിട്ടുള്ള കാരുണ്യാതിരേകത്തിനു പുതിയ കോതമംഗലം രൂപതയിലെ വൈദികരുടേയും, സന്യാസികളുടേയും, ജനങ്ങളുടേയും പേക്കു ഞങ്ങൾക്കുള്ള പുത്രനിർവ്വിശേഷമായ അത്യഗാധാദരവുകളേയും കൃതജ്ഞതയേയും വിനയപൂർവ്വം ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ. അത്യുന്നത കർദ്ദിനാൾ തിരുമേനീ, എന്നെ അഭിഷേചിക്കുന്നതിനു കരുണാപൂർവ്വം സമ്മതിച്ച അവിടുത്തെ നേക്കുള്ള ഹൃദയംഗമവും ആത്മാത്ഥവുമായ എൻെറ സ്നേഹത്തേയും കൃതജ്ഞതയേയും പ്രകടമാക്കുന്നതിനും ഈ അവസരം ഞാൻ ഉപയോഗപ്പെടുത്തിക്കൊള്ളുന്നു. അവിടുത്തേക്കു ഞങ്ങളുടെ കേരളസുറിയാനിസഭയോടുള്ള സ്നേഹമസൃണവും നിരങ്കുശവുമായ താല്പര്യം എത്രമാത്രമാണെന്നു ഞങ്ങൾക്കറിയാം. 1953-ൽ അവിടുന്നു നിർവ്വഹിച്ച ചരിത്രപ്രസിദ്ധവും സംഭവബഹുലവുമായ സന്ദശനം അതിനെ പ്രകടമായി തെളിയിച്ചിട്ടുണ്ടു്. കേരളസഭാചരിത്രത്തിൽ അതു് ഒരു പുതിയ അദ്ധ്യായം തുറന്നിരിക്കുകയാണു്. അവിടുന്നു അഭിഷേകകമ്മം കല്പിച്ചുനിർവ്വഹിച്ചിട്ടുള്ള സീറോമലബാർ സഭയിലെ അഞ്ചാമത്തെ മെത്രാനാണു് ഞാൻ. ചുരുങ്ങിയതു് ഒരഞ്ചുമെത്രാന്മാരെക്കൂടി അഭിഷേകംചെയ്തു്, അങ്ങനെ പന്ത്രണ്ടു മെത്രാന്മാരടങ്ങിയ ഒരു സമിതി കേരളസുറിയാനിസഭയുടെ ഭാവുകങ്ങളെ നയിക്കുന്ന ഭാഗ്യദിനം സാക്ഷാല്ക്കരിക്കത്തക്കവണ്ണം തിരുമേനിയെ ഇനിയും ദീർഘനാൾ ആയുരാരോഗ്യവാനായി ദൈവം അനുഗ്രഹിക്കുമാറാകട്ടെ എന്നാണു് തീവ്രമായ എൻെറ അഭിലാഷവും പ്രാത്ഥനയും. ദൈവത്തിൻെറ സഹായത്താൽ, ഇപ്പോൾ പുതിയ രൂപതയിൽ എന്നെ ഭരമേല്പിച്ചിരിക്കുന്ന 1,30,000 വിശ്വാസികളുടെ എണ്ണം 2,00,000 മായി വർദ്ധിപ്പിക്കുന്നതിനും, കുടിയേററം നടന്നുകൊണ്ടിരിക്കുന്ന പുതിയ പുതിയ സ്ഥലങ്ങളിൽ ധാരാളം പള്ളികളും ഇതരകത്തോലിക്കാസ്ഥാപനങ്ങളും ഉണ്ടാക്കുന്നതിനും, അങ്ങനെ ഏതാനും കൊല്ലങ്ങൾക്കിടയിൽ എൻെറ പുതിയ രൂപതയെ രണ്ടായി തിരിക്കാവുന്ന പരിതസ്ഥിതി സൃഷ്ടിക്കുന്നതിനും ഞാൻ ശ്രമിക്കുന്നതാണു്. ഫാദർ ക്രൂസാ അവർകളോടും പൗരസ്ത്യതിരുസംഘത്തിൻെറ മോൺസിഞ്ഞോർ അവർകളോടും, അവരിരുവരും ഞങ്ങൾക്കുദാരമായി ചെയ്തുകൊണ്ടിരിക്കുന്ന വിലതീരാത്ത സഹായങ്ങൾക്കു നന്ദിപ്രകാശിപ്പിക്കുന്നതിനും ഈ അവസരം ഞാൻ ഉപയോഗിച്ചുകൊള്ളുന്നു.

എൻെറ അഭിഷേകകമ്മത്തിൽ സഹായിച്ച മഹാവന്ദ്യ ദിവ്യശ്രീമാന്മാരായ സിഗിസു്മോണ്ടി തിരുമേനിയോടും മിഗ്ലിയൊരീനി തിരുമേനിയോടും എനിക്കുള്ള അത്യഗാധമായ കടപ്പാടുകളെ വിശദമാക്കുവാൻ വാക്കുകൾക്കു സാധിക്കുന്നതല്ല. സീറോമലബാർ സഭയോടു് വളരെയധികം ബന്ധപ്പെട്ടിട്ടുള്ള ഈ വ്യക്തികളാണു് എൻെറമേൽ കൈവെപ്പുനടത്തുകയും എന്നെ വൈദികത്വത്തിൻെറ പാരമ്യത്തിലേക്കുയത്തുകയും ചെയ്തിട്ടുള്ളതു് എന്നുള്ളതിൽ ഞാൻ അതീവകൃതജ്ഞനാണു്. മററുള്ള എല്ലാമഹാവന്ദ്യതിരുമേനിമാരോടും ഉന്നതസ്ഥാനികളോടും എൻെറ അകൈതവവും ഹൃദയംഗമവുമായ നന്ദിയെ ഞാൻ പ്രകാശിപ്പിച്ചുകൊള്ളട്ടെ.



നവാഭിഷിക്തനും, പ്രധാനകാമ്മികനും സഹകാമ്മികരും ചേന്ന അവസാനരംഗം



തിരുമേനി ജനങ്ങളെ ആശീവ്വദിച്ചുകൊണ്ടു് കടന്നുപോകുന്നു

ഇന്നു ദേവാലയത്തിൽ നടന്ന ആഘോഷമായ തിരുക്കമ്മങ്ങളിലും ഈ വിരുന്നിലും ബഹുമാന്യനായ അമ്പാസിഡറും എറണാകുളത്തും കോതമംഗലത്തുംനിന്നു വന്നിട്ടുള്ള മാന്യന്മാരും സംബന്ധിക്കുന്നതുകൊണ്ടു് എൻെറ മാതൃരാജ്യമായ ഇന്ത്യയുടേയും എൻെറ പുതിയ രൂപതയുടേയും പ്രാതിനിദ്ധ്യം സമഞ്ജസമായി പ്രകടിതമായിരുന്നു നിങ്ങളെല്ലാവരും കരുണാപൂർവ്വം എൻെറ ക്ഷണം സ്വീകരിച്ചു് ഇവിടെ സന്നിഹിതരായി എന്നെ ബഹുമാനിച്ചതിൽ എൻെറ അകൈതവമായ കൃതജ്ഞതയെ ഞാൻ രേഖപ്പെടുത്തുന്നു.

എൻെറ പ്രത്യേകതരമായ കൃതജ്ഞതയെ അർഹിക്കുന്ന രണ്ടു വ്യക്തികളാണു് ഈ കോളേജിൻെറ പെ. ബ റെക്ടറും, വെരി റവ. ഫാദർ പ്ലാസിഡും ഞാൻ ഇവിടെ വന്നുചേന്ന നിമിഷം മുതൽ എൻെറ സുഖസൗകര്യങ്ങളെ അന്വേഷിക്കുന്നതിനും എന്നെ പരിചരിക്കുന്നതിനും പെരിയ ബ റെക്ടറച്ചൻ ചെയ്യാത്തതായി ഒന്നുമില്ല. പൈതൃകമായ—എന്നല്ല, മാതൃസഹജമായ എന്നുതന്നെ ഞാൻ പറയട്ടെ—ശുഷ്കാന്തിയോടുകൂടിയാണു് ഏററം നിസ്സാരമായ കാര്യങ്ങളെപ്പോലും അദ്ദേഹം ശ്രദ്ധിച്ചുപോന്നിട്ടുള്ളതു്. ഈ കോളേജിൽ ഞാൻ താമസിച്ച ഒരു മാസക്കാലത്തിനിടയിൽ കത്തോലിക്കാസഭയിലെ വിവിധറീത്തുകളെ സംബന്ധിച്ചു് വളരെ പരിജ്ഞാനം സമ്പാദിക്കുന്നതിനു എനിക്കു സാധിച്ചിട്ടുണ്ടു്. കത്തോലിക്കാസഭയിൽ നിലനില്ക്കുന്ന നാനാത്വത്തിലുള്ള ഏകത്വം പൂർവ്വവൽ അത്ഭുതാവഹമായി ഞാൻ ദർശിക്കുകയാണു്; തിരുസഭയുടെ മനോഹരത കൂടുതൽ കൂടുതൽ ആസ്വദിക്കുന്നതിനു ഞാൻ പ്രേരിതനായിരിക്കുന്നു. വിവിധ രാജ്യക്കാരും വിവിധ ഭാഷക്കാരും വിവിധ റീത്തുകാരുമായ ജനങ്ങൾ ഒരേ മനസ്സോടും ഒരേ ഹൃദയത്തോടുംകൂടി സ്നേഹത്തിലും ഐക്യത്തിലും കഴിഞ്ഞുകൂടുന്ന ഇവിടെ പരിശുദ്ധാത്മാവിൻെറ സമാഗമദിവസത്തിൽ ശൈശവസഭയിൽ പ്രഫുല്ലമായ സൗമനസ്യത്തിൻെറ ഒരു പ്രതീതിഎനിക്കനുഭവവേദ്യമാവുകയാണു്. പെ. ബ. പ്ലാസിഡച്ചനെപ്പററി പറഞ്ഞാൽ അദ്ദേഹം ഒരു കാവൽമാലാഖയെപ്പോലെ എന്നെ സദാപി നയിച്ചുകൊണ്ടിരിക്കുകയാണു്. ഇവിടെ സന്നിഹിതരായിരിക്കുന്ന എല്ലാ ബ: അച്ചന്മാരോടും എൻെറ കൃതജ്ഞതയെ ഈ അവസരത്തിൽ ഞാൻ രേഖപ്പെടുത്തിക്കൊള്ളുന്നു.

## കൃതജ്ഞത

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ രോഗശാന്തി പ്രാപിച്ചതിനു ഉപകാരസ്മരണ.

എ. പി. തിയഡോർ,
ആലപ്പുഴ

# കോതമംഗലം

## (ഒരു ചരിത്രാവലോകനം)

(പരേതനായ വെരി റവ. മോൺ: ജോസഫ് പഞ്ഞിക്കാരൻ, എം. എ. പിഎച്ച് ഡി, ഡി. ഡി ഡി. സി. എൽ. 1940 ഏപ്രിൽ 4-ാംതീയതിയിലെ മലബാർ മെയിലിൽ എഴുതിയിരുന്ന ഒരു ലേഖനം.)

വാണിജ്യപരമായി കോതമംഗലത്തിന് പൂർവ്വകാലത്തു് വളരെ പ്രാധാന്യമുണ്ടായിരുന്നു എന്നു് ചരിത്രംതന്നെ വിളിച്ചുപറയുന്നുണ്ടു്. ഈസ്റ്റിൻഡീസിലേക്കു ഒരു



കോതമംഗലം ഭദ്രാസനപ്പള്ളി



അഭിഷേകാനന്തരം തിരുകർമ്മങ്ങളിൽ സംബന്ധിച്ച പ്രശസ്താതിഥികൾ സങ്കീർത്തിയിൽ വച്ചെടുത്ത ഫോട്ടോ



ഡമിഷീനൊകോളേജിൽ തിരുമേനിയുടെ ബഹുമാനാർത്ഥം നൽകപ്പെട്ട ഡിന്നറിൽ സംബന്ധിച്ചവർ.

യാത്ര A Voyage to the East Indies എന്ന കൃതിയിൽ സുപ്രസിദ്ധ സംസ്കൃതഭാഷാഭിജ്ഞനായ ഫാ. പൗലിനോ ബർത്തലോമിയോ എന്ന ഇററാലിയൻ വൈദികൻ കോതമംഗലത്തിൻെറ വാണിജ്യമാഹാത്മ്യത്തെക്കുറിച്ചു രേഖപ്പെടുത്തിയിട്ടുള്ള ഒരു രേഖ ഈ പ്രകൃതത്തിൽ ഉദ്ധരണീയമത്രെ. അദ്ദേഹം പുതുശ്ശേരിയിൽ (Pondichery) 1776 ജൂലായിമാസത്തിലാണു് വന്നിറങ്ങിയതു്. മലയാളക്കരയിലും മററുമായി പതിമൂന്നുവർഷം താമസിച്ചിട്ടുണ്ടു്.

മധുരയുമായി വിപുലമായ തോതിൽ വ്യാപാരം നടത്തിയിരുന്ന പട്ടണങ്ങളുടെ കൂട്ടത്തിൽ കോതമംഗലവും ഉൾപ്പെട്ടിരുന്നു. (P 55) കോട്ടയം കാഞ്ഞിരപ്പള്ളി, പൂഞ്ഞാർ മുതലായ സ്ഥലങ്ങളും മധുരയും തമ്മിലും ധാരാളം കച്ചവടം നടത്തിയിരുന്നു അനവധി യൂറോപ്യന്മാരും മിഷ്യനറിമാരും മലയാളത്തെക്കുറിച്ചു് പലതും എഴുതിയിട്ടുണ്ടെങ്കിലും കോറമാൻഡൽതീരവും മലബാർതീരവും തമ്മിലുണ്ടായിരുന്ന വാണിജ്യബന്ധത്തെക്കുറിച്ചു് അധികമൊന്നും എഴുതിയിട്ടില്ലെന്നു അദ്ദേഹം വിലപിക്കുന്നു. (P. 56)

അദ്ദേഹം ഇങ്ങനെ തുടരുന്നു: "മധുരയിൽനിന്നുമുള്ള ഈ കച്ചവടക്കാരുടെ പൂർണ്ണസംഘത്തിൻെറ ഏതാനും ഭാഗത്തെ കോതമംഗലത്തും മററൊരു ഭാഗത്തെ (Mohatugue) മൊഹത്തുഗ (?) യിലും പത്മനാഭപുരത്തുംവെച്ചു് എനിക്കു കാണുവാൻ കഴിഞ്ഞിട്ടുണ്ടെന്നു് എനിക്കു സത്യത്തെ

ടെ റെക്ടറും സുറിയാനിഭാഷാപണ്ഡിതനും 1599-ലെ ഉദയംപേരൂർ സൂനഹദോസു് വിളിച്ചുകൂട്ടുന്നതിനു ആർച്ചുവിഷപ്പ് മെനസിസിനെ വളരെ സഹായിക്കുകയും സൂനഹദോസിനുശേഷം സുറിയാനിക്കാരെല്ലാവരുടേയും ആദ്യത്തെ ലത്തീൻ വൈദികമേലദ്ധ്യക്ഷനായിരിക്കുകയും ചെയ്ത ദേഹവുമായ ആർച്ചുബിഷപ്പ് റോസ് കാഞ്ഞൂർ സന്ദർശനാനന്തരം കോതമംഗലത്തെത്തിയതും അവിടെ അദ്ദേഹം ഉയിർപ്പുപെരുന്നാൾ ആഘോഷിച്ചതും മററും 1604-ൽ ഒരു ഈശോസഭക്കാരൻ അച്ചൻ അവരുടെ ജനറാളിനു് എഴുതിയ ഒരു കത്തിൽനിന്നും ഇതിനുപരി ഉദ്ധരിക്കുന്ന ഭാഗം വ്യക്തമാക്കുന്നതാണു്.

ഈ കത്തു് പ്രസ്തുത അച്ചൻ 1604 ാമാണ്ടു് വൈപ്പിക്കോട്ട സെമ്മിനാരിയിൽനിന്നു് സഭാജനറാളായ ഫാദർ അക്വാവീവക്കു് അയച്ചിട്ടുള്ളതാണു്. അതിനാൽ 340 കൊല്ലത്തോളം പഴക്കം ഈ രേഖക്കുണ്ടെന്നു കാണാവുന്നതാകുന്നു. ഒരു മെത്രാൻ മലയാളത്തിലെ കിഴക്കൻപ്രദേശത്തെ പള്ളികൾ സന്ദർശിച്ചിട്ടു് 30 കൊല്ലത്തിലധികമായിരിക്കുന്നു. അതിനാലാണു് അദ്ദേഹം രൂപതാഭരണം കൈയേററു് രണ്ടുവർഷത്തിനകം പള്ളിക്കര, കാഞ്ഞൂർ, കോതമംഗലം മുതലായ സ്ഥലങ്ങളിലേക്കു യാത്രതിരിച്ചതു്.

വിഭൂതിതിരുനാൾ അദ്ദേഹം ആദ്യം ആഘോഷിച്ചതു് പള്ളിക്കരവെച്ചായിരുന്നു. അദ്ദേഹംതന്നെ എല്ലാവരുടേയും നെററിയി



ഡിന്നറിനുശേഷം മോസ്റ്റ് റവ. ലിയോ കിയക്കൾസ് തിരുമേനിയും അംബാസിഡർ മി. തീവിയും തിരുമേനിയോടു യാത്രപറയുന്നു

മുൻനിറുത്തി സമർത്ഥിക്കുവാൻ കഴിയും. എല്ലാത്തരം പരുത്തിവിഭവങ്ങളും കാളപ്പുറത്തു കയററി ഒരു ദിക്കിൽനിന്നു മറെറാരു ദിക്കിലേക്കു കൊണ്ടുപോകുകയായിരുന്നു അവരുടെ സമ്പ്രദായം. ഈ വണിക്കുകളെല്ലാവരുംതന്നെ സാമാന്യം സുലഭമായി ആയുധം ധരിച്ചിട്ടുള്ളവരായിരുന്നു; എന്തുകൊണ്ടെന്നാൽ പർവ്വതപംക്തികളിലെ പല ഇടുങ്ങിയ ചുരങ്ങൾ കടന്നു് അവർക്കു യാത്രചെയ്യേണ്ടിവരുന്നു. വ്യാഘ്രങ്ങൾ സുലഭമായി ഉണ്ടായിരുന്നതിനാൽ ഈ പർവ്വതപംക്തികൾ അത്യന്തം ആപല്ക്കരങ്ങളുമായിരുന്നു.

വൈപ്പിക്കോട്ട സെമ്മിനാരിയു

ൽ ഛാരംകൊണ്ടു് കുരിശു വരയ്ക്കുകയും അതിൻെറ അർത്ഥം ജനങ്ങളെ പറഞ്ഞു മനസ്സിലാക്കുകയും ചെയ്തു.

പിന്നീടദ്ദേഹം കാഞ്ഞൂർക്കു പുറപ്പെടുകയും അവിടെവെച്ചു് ധാരാളം കൊന്തയും കുരിശുരൂപങ്ങളും ജനങ്ങൾക്കു കൊടുക്കുകയും ചെയ്തു. ഇവിടെ നാലു മാർത്തോമ്മാക്രിസ്ത്യാനികൾ ഉണ്ടായിരുന്നു. യൂറോപ്പിലെ പ്രഭുക്കന്മാരെപ്പോലെ ഇവർക്കും 35000-ത്തിൽപ്പരം ആശ്രിതന്മാർ (Vassals) ഉണ്ടായിരുന്നു. "ഇവർ നാലുപേരും കുടുമി വളർത്തിയിരുന്നു. മെത്രാൻ പോയ സ്ഥലത്തെല്ലാം അവരൊരു ആന

(ശേഷം 10-ാംപേജിൽ)

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. ‖ 1957 JANUARY 9 ‖ No. 21.


## മാത്യു പോത്തനാമൂഴി തിരുമേനിക്കു സ്വാഗതം!

ഇന്നല്ലോ സുദിനം സുതക്കു, സുതരാം സൗഭാഗ്യമവ്യാഹതം
തന്നല്ലോ നവരൂപതയ്ക്കു മരിയാപുത്രൻ കൃപാസാഗരം;
വന്നല്ലോ നിജനാഥനീശകൃപയാ മെത്രാൻപദാരൂഢനാ-
യി,നല്ലോരിടയൻ ജയിക്ക സുചിരം, സൂരീന്ദ്രമുക്താമണി.

അഭിനവമായി രൂപംപൂണ്ട കോതമംഗലം രൂപതയുടെ പ്രഥമമെത്രാൻപദത്തിൽ നിയമിതനായി, നിത്യനഗരമായ റോമയിൽ സെൻറ് പീറേറഴ്സ് മഹാദേവാലയത്തിൽവച്ചു്, കർദ്ദിനാൾ സംഘത്തിൻെറ ഡീനും പൗരസ്ത്യതിരുസംഘത്തിൻെറ സിക്രട്ടറിയുമായ അത്യുന്നത കർദ്ദിനാൾ തിസ്സരാങ്ങ് തിരുമേനിയിൽനിന്നു അഭിഷേകം സ്വീകരിച്ചു, പരിശുദ്ധ പിതാവു് പന്ത്രണ്ടാം പീയൂസ് തിരുമനസ്സിലെ പ്രത്യേകാനുഗ്രഹാശിസ്സുകളോടുകൂടി തിരിച്ചുവന്നു രൂപതാഭരണം കൈയേല്ക്കുന്ന അഭിവന്ദ്യ മാർ മാത്യു പോത്തനാമൂഴി തിരുമേനിക്കു ഹൃദയപൂർവ്വകമായ സ്വാഗതമാശംസിക്കുന്നതിനും ഭാവുകങ്ങൾ നേരുന്നതിനും ഞങ്ങൾക്കുള്ള ആനന്ദാതിരേകം അവാച്യമത്രെ. കത്തോലിക്കാസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലും, ഇടവകകളുടെ ഭരണത്തിലും, അതിരൂപതകളുടെ ഭരണസാരഥ്യം വഹിക്കുന്നതിലും സുദീർഘവും സുപ്രശസ്തവുമായ പരിചയസമ്പത്തു സമാർജ്ജിച്ചുകഴിഞ്ഞിട്ടുള്ള തിരുമേനിക്കു പുതിയ രൂപതയുടെ നാനാമുഖങ്ങളായ പ്രശ്നങ്ങളെ കാര്യക്ഷമമായി കൈകാര്യംചെയ്യുന്നതിനും അതിൻെറ സർവ്വതോമുഖമായ ഐശ്വര്യശ്രേയസ്സുകളെ സമഞ്ജസമായി പുരോഗമിപ്പിക്കുന്നതിനും ദൈവാധീനത്താൽ വിഷമമുണ്ടാവുകയില്ല. എങ്കിലും ഒരു രൂപതയുടെ ശൈശവം അതിവിദഗ്ദ്ധമായ നേതൃത്വപരിചരണാദികൾ അനിവാര്യമായ ഒരു കാലസന്ധിയാണെന്നുള്ള വസ്തുത അനാദരിക്കപ്പെടാവുന്നതല്ല. ഏതന്മൂലം നല്ല ഇടയനായ ശ്രീയേശുനാഥൻെറ കാരുണ്യാതിരേകം അവിടുത്തെ അജപാലകനായ തിരുമേനിയുടെമേൽ ധാരാളമായി പൊഴിയുന്നതിനു ശ്രദ്ധപ്പൂകൈയോടെ ഞങ്ങൾ പ്രാർത്ഥിക്കുന്നു. വിശ്വാസസ്ഥൈര്യത്തിൻേറയും ഭക്തിപ്രചുരിമയുടേയും ഉറച്ചപാരമ്പര്യം കൈവന്നിട്ടുള്ള തിരുമേനിയുടെ അജഗണം അവിടുത്തെ എല്ലാ സംരംഭങ്ങളിലും തിരുമേനിക്കു താങ്ങും തണലുമായിരിക്കുമെന്നുറപ്പുപറയുവാൻ ഞങ്ങൾക്കതിയായ ചാരിതാർത്ഥ്യമുണ്ടു്. ഇടയനും ആടുകളും ഒന്നിച്ചുള്ള ഈ മുന്നേററത്തിൽ സങ്കീർണ്ണങ്ങളായ ബൃഹത്പ്രശ്നങ്ങൾപോലും സൂര്യോദയത്തിൽ മഞ്ഞെന്നവണ്ണം അലിഞ്ഞു നാമാവശേഷമാകാതിരിക്കുകയില്ല. അഭിനവ കോതമംഗലംരൂപതയും അതിൻെറ അധിനാഥനായ പ്രഥമമെത്രാൻ മാർ മാത്യു പോത്തനാമൂഴി തിരുമേനിയും നീണാൾ വിജയിക്കട്ടെ!

## മംഗളം നേരുന്നു

മംഗളമാശംസിക്കു മഞ്ജുളനാദേ "കോത-
മംഗല"ത്തിതാ പുത്തൻതാരകമുദിക്കുന്നു.
ധീരധീരമാം കർമ്മസംഗരം നയിക്കയാൽ
കേരളജനതയെ പുളകം പുതപ്പിച്ചോൻ,
"നിർമ്മല"പ്രഭയോടെ നിൽക്കുമക്കലാശാല
നിർമ്മിക്കാനവിശ്രമസേവനം നടത്തിയോൻ,
ആഗമിക്കുന്നു വീണ്ടുമായിരങ്ങളെടയാശാ-
വേദിയിൽ വികസിതസൂനങ്ങൾ വിതറുവാൻ.
ഇവാനിയോസിൻ "കാര്യദർശി"യായവിടുന്നു
സീമയററുള്ളോരഭിനന്ദനങ്ങളെ നേടി,
പേരെഴു"മെർണാകുളം" രൂപതയ്ക്കവിടുത്തെ
ധീരമാം കർമ്മങ്ങളെ മറക്കാൻ സാധിക്കില്ല.
മാമക മലയാളനാട്ടിൻെറയാദ്ധ്യാത്മിക-
വ്യോമമണ്ഡലത്തിലേക്കെത്തിയ പൊൽത്താരമേ,
ഇരുളിൽ വഴിതെററി വലയും തനയർക്കായ്
ചൊരിയു സത്യത്തിൻെറ മഞ്ജുളദീപം നീളെ.
സ്നേഹത്തിൻ പര്യായമേ, ത്യാഗത്തിൻ മഹോന്നത-
ഗേഹമേ, യങ്ങേയ്ക്കു ഞാൻ മംഗളം നേർന്നീടുന്നു
വെൽക താരമേ നിത്യമദ്ധ്യാത്മനഭസ്സിൽ നീ
വെൽക, വെൽകതുല്യമാം കാന്തികന്ദളം വീശി.

(മാത്യു ഇടമററം)



## കോതമംഗലംമെത്രാൻ തിരുമനസ്സിലെ നിയമനബൂള

ദൈവത്തിൻെറ ദാസന്മാരുടെ ദാസനും
റോമിൻെറ മെത്രാനുമായ

### പന്ത്രണ്ടാം പീയൂസ്,

കോതമംഗലം രൂപതയുടെ പ്രഥമ മെത്രാനായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന നമ്മുടെ വത്സലപുത്രനും ഡൊമസ്റ്റിക്കു പ്രീലേററുമായ പോത്തനാമൂഴി മത്തായി മെത്രാനു് ആശീസ്സും ശ്ലൈഹികാശീർവ്വാദവും.

ഒരു കപ്പലിനോടു സദൃശ്യപ്പെടുത്താവുന്നതായ കത്തോലിക്കാ തിരുസഭയ്ക്കു്, പ്രക്ഷുബ്ധവും വിപൽക്കരവുമായ തിരമാലകളുടെ ഇടയിൽക്കൂടിയുള്ള അതിൻെറ പ്രയാണത്തിൽ, ധൈര്യവും നിപുണതയുംനിറഞ്ഞ കപ്പിത്താന്മാരെയാണല്ലോ ആവശ്യമായിട്ടുള്ളതു്. ദൈവനിശ്ചയത്താൽ തിരുസഭയുടെ മുഴുവൻ ഭരണസാരഥ്യംവഹിച്ചു് അതിനെ നയിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ അതിയായ ആഗ്രഹം, നമ്മുടെ അഭിലാഷത്തോടു പരിപൂർണ്ണമായി സഹകരിക്കുകയും ഏല്പിക്കപ്പെട്ടിരിക്കുന്ന ഗൗരവാവഹമായ ചുമതല സർവ്വഥാ യോഗ്യമായി നിർവ്വഹിക്കുകയുംചെയ്യുന്ന മെത്രാന്മാരെ, തിരുസഭയുടെ ഓരോ ഭാഗത്തേക്കും ഉറപ്പുള്ള അധികാരികളായി നിയമിക്കണമെന്നാണു്. ആയതിനാൽ നമ്മുടെ അപ്പസ്തോലിക ബൂളാവഴി 1956 ജൂലൈ 29-ാംനു മുതൽ എറണാകുളം അതിരൂപതയുടെ കീഴിൽ പുതിയതായി സ്ഥാപിച്ചിരിക്കുന്ന കോതമംഗലം രൂപതയുടെ പ്രഥമ മെത്രാനായി വത്സലമകനേ, താങ്കളെ നാം തെരഞ്ഞെടുക്കുകയും, വന്ദ്യസഹോദരനും പരിശുദ്ധറോമാസഭയുടെ കർദ്ദിനാളുമായ പൗരസ്ത്യതിരുസംഘം സെക്രട്ടറിയുമായി ആലോചിച്ചു് താങ്കളെ അവിടത്തെ മെത്രാനായി നിയമിക്കുകയും പ്രഖ്യാപനം ചെയ്യുകയും ചെയ്യുന്നു. ആയതിനാൽ ആ രൂപതയുടെ ആദ്ധ്യാത്മികവും ഭൗതികവുമായ സകലതിൻേറയും സംരക്ഷണം, ആധിപത്യം, നിയന്ത്രണം എന്നീ അധികാരങ്ങൾ, താദൃശപദവിക്കനുസൃതമായ സകല അവകാശങ്ങളോടും ആനുകൂല്യങ്ങളോടും ഭരണഭാരത്തോടും ചുമതലകളോടുംകൂടി താങ്കൾക്കു നാം നൽകുന്നു. ഏതെങ്കിലും രീതിയിൽപ്പെട്ടവരും ഈ റോമാസഭയോടു് സ്നേഹത്തിൻെറ ഐക്യം പുലർത്തുന്നവരുമായ രണ്ടു കത്തോലിക്കാമെത്രാന്മാരുടെ സഹകരണത്തോടെ, താങ്കളുടെ മെത്രാഭിഷേകസംബന്ധമായ ആഘോഷകർമ്മങ്ങൾ നടത്തുവാനായി, ഓസ്റ്റിയ, പോർത്തുവാ, റൂഫീനാ എന്നീ രൂപതകളുടെ മെത്രാനും കർദ്ദിനാൾതിരുസംഘത്തിൻെറ ഡീനും, പൗരസ്ത്യതിരുസംഘത്തിൻെറ സെക്രട്ടറിയും, പരിശുദ്ധറോമാസഭയിലെ കർദ്ദിനാളുമായ നമ്മുടെ വന്ദ്യസഹോദരൻ എവുജിൻ തിസ്സരാങ്ങിനെ നാം അധികാരപ്പെടുത്തുന്നു. മെത്രാഭിഷേകത്തിനും രൂപതാഭരണം കൈയേൽക്കുന്നതിനും മുമ്പായി, മേല്പറയപ്പെട്ട കർദ്ദിനാളിൻെറ സാക്ഷ്യത്തിൽ വിശ്വാസപ്രഖ്യാപനം നടത്തണമെന്നും, പൗരസ്ത്യസഭയിലെ മെത്രാന്മാർക്കുള്ള ക്രമമനുസരിച്ചു്, നമ്മോടും പരിശുദ്ധസിംഹാസനത്തോടുമുള്ള സത്യപ്രതിജ്ഞ ചെയ്യണമെന്നും നാം കല്പിക്കുന്നു. പ്രസ്തുത കർദ്ദിനാളിൻേറയും താങ്കളുടേയും ഒപ്പോടും മുദ്രയോടും കൂടി പ്രതിജ്ഞാപത്രത്തിൻെറ പ്രതികൾ കഴിയുംവേഗം പൗരസ്ത്യതിരുസംഘത്തിലേക്കു അയക്കേണ്ടതുമാണു്. ശിക്ഷയിൻകീഴിൽ, നിയമം അനുശാസിക്കുന്നതായ പ്രസ്തുത വിശ്വാസപ്രഖ്യാപനവും സത്യപ്രതിജ്ഞയും യാതൊരു കാരണവശാലും മുടക്കാൻ പാടില്ലാത്തതാകുന്നു. താങ്കളെ ഉചിതമാംവിധം, സൗഹാർദ്ദമനസ്ഥിതിയോടും സ്നേഹത്തോടുംകൂടി സ്വീകരിക്കണമെന്നും, ആവശ്യമെങ്കിൽ സൗമനസ്യപൂർവ്വം സഹായിക്കണമെന്നും താങ്കളുടെ മേലദ്ധ്യക്ഷനും നമ്മുടെ വന്ദ്യസഹോദരനുമായ എറണാകുളംമെത്രാപ്പോലീത്തായെ നാം ബലമായി ഉപദേശിക്കുന്നു. വാത്സല്യനിധിയായ ഒരു പിതാവിനേയും ജാഗ്രതയുള്ള ഒരു ഇടയനേയും എന്നപോലെ താങ്കളെ സന്തോഷസമേതം സ്വീകരിക്കുന്നതിനും, താങ്കളുടെ കല്പനകൾ അനുസരിക്കുന്നതിനും കോതമംഗലം രൂപതയിലെ നമ്മുടെ പ്രിയമക്കളായ വൈദികരേയും ജനങ്ങളേയും നാം അനുശാസിക്കുന്നു. അവരുടെ വിശ്വസ്തതാപൂർവ്വകമായ സഹകരണവും തീക്ഷ്ണതാപൂർവ്വകമായ പ്രവർത്തനങ്ങളുംവഴി, ഇപ്പോൾ ഒരു ചെറിയ വിത്തിനുസമം പാകപ്പെട്ടിരിക്കുന്ന ഈ പുതിയ രൂപത, കാലതാമസമെന്യേ വിശുദ്ധിയിലും പുണ്യാഭ്യസനത്തിലും വളർന്നുവികസിക്കട്ടെ. നമ്മുടെ ഈ ലിഖിതം ജനങ്ങളെ അറിയിക്കേണ്ടതാണു്. അവസാനമായി പ്രിയമകനേ, താങ്കളെ സ്വർഗ്ഗീയശക്തിയാൽ സ്ഥിരമായി കാത്തുകൊള്ളുവാനായി നാം സർവ്വശക്തനായ ദൈവത്തോടു പ്രാർത്ഥിക്കുന്നു. ആ ദിവ്യശക്തിയുടെ സഹായത്താൽ താങ്കളുടെ അജഗണത്തെ നേർവഴി നയിക്കുന്നതിനും, താങ്കളുടെ തീക്ഷ്ണതാപൂർണ്ണമായ പ്രവർത്തനംവഴി തിരുസഭയ്ക്കു വെളിയിലുള്ളവരേയും അതിലേക്കാനയിക്കുന്നതിനും, താങ്കൾക്കു കഴിയുമാറാകട്ടെ.

കാസ്സൽ ഗണ്ഡോൾഫിൽനിന്നും 1956 ജൂലൈ 30-ാംനു
നമ്മുടെ വാഴ്ചയുടെ 18-ാം വർഷം.

## അഭിനവകോതമംഗലം രൂപതയ്ക്കു മെത്രാപ്പോലീത്താ തിരുമനസ്സിലെ ഭാവുകാശംസകൾ



നമ്മുടെ പൊതുപിതാവായ കണ്ടത്തിൽ മാർ ആഗുസ്തീനോസ് തിരുമേനിയുടെ ചരമവാർഷികം ആഘോഷിച്ചുകൊണ്ടു നമ്മൾ രണ്ടു രൂപതകളായി തിരിയുവാൻപോകുകയാണു്. ഇതു കേരളസുറിയാനിസഭയെ സംബന്ധിച്ചു പൊതുവായും, എറണാകുളം അതിരൂപതയെ സംബന്ധിച്ചു പ്രത്യേകമായും സുപ്രധാനമായ ഒരു സംഭവമാണെന്നു പറയാം. 1887 മേയ് 20-ാംതീയതിയാണു സുറിയാനിക്കാർക്കായി തൃശ്ശൂർ, കോട്ടയം എന്ന രണ്ടു വികാരിയാത്തുകൾ സ്ഥാപിതമായതു്. 1896 ജൂലായ് 20-ാംതീയതി നമ്മുടെ വികാരിയാത്തുകളുടെ എണ്ണം തൃശ്ശൂർ, എറണാകുളം, ചങ്ങനാശ്ശേരി എന്നിങ്ങനെ മൂന്നായി വർദ്ധിച്ചു. 1911 ആഗസ്റ്റ് 29-ാംനു പുതിയ കോട്ടയം വികാരിയാത്തു കൂടി രൂപമെടുത്തു. 1923 ഡിസംബർ 21-ാംനു എറണാകുളം കേന്ദ്രമാക്കി മലയാളസുറിയാനി ഹയരാർക്കി സ്ഥാപിതമായി. 1950 ജൂലായ് 25-ാംതീയതി ചങ്ങനാശ്ശേരി രൂപതയെ രണ്ടായി വിഭജിച്ചു പാലാ രൂപതയും, 1953 ഡിസംബർ 31-ാംതീയതി വടക്കേ മലബാറിൽ കുടിയേറിപ്പാർത്തിട്ടുള്ള സുറിയാനികത്തോലിക്കരെ ഉദ്ദേശിച്ചു തലശ്ശേരിരൂപതയും സ്ഥാപിക്കപ്പെട്ടു. ഇപ്പോഴിതാ എറണാകുളം അതിരൂപതയിൽനിന്നു കോതമംഗലം രൂപത ഉടലെടുക്കുകയും, അങ്ങനെ മലയാളസുറിയാനിരൂപതകളുടെ എണ്ണം ഏഴായിത്തീരുകയും ചെയ്തിരിക്കുകയാണു്. അതോടൊപ്പം ചങ്ങനാശ്ശേരി, പാലാ, കോട്ടയം എന്ന മൂന്നു രൂപതകൾ എറണാകുളം പ്രവിശ്യയിൽനിന്നു വേർപെട്ടു ചങ്ങനാശ്ശേരി കേന്ദ്രമാക്കി പുതിയ ഒരു പ്രവിശ്യ ഉദയംചെയ്തിരിക്കുന്നു. ഏവംവിധം കേരളക്രിസ്തീയസഭയ്ക്കും നമ്മുടെ സമുദായത്തിനും ഉണ്ടായിട്ടുള്ള അഭിവൃദ്ധിയിൽ നമുക്കു് ആനന്ദിക്കുകയും, ദൈവത്തിനു നന്ദിപ്രകാശിപ്പിക്കുകയും ചെയ്യാം.

ഈയവസരത്തിൽ, ദൈവമഹത്വത്തിനും ആത്മാക്കളുടെ രക്ഷയ്ക്കുംവേണ്ടിയുള്ള നമ്മുടെ പരിശ്രമങ്ങളെ നിങ്ങളുടെ പ്രാർത്ഥനകളാലും സഹായസഹകരണങ്ങളാ

## എറണാകുളം മെത്രാപ്പോലീത്തായുടേയും കോതമംഗലം മെത്രാൻേറയും

# സ്ഥാനാരോഹണപരിപാടികൾ

**9—1—57, ബുധൻ**

10-50 A. M—വിമാനത്താവളത്തിൽ കോതമംഗലം മെത്രാൻ തിരുമേനിക്കു സ്വീകരണം; എറണാകുളം അരമനയിലേക്കു കാറുകളുടെ അകമ്പടിയോടെ എതിരേൽപ്പ്.

3 P. M—മെത്രാപ്പോലീത്തായുടെ സ്ഥാനാരോഹണം. എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയെ അരമനയിൽനിന്നും മെത്രാപ്പോലീത്തൻ പള്ളിയിലേക്കു എതിരേല്ക്കുന്നു; പേപ്പൽ തിരുവെഴുത്തു് (ബുളാ) പ്രഖ്യാപനവും സ്ഥാനാരോഹണവും; വിശുദ്ധ കുർബാനയുടെ വാഴ്‌വും "ലാക്‌ആലാഹാ" എന്ന സ്തോത്രഗീതവും; മെത്രാപ്പോലീത്താ തിരുമനസ്സിലെ പ്രസംഗം.

4-30 P. M—അനുമോദനയോഗം—മെത്രാപ്പോലീത്തൻ പള്ളിയങ്കണത്തിൽ. എറണാകുളം അതിരൂപതയിലെ വൈദികരുടേയും ജനങ്ങളുടേയും വകയായ മംഗളപത്രങ്ങൾ മെത്രാപ്പോലീത്താ തിരുമേനിക്കും കോതമംഗലം മെത്രാൻ തിരുമേനിക്കും സമർപ്പിക്കപ്പെടും.

5-30 P. M—തിരുമേനിമാരുടെ ബഹുമാനാർത്ഥം അതിമെത്രാസനാരമനയുടെ അങ്കണത്തിൽവച്ചു ടീപാർട്ടി.

**10—1—57, വ്യാഴം**

9 A. M—കോതമംഗലം മെത്രാൻ തിരുമേനിയും മററു തിരുമേനിമാരും എറണാകുളത്തുനിന്നു കോതമംഗലത്തേക്കു പുറപ്പെടുന്നു.

10-30 A. M—ചന്തക്കവലയിൽനിന്നുള്ള ആഘോഷമായ സ്വീകരണം

11-30 A. M—സ്ഥാനാരോഹണം. കോതമംഗലം രൂപതാസ്ഥാപനത്തിൻേറയും മെത്രാൻനിയമനത്തിൻേറയും പേപ്പൽ തിരുവെഴുത്തുകളുടെ ഔദ്യോഗികമായ പ്രഖ്യാപനം; അഭിനവ മെത്രാൻെറ സ്ഥാനാരോഹണം; വിശുദ്ധ കുർബാനയുടെ വാഴ്‌വും "ലാക് ആലാഹാ" എന്ന സ്തോത്രഗീതവും.

12 A. M—അനുമോദനയോഗം—ഭദ്രാസനദേവാലയത്തിൻെറ അങ്കണത്തിൽ. കോതമംഗലം രൂപതയിലെ വൈദികരുടേയും ജനങ്ങളുടേയും വകയായി മംഗളപത്രങ്ങൾ മെത്രാപ്പോലീത്താ തിരുമേനിക്കും, അഭിനവമെത്രാൻ തിരുമേനിക്കും സമർപ്പിക്കും.

4-30 P. M—തിരുമേനിമാരുടെ ബഹുമാനാർത്ഥം സെൻറ് ജോർജ്ജ്സ് ഹൈസ്കൂൾ അങ്കണത്തിൽവച്ചു ടീപാർട്ടി.

—o—

# കാലംചെയ്ത എറണാകുളംമെത്രാപ്പോലീത്താ കണ്ടത്തിൽ മാർ ആഗ്ഗസ്തീനോസ് തിരുമനസ്സിലെ പ്രഥമ ചരമവാർഷികം

(മോസ്റ്റ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു്)



നമ്മുടെ അഭിവന്ദ്യപുരോഗാമിയും നമ്മുടെയെവരുടേയും വത്സലപിതാവുമായ മഹാവന്ദ്യദിവ്യശ്രീ കണ്ടത്തിൽ മാർ ആഗ്ഗസ്തീനോസ് തിരുമനസ്സുകൊണ്ടു് കാലംചെയ്തിട്ട് ഒരു വർഷം തികയുന്നതു് ഈ ജനുവരി 10-ാംനു ആണല്ലോ. മെത്രാൻ, മെത്രാപ്പോലീത്താ എന്നീ നിലകളിൽ 44 വർഷം നമ്മുടെ അതിരൂപതയുടെ നന്മയ്ക്കുവേണ്ടി അശ്രാന്തം പരിശ്രമിച്ച തിരുമേനിയെ കൃതജ്ഞതാനിർഭരമായ ഹൃദയത്തോടെ നമുക്കു സ്മരിക്കാം. ദൈവാലയങ്ങൾ, വിദ്യാലയങ്ങൾ, ആസ്പത്രികൾ തുടങ്ങി തൻെറ അജഗണത്തിൻെറ ആദ്ധ്യാത്മികവും ഭൗതികവുമായ ഉന്നമനത്തിനുവേണ്ടി അവിടുന്നു കെട്ടിപ്പടുത്തിട്ടുള്ള നിരവധി സ്ഥാപനങ്ങളുടെ തണലിൽ നിന്നുകൊണ്ടു നമുക്കു് അവിടുത്തേക്കു നിത്യശാന്തി നേരാം. തിരുമനസ്സിലെ വേർപാടിനെ തുടന്നു നമ്മൾ ഓരോരോപ്രകാരത്തിൽ അവിടുത്തെ നേർക്കുള്ള സ്നേഹാദരവുകൾ പ്രകാശിപ്പിക്കുകയുണ്ടായി. ഹൃദയസ്പൃക്കായ സംസ്കാരചടങ്ങു്, തിരുമേനിയുടെ കബറിടത്തിൽ ഒരു മാസത്തേക്കു തുടർച്ചയായി നടത്തിയ തിരുക്കർമ്മങ്ങൾ തുടങ്ങിയവ അതിനുദാഹരണങ്ങളാണു്. നമ്മുടെ അതിരൂപതയിൽപ്പെട്ട എല്ലാ പള്ളികളിലും തിരുമേനിയുടെ ആത്മശാന്തിക്കായി ദിവ്യബലി അപ്പിക്കുകയും, സാധുക്കൾക്കു മൃഷ്ടാന്നഭോജനം നൽകുകയും ചെയ്തു എന്നുള്ളതു പ്രത്യേകം പ്രസ്താവ്യമത്രെ. തിരുമേനിയോടു നമുക്കുള്ള ഭക്തിയും സ്നേഹവും നമ്മുടെ പ്രാത്ഥനകൾ വഴി നാമേവരും തുടന്നു പ്രകാശിപ്പിച്ചുകൊണ്ടിരിക്കുകയുമാണു്.

എന്നാൽ, തിരുമേനിയോടുള്ള നമ്മുടെ കടപ്പാടുകളെ അനുസ്മരിക്കുന്നതിനും പ്രകടിപ്പിക്കുന്നതിനുമുള്ള ഒരു വിശേഷാവസരമാണു് ഇപ്പോൾ സമാഗതമായിരിക്കുന്നതു്. തിരുമനസ്സിലെ പ്രഥമ ചരമവാർഷികദിനം അതിരൂപത ഒട്ടുക്കു യഥാവിധി ആചരിക്കണമെന്നു നാം ഉദ്ബോധിപ്പിച്ചുകൊള്ളുന്നു. ജനുവരി 9-ാംനു ബുധനാഴ്ച ഉച്ചയ്ക്കുമുമ്പായി അരമന പരിസരങ്ങളിൽവച്ചു സാധുക്കൾക്കു അന്നദാനം ഉണ്ടായിരിക്കും. 10-ാംനു നമ്മുടെ മെത്രാപ്പോലീത്തൻപള്ളിയിൽ പൊന്തിഫിക്കൽറാസ, ഒപ്പീസ്, പ്രസംഗം, തിരുമേനിയുടെ കബറിടത്തിൽ ശിലാസ്ഥാപനം എന്നീ ചടങ്ങുകൾ നടക്കുന്നതാണു്. തിരുക്കർമ്മങ്ങൾ കാലത്തു് ആറുമണിക്കാരംഭിക്കും. നിവൃത്തിയുള്ളവരെല്ലാം തദവസരത്തിൽ സന്നിഹിതരാകണമെന്നു നാം ആഗ്രഹിക്കുന്നു. കൂടാതെ ആ ദിവസം കഴിവുള്ളവർ കുമ്പസാരിച്ചു വിശുദ്ധ കർബാന സ്വീകരിച്ചു തിരുമേനിക്കുവേണ്ടി കാഴ്ചവയ്ക്കണം. നമ്മുടെ അതിരൂപതയിലുള്ള എല്ലാ ദൈവാലയങ്ങളിലും ഈ ജനുവരിമാസത്തിലെ ഏതെങ്കിലും ഒരു ദിവസം തിരുമേനിയുടെ ചരമവാർഷികം കൊണ്ടാടണമെന്നു നാം നിർദ്ദേശിക്കുന്നു. മരിച്ചവരുടെ റാസ, അതിനു സാധിക്കാത്തപക്ഷം പാട്ടുകുർബാന, ഒപ്പീസ്, സാധുക്കൾക്കു് അന്നദാനം എന്നിവ അന്നേ ദിവസം നടത്തുകയും ദുഃഖസൂചകമായി മണി അടിക്കുകയും വേണം.

നമ്മുടെ സ്നേഹപിതാവിൻെറ സ്മരണ ശാശ്വതീകരിക്കുന്നതിനുവേണ്ടി അതിരൂപതയുടെ ആസ്ഥാനമായ എറണാകുളത്തു് ഒരാസ്പത്രി പണ്ണുകൊണ്ടിരിക്കുന്നതു നിങ്ങൾക്കു് അറിവുള്ളതാണല്ലോ. പ്രസ്തുത സ്ഥാപനം അതിവേഗം പൂത്തിയായിക്കാണുവാൻ നാം ആഗ്രഹിക്കുന്നു. ആതുരസംരക്ഷണത്തിൽ ഉൽസുകനായിരുന്ന തിരുമേനിതന്നെ ഈ ആസ്പത്രിക്കു പ്ലാനിടുകയും, പ്രാരംഭ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുള്ളതിനാൽ ഇതു തിരുമേനിയുടെ നാമം നിലനിത്തുന്നതിനുള്ള ഏററവും ഉചിതമായ ഒരു സ്മാരകമായിരിക്കുമെന്നാണു നമ്മുടെ വിശ്വാസം. 10-ാംനു ദൈവാലയത്തിലെ തിരുകർമ്മാദികൾക്കുശേഷം ആസ്പത്രിയുടെ ഔപചാരികമായ ശിലാസ്ഥാപനം നിർവ്വഹിക്കപ്പെടുന്നതാണു്. (ഇടയലേഖനത്തിൽനിന്നു്)

—o—



തിരുമേനിയുടെ മൃതശരീരം കത്തീഡ്റൽപള്ളിയിലെ മദ്ബഹായിൽ സ്ഥാപിച്ചിരിക്കുന്നു

## മാർ അഗസ്ററിൻ തിരുമനസ്സിലെ പ്രഥമ ചരമവാർഷികപരിപാടി

**9—1—57, ബുധൻ**

10-30 A. M—സാധുക്കൾക്കു അന്നദാനം. നോത്തുസ്റ്റേഷനടുത്തുള്ള സെൻറ് അഗസ്റ്റിൻസ് ഹൈസ്കൂൾ പരിസരങ്ങളിൽ വച്ചു നടത്തപ്പെടും.

**10—1—57, വ്യാഴം**

6 A. M—അതിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയെ കത്തീഡ്രൽ പള്ളിയിലേക്കു കാനോനികമായി സ്വീകരിക്കുന്നു.

6-15 A. M—പൊന്തിഫിക്കൽ റാസ, മെത്രാപ്പോലീത്താ തിരുമേനി കാലംചെയ്ത മെത്രാപ്പോലീത്താ തിരുമേനിക്കുവേണ്ടി അർപ്പിക്കുന്നു.

7-30 A. M—കാലംചെയ്ത തിരുമേനിയുടെ കവറിടത്തിന്മേൽ ചങ്ങനാശ്ശേരി മെത്രാപ്പോലീത്താ തിരുമേനി സ്മാരകശില സ്ഥാപിക്കുന്നു; തുടർന്നു ഒപ്പീസുകൾ.

8 A. M—അനുസ്മരണാപ്രഭാഷണം—റൈറ്റ് റവ. ഡോക്ടർ മാത്യു പോത്തനാമൂഴി തിരുമനസ്സുകൊണ്ടു്.

9 A. M—കാലംചെയ്ത തിരുമേനിയുടെ സ്മാരകമായി നോത്തുസ്റ്റേഷനുസമീപം പണിയുന്ന "മാർ അഗസ്റ്റിൻ മെമ്മോറിയൽ ലിസ്സി ആശുപത്രി"യുടെ ശിലാസ്ഥാപനം.

ലും വിജയപ്രദമാക്കണമെന്നു്, ബലഹീനനായ നമ്മുടെ സൂക്ഷത്തിനു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന എറണാകുളം അതിരൂപതയിലെ നമ്മുടെ പ്രിയപ്പെട്ട വൈദികരോടും ജനങ്ങളോടും നാമഭ്യത്ഥിക്കുന്നു. ഇതു രാഷ്ട്രീയമായും സാമൂഹികമായും സാമ്പത്തികമായും പല പരിവത്തനങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാകയാൽ ഏവരും അന്യോന്യം വിട്ടുവീഴ്ചകൾചെയ്തു് ഐകമത്യത്തോടും സ്നേഹത്തോടുംകൂടി വത്തിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. വിശുദ്ധ പൗലോസ് എഫേസൂസ്കാക്കെഴുതിയതുപോലെ "സമാധാനബന്ധത്തിൽ ആത്മാവിൻെറ ഐക്യം പാലിക്കുവാൻ ഉത്സാഹിക്കുക" (എഫേ IV 3) എന്നു നാം വാത്സല്യപൂർവ്വം ഉദ്ബോധിപ്പിക്കുന്നു.

അറുപതിൽപ്പരം കൊല്ലങ്ങൾ ഏകയോഗക്ഷേമമായി ചെലവഴിച്ചശേഷം എറണാകുളം അതിരൂപതയിൽനിന്നു വേർപെട്ടുപോകുന്ന കോതമംഗലം രൂപതയിലെ വൈദികരോടും വിശ്വാസികളോടും രണ്ടുവാക്കു പറയേണ്ടതു നമ്മുടെ കടമയാണു്. ആരക്കുഴ, കോതമംഗലം, മൈലക്കൊമ്പു് എന്നീ മൂന്നു ഫൊറോനകളാണു കോതമംഗലം രൂപതയായി രൂപംകൊള്ളുന്നതെന്നറിയുന്നു. നിങ്ങൾ പിരിഞ്ഞുപോകുന്നതിൽ നമുക്കു കുണ്ഠിതമുണ്ടെന്നുവരികിലും, ദൈവത്തിൻെറ മഹത്വത്തിനും നിങ്ങളുടെ ഏവരുടേയും ആദ്ധ്യാത്മികവും ഭൗതികവുമായ പുരോഗതിക്കും ഈ വിഭജനം സഹായകമാകുമെന്നുള്ള വസ്തുത അനല്പമായ ചാരിതാത്ഥ്യത്തിനു വക നൽകുന്നുണ്ടു്. മാത്രമല്ല, എറണാകുളം അതിരൂപതയുടെ വികാരിജനറാൾ എന്ന നിലയിൽ ദീർഘനാൾ ഭരണസാരഥ്യം വഹിച്ചിട്ടുള്ള പരിചയസമ്പന്നനായ ഒരു തിരുമേനിയുടെ കരങ്ങളിലാണു നിങ്ങളുടെ ഭാവി നിക്ഷിപ്തമായിരിക്കുന്നതു് എന്നതിൽ നമുക്കു സന്തോഷിക്കുന്നതിനു പ്രത്യേകാവകാശമുണ്ടു്. നിങ്ങൾക്കായി ഒരു പുതിയ രൂപതയേയും, ഒരു വൈദികമേലദ്ധ്യക്ഷനേയും ലഭിച്ചതിൽ നിങ്ങളെ നാം അനുമോദിക്കുന്നു. അതോടൊപ്പം അതിരൂപതയുടെ വികാരിജനറാൾ, അഡ്മിനിസ്ട്രേററർ അപ്പസ്തോലിക് എന്നീ നിലകളിൽ നാം നിങ്ങളുമായി ബന്ധപ്പെട്ടിരുന്ന അവസരത്തിൽ നിങ്ങൾ പ്രദശിപ്പിച്ചുവന്ന സൗഹാദ്ദത്തിനും സന്മനോഭാവത്തിനും ഹൃദയംഗമമായ നന്ദി പ്രകാശിപ്പിക്കുവാനും ഈയവസരം നാം വിനിയോഗിച്ചുകൊള്ളുന്നു. കോതമംഗലം രൂപത എറണാകുളം അതിരൂപതയിൽനിന്നു ഭരണസംബന്ധമായ കാര്യങ്ങളിൽ വേർപിരിയുന്നെങ്കിലും, മെത്രാപ്പോലീത്താ എന്ന നിലയിൽ നമുക്കു നിങ്ങളുമായുള്ള ബന്ധം തുടരുന്നതുകൊണ്ടു നിങ്ങളുടെ അഭ്യുന്നതിയിലും കഴിവുള്ള ശ്രദ്ധ പതിക്കുന്നതാണെന്നു നാം ഉറപ്പുപറഞ്ഞുകൊള്ളട്ടെ. നാനാതരത്തിലുള്ള വിപത്തുകൾ നമ്മുടെ സഭയേയും സമുദായത്തേയും തുറിച്ചുനോക്കുന്ന ഈ ഘട്ടത്തിൽ അതിരൂപതയും സാമന്തരൂപതകളും ഏകോപിച്ചു പ്രവത്തിക്കണമെന്നു പ്രത്യേകം പറയേണ്ട ആവശ്യമില്ലല്ലോ.

മലയാളസുറിയാനി ഹയരാക്കിയുടെ ഈ പുനസ്സംഘടന സഭയുടേയും സമുദായത്തിൻേറയും അഭ്യുന്നതിക്കു നിദാനമായി ഭവിക്കട്ടെ.




കോതമംഗലത്തെ [ത്രാല്ലാലികഅരമന



ഡിന്നറിൽ സംബന്ധിച്ച ഇൻഡ്യാക്കാർ

(7-ാം പേജ് തുടർച്ച)
യുമായി പോയിരുന്നു. മെത്രാനെ സേവിക്കുന്നതിനു ഇവർ കാണിച്ച താല്പര്യത്തെക്കുറിച്ച് അജ്ഞാനികൾ അത്ഭുതപ്പെട്ടിരുന്നു."

"പിന്നീട് മെത്രാനച്ചൻ കോതമംഗലത്തേക്കു യാത്രതിരിച്ചു. കോതമംഗലത്തെ എല്ലാ ക്രിസ്ത്യാനികളും അക്കാലത്തു കത്തോലിക്കാ വിശ്വാസികളായിരുന്നു. അവർക്കു അന്നു ഒരു മെത്രാനേ ഉണ്ടായിരുന്നുള്ളു. അതു് ആർച്ചു് ബിഷപ്പു് റോസ് ആയിരുന്നു. അക്കാലത്തൊന്നും പുത്തൻകൂറപ്പിനെ പല്ലക്കിൽ വഹിച്ചുകൊണ്ടു് പോവുകയാണു് ചെയ്തതു്. അവിടത്തെ റോഡ് തീരെ മോശമായിരുന്നു. ഒരു ദിവസം മഴവൻ യാത്രചെയ്താലും പള്ളിയിലെത്തിച്ചേരാൻ അസാദ്ധ്യമായിരുന്നു. ധനികനായ ഒരു ക്രിസ്ത്യാനിയുടെ ഭവനത്തിൽ ബിഷപ്പു് രാത്രി കഴിച്ചുകൂട്ടി. ഈ ക്രിസ്ത്യാനി അദ്ദേഹത്തെ രാജോചിതമായി ബഹുമാനിച്ചു സ്വീകരിച്ചു. പിറ്റെ ദിവസം നാട്ടിലെ പ്രധാനി മെത്രാനെ നേരെയുള്ള ബ ചരിദ്മമോ യാക്കോബായക്കാരോ ഉണ്ടായിരുന്നില്ല. അതിനാൽ കോതമംഗലത്തെ എല്ലാ ക്രിസ്ത്യാനികളും ബിഷപ്പു് റോസിനെ സ്വന്തമെത്രാനായി സ്വീകരിക്കുകയും ബഹുമാനിക്കുകയും ചെയ്തു.

എഴുത്തിൽ ഇങ്ങനെ പറയുന്നു:- "കോതമംഗലം ഒട്ടും കുറയാതെ മൂന്നു ലീഗു അകലെയാണു്. 25000 ആശ്രിതന്മാരുള്ള വേറൊരു ക്രിസ്ത്യാനി (അവിടെ) ബിഷപ്പിനെ അനുഗമിച്ചു. ബിഷ

ഹുമാനസൂചകമായി ഒരു ആനയെ അയച്ചു" (ഇതിൽ 25,000) ആശ്രിതന്മാരുള്ളതായി പറയപ്പെടുന്ന ക്രിസ്ത്യാനി ആരെന്നു തീർച്ചയില്ല"

"കോതമംഗലത്തു് ആദ്ധ്യാത്മികഫലം വളരെ സമൃദ്ധമായിരുന്നു. വിശുദ്ധ വാരത്തിലെ മതകർമ്മങ്ങൾ മെത്രാൻതന്നെ നിർവഹിച്ചു. വിശുദ്ധ തൈലങ്ങളുടെ കൂദാശകർമ്മവും പാദപ്രക്ഷാളനവും ഏററവും ഭക്തിസംവർദ്ധകമായിരുന്നു. തന്റെ ശിഷ്യനായ സൈമൺ എന്ന പേരോടുകൂടിയ ഒരു കത്തനാരുടെ (മെത്രാനച്ചൻ വൈപ്പിക്കോട്ട സിമ്മനാരി റെക്ടറായിരുന്നതുകൊണ്ടു് അനവധി ശിഷ്യന്മാരെ പഠിപ്പിച്ചു പല സ്ഥലങ്ങളിലേക്കു് അയച്ചിട്ടുണ്ടായിരുന്നു) കാൽ കഴുകുവാൻ മെത്രാൻ തുടങ്ങിയപ്പോൾ പ്രസ്തുത കത്തനാർ പൊട്ടിക്കരഞ്ഞുപോയി. പള്ളി മുഴുവനിലും അതോടെ കരച്ചിലും കണ്ണീരുമായിത്തീർന്നു. മററ സൈമണെയും ഈശോ അദ്ദേഹത്തിന്റെ കാൽ കഴുകിയതും എല്ലാവരും അനുസ്മരിച്ചു. പരസ്യമായി വിശുദ്ധ കുർബാന എഴുന്നെള്ളിച്ചു വയ്ക്കുന്നതിനു് ഒരു പീഠവും അദ്ദേഹം തയ്യാർ ചെയ്തിരുന്നു. അടുത്ത ദിവസം മെത്രാൻ കർത്താവിന്റെ പീഡാനുഭവങ്ങളെപ്പററി പ്രസംഗിച്ചു. അപ്പോഴും പലരും ഭക്തിപാരവശ്യം നിമിത്തം കണ്ണീർ വാർത്തുപോയി." (മെത്രാനച്ചനു സുറിയാനിയെന്നപോലെ മലയാളത്തിലും നല്ല പാണ്ഡിത്യമുണ്ടായിരുന്നു.)

"കഴിയുന്നത്ര ആഘോഷത്തോടുകൂടി ഉയിർപ്പു് തിരുനാളും ആഘോഷിച്ചു. ഇതു സംബന്ധിച്ചു ആഘോഷങ്ങൾ പല ദിവസത്തേക്കു് നീണ്ടുനിന്നു. ഈ സന്ദർശനംമൂലം മെത്രാൻ വളരെ വലിയ ഗുണം ചെയ്തു. അദ്ദേഹത്തിന്റെ വേർപാടു് അതിയായ ദുഃഖത്തിനു കാരണമായി."

## പൗരോഹിത്യ കനകജൂബിലി

പുതിയകാവുപള്ളി വികാരി കുരിശുങ്കൽ ബ. യോഹന്നാൻ അച്ചൻ അവർകളുടെ പൗരോഹിത്യസുവർണ്ണജൂബിലി ഡിസമ്പർ 27-ാംനു സാഘോഷം കൊണ്ടാടിയിരിക്കുന്നു. രാവിലെ ജൂബിലേറിയൻ സ്ലപസ്സുകുർബാന പാടുകയും പരിശുദ്ധകുർബാനയുടെ വാഴ്വും "തെദേവും" എന്ന സ്തോത്രഗീതവും നടത്തുകയും ചെയ്തു. പ്രത്യേകാനുവാദപ്രകാരം ജനങ്ങൾക്കു മാർപ്പാപ്പായുടെ ആശീർവ്വാദവും നൽകപ്പെട്ടു. തദനന്തരം ശ്രീ ജേക്കബ് കിത്തു ബി. എ. അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗത്തിൽ ഇടവകജനങ്ങളുടെ മംഗളപത്രവും സൊഡാലിററിക്കാരുടെ ജ്ഞാനപുഷ്പമഞ്ജരിയും സമർപ്പിക്കപ്പെട്ടു. ജൂബിലേറിയന്റെ വകയായി സാധുക്കൾക്കു അന്നദാനവും ഉണ്ടായിരുന്നു

—o—

സുവിശേഷഗ്രന്ഥങ്ങളുടെ അതിപ്രാചീനകൈയെഴുത്തുപ്രതികളിൽനിന്നുള്ള ഉദ്ധരണികൾ ഉൾപ്പെടുത്തി വത്തിക്കാൻ ലൈബ്രറി ഒരു ഡോക്കുമെൻററി ഫിലിം നിർമ്മിച്ചിരിക്കുന്നു.



തിരുമേനി യൂറോപ്പു് പര്യടനത്തിനു റോമിൽനിന്നു പുറപ്പെടുന്നു



ഓർത്തോഡോക്സ് മെത്രാപ്പോലീത്തായുടെ പ്രതിനിധി മാർത്തോമ്മാ ശ്ലീഹായുടെ തിരുശേഷിപ്പു നവാഭിഷിക്തനു സമ്മാനിക്കുന്നു

ദി ഇൻഡ്യൻ ഇൻഷുറൻസ് ആൻറ് ബാങ്കിംഗ് കോർപൊറേഷൻ ലിമിറ്റഡ്,

ഹെഡാപ്പീസ് — തൃശ്ശിവപേരൂർ.

ബ്രാഞ്ചുകൾ.—ആലുവാ, കോഴിക്കോട്, ചാവക്കാട്, സേലം, തത്തമംഗലം, തിരൂർ & തൃശ്ശിവപേരൂർ.

തിരൂർ ബ്രാഞ്ചിൽ നിന്നും 1957 ജനുവരിമാസം 24-ാംതിയ്യതി മുതൽ തുടങ്ങുന്ന

# പുതിയ ത്രൈമാസലേലക്കുറി

24 നമ്പ്ര് 24 തവണ 6 കൊല്ലം. നമ്പ്രിൽ 6 ഗ്രൂപ്പ്

| ഗ്രൂപ്പ് | ഓരോ ഗ്രൂപ്പിന്റെ ആകെ നറുക്ക് | ഓരോ നറുക്കിന്റെ തവണ സംഖ്യ | സല | സ്ഥിരം ഡിസ്കൗണ്ട് | കുറിസംഖ്യ |
|---|---|---|---|---|---|
| A | 24 | Rs. 500. | Rs. 12,000. | Rs. 2,000. | Rs. 10,000. |
| B | 24 | Rs. 250. | Rs. 6,000. | Rs. 1,000. | Rs. 5,000. |
| C | 24 | Rs. 200. | Rs. 4,800. | Rs. 800. | Rs. 4,000. |
| D | 24 | Rs. 150. | Rs. 3,600. | Rs. 600. | Rs. 3,000. |
| E | 24 | Rs. 100. | Rs. 2,400. | Rs. 400. | Rs. 2,000. |
| F | 24 | Rs. 50. | Rs. 1.200. | Rs. 200. | Rs. 1,000. |

സ്ഥിരം പലിശക്കിഴിവിന്നു് പുറമെ ലേലക്കിഴിവുംകൂടി കിട്ടാത്ത നറുക്കുകാർക്കു് വീതിക്കപ്പെടുന്നതാകുന്നു.

കൂടുതൽ വിവരങ്ങൾക്കു് ഹെഡാപ്പീസിലൊ, ബ്രാഞ്ചുകളിലൊ അന്വേഷിക്കുക.

എം. ജെ. ഇട്ട്യേച്ചൻ,
ഏജൻറ്, തിരൂർ ബ്രാഞ്ച്.

# നവാഭിഷിക്തൻ ഓർത്തോണായിൽ

ഓർത്തോണാ മെത്രാപ്പോലീത്താ മോൺ: മീലിയൊരിനിയുടെ പ്രത്യേകക്ഷണമനുസരിച്ചു് മാർ മാത്യു പോത്തനാമുഴി തിരുമേനി നവമ്പർ 24-ാംനു- ശനിയാഴ്ച വൈകിട്ടു് 9-30 നു് മാർത്തോമ്മാശ്ലീഹായുടെ ശരീരാവശിഷ്ടങ്ങൾ സൂക്ഷിച്ചിരിക്കുന്ന കത്തീഡ്രൽ ദേവാലയത്തിലെത്തി. അതിരൂപതാ ചാൻസലർ മോൺ: അന്തോണിയോ പൊളീത്തി ഔദ്യോഗികമായി സ്വീകരിച്ചു. പിറേറദിവസം ഞായറാഴ്ച 10 മണിക്കു് അകമ്പടിയോടുകൂടി മെത്രാൻതിരുമേനിയെ കത്തീഡ്രലിലേക്കു ഘോഷയാത്രയായി കൊണ്ടുപോയി. അന്നേദിവസം ഓർത്തോണാക്കാർ ഒരു പെരുന്നാളായിട്ടാണു് ആഘോഷിച്ചതു്.

കത്തീഡ്രലിൽ പ്രവേശിച്ച ഉടനെ മാർത്തോമ്മാശ്ലീഹായുടെ പൂജ്യാവശിഷ്ടങ്ങൾ നിക്ഷേപിച്ചിരിക്കുന്ന അൾത്താരയിൽചെന്നു് ധൂപം സമപ്പിച്ചു് ആചാരം ചെയ്തതിനുശേഷം തിരുശേഷിപ്പു വച്ചിരിക്കുന്ന പേടകം വലിയ അൾത്താരയിലേക്കു കൊണ്ടുപോയി. ബ. ജോസഫ് കോയിക്കക്കുടി, ജോൺ മാതേക്കർ ഇവരാണു് പേടകം വഹിച്ചിരുന്നതു്. കത്തീഡ്രലിലുണ്ടായ തിക്കംതിരക്കും നിയന്ത്രിക്കാൻ പോലീസുകാർ ഇടപെടേണ്ടിവന്നു. വി. ശ്ലീഹായോടു് പ്രത്യേകഭക്തിയുള്ള ഓർത്തോണാനിവാസികൾ അവിടുത്തെ ഒരു പിൻഗാമിയും പുത്രനുമായ നവമെത്രാൻെറ സാന്നിദ്ധ്യത്തിൽ അഭിമാനംകൊള്ളുകയുണ്ടായി.

വന്ദ്യ പിതാവു് അവിടെ ദിവ്യബലി അപ്പിച്ചു. സുവിശേഷവായനയ്ക്കുശേഷം വികാരിജനറാൾ നവമെത്രാനെ അഭിനന്ദിച്ചു് ഒരു പ്രസംഗംചെയ്തു. കുർബാനയ്ക്കുശേഷം മെത്രാനച്ചൻ തിരുമേനി മലയാളത്തിൽ പത്തുമിനിട്ടു നേരം പ്രസംഗിച്ചു. "ഓർത്തോണായും മലബാർസഭയും തമ്മിൽ അതിസ്വാഭാവികമായ ബന്ധമാണുള്ളതു്. അനേകായിരം മൈൽ ദൂരത്തിൽ അധിവസിക്കുന്നവരെ ഇപ്രകാരം കൂട്ടിച്ചേർക്കുന്ന ബന്ധം വി. തോമ്മാശ്ലീഹായാണു്. നിങ്ങൾക്കു ഞങ്ങളോടുള്ള സ്നേഹത്തിൻെറ ഫലമായിട്ടാണു് ശതാബ്ദാഘോഷാവസരത്തിൽ തിരുശേഷിപ്പുകളുടെ ഒരു നല്ലഭാഗം മലബാറിനു നൽകപ്പെട്ടതു്. കൂടാതെ മെത്രാൻപട്ടാഭിഷേകച്ചടങ്ങുകളിൽ സഹകാർമ്മികനാകാൻ നിങ്ങളുടെ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു സമ്മതിച്ചതും ഒരു സ്നേഹപ്രകടനംതന്നെയാണു്. മെത്രാൻപട്ടാഭിഷേകാവസരത്തിൽ എനിക്കു നിങ്ങൾ സമ്മാനിച്ച തിരുശേഷിപ്പിനും വളരെ നന്ദി പറഞ്ഞുകൊള്ളുന്നു.

"ഞങ്ങൾ മാർത്തോമ്മാശ്ലീഹായുടെ മക്കളാണു്. ഞങ്ങളുടെ നാടായ ഭാരതത്തിൽ വളരെ ചുരുങ്ങിയ ശതമാനംപേരേ സത്യമതാനുയായികളായിട്ടുള്ളു. വി. ശ്ലീഹായുടെ അനന്തരാവകാശസ്ഥാനിയെന്ന നിലയിൽ ദൈവരാജ്യം പരത്തേണ്ടതു് എൻെറ കടമയാണു്. "നിൻെറ രാജ്യം വരണം" എന്നു ഞാൻ തിരഞ്ഞെടുത്തിരിക്കുന്ന മുദ്രാവാക്യത്തിനൊത്തു പ്രവത്തിക്കാൻ നിങ്ങളുടെ പ്രാർത്ഥന സഹായിക്കാതിരിക്കയില്ല. നിങ്ങൾ എന്നെ നിങ്ങളുടെ സ്വന്തം ആളിനെപ്പോലെ കരുതി ചെയ്ത സ്വീകരണത്തിനു് ഞാനും എൻെറ രൂപതയിലെ ജനങ്ങളും കൃതജ്ഞത പ്രകടിപ്പിച്ചുകൊള്ളുന്നു." വികാരിജനറാൾ, ചാൻസലർ ഇവർക്കു ഒരിക്കൽക്കൂടി നന്ദിപറഞ്ഞുകൊണ്ടു് പ്രസംഗം അവസാനിപ്പിച്ചു. തിരുമേനി മലയാളത്തിൽചെയ്ത ഈ പ്രസംഗം ബ: ജോസഫ് കോയിക്കക്കുടി ഇററാലിയനിലേക്കു തജ്ജമചെയ്തു് സന്നിഹിതരായവർക്കു മനസ്സിലാക്കിക്കൊടുത്തു.

പ്രസംഗശേഷം വീണ്ടും തിരുശേഷിപ്പുകൾക്കു് ധൂമം സമപ്പിച്ചു. അതിനുശേഷം തിരുശേഷിപ്പുകളുടെ അൾത്താരയിലേക്കു പ്രദക്ഷിണമായി തിരികെപ്പോയി. തദവസരത്തിൽ തിരുശേഷിപ്പുകളുടെ പേടകം വഹിച്ചിരുന്നതു് ബ: സെബാസ്റ്റ്യൻ മങ്കുഴിക്കരി, ബ: നടയത്തു്, മി. ചെറിയാൻ ഇലഞ്ഞിക്കൽ ഇവരായിരുന്നു.

അന്നുച്ചയ്ക്കു നടത്തപ്പെട്ട വിരുന്നിൽ ഓർത്തോണാനഗരത്തിലെ മതാധികാരികളും രാഷ്ട്രാധികാരികളുമുൾപ്പെടെ ഒട്ടുവളരെപ്പേർ പങ്കുകൊണ്ടു. അതുകഴിഞ്ഞു് ഒരു കാറിൽ പട്ടണം സന്ദർശിക്കാനായി തിരുമേനിയും പാർട്ടിയും പോവുകയുണ്ടായി. ഓർത്തോണാ വലിയ പട്ടണമൊന്നുമല്ല. യുദ്ധകാലത്തു ബോംബുവീണതുമൂലം വളരെ നഷ്ടങ്ങൾ അനുഭവിച്ചിട്ടുള്ള ഒരു സ്ഥലമാണതു്. ഇപ്പോൾ പുനരുദ്ധാരണപണികൾ നടന്നുവരുന്നു. അവിടത്തെ ജനങ്ങൾ വളരെ തീക്ഷ്ണതയുള്ള കത്തോലിക്കരാണെന്നു് അവിടത്തെ കുടുംബജീവിതക്രമത്തിൽനിന്നു മനസ്സിലാക്കാൻ കഴിയും.



തിരുമേനി ഒർത്തോണാനഗരത്തിലൂടെ നടന്നുപോകുന്നു



ഒർത്തോണാ വികാരിജനറാൾ അഭിനവമെത്രാനെ അനുമോദിച്ചു് പള്ളിയിൽ പ്രസംഗിക്കുന്നു



ഒർത്തോണാപള്ളിയിൽ കുർബാനയ്ക്കിടയിൽ തിരുമേനി സിംഹാസനത്തിൽ ഇരിക്കുന്നു

## പാദ്രെ പിയോയെ സന്ദർശിച്ചു

അന്നുതന്നെ നാലരമണിക്കു് ഫോജിയാ എന്ന സ്ഥലത്തേക്കു തിരിച്ചു. അത്ഭുതകരങ്ങളായ പഞ്ചക്ഷതങ്ങൾ സിദ്ധിച്ചിട്ടുള്ള ഒരു വൈദികനാണല്ലൊ പാദ്രെ പിയോ. ദിവസം മുഴുവൻ നൊയമ്പിലും പ്രാത്ഥനയിലും കഴിക്കുന്നു. ദിവ്യബലി അപ്പിക്കുന്നതിനു് ദിവസവും ഒന്നരമണിക്കൂർ എടുക്കും. കുർബാനകഴിഞ്ഞാൽ ഉടനെ കുമ്പസാരിപ്പിക്കലാണു് അദ്ദേഹത്തിൻെറ മുഖ്യജോലി. രാവിലെ കുർബാനതുടങ്ങുന്നതു് നാലേമുക്കാലിനാണു്. കഴിയുമ്പോൾ ഉടനെ കുമ്പസാരക്കൂട്ടിൽ പോയിരുന്നാൽ ഒൻപതരയാകും പുറത്തുവരുമ്പോൾ. ധാരാളമാളുകൾ കുമ്പസാരിക്കുന്നതിനും അദ്ദേഹത്തിൽനിന്നു് ഉപദേശങ്ങൾ സ്വീകരിക്കുന്നതിനുമായി ഓടിക്കൂടിക്കൊണ്ടിരിക്കുന്നു.

മെത്രാനച്ചൻ തിരുമേനിയോടു് ലത്തീനിൽ സംസാരിച്ചു. രൂപതയുടെ വിസ്തീർണ്ണം, കത്തോലിക്കരുടെ എണ്ണം, സെമ്മിനാരിവിദ്യാർത്ഥികളുടെ എണ്ണം ഇവ അദ്ദേഹം ചോദിച്ചുമനസ്സിലാക്കുകയുണ്ടായി. ഈ വിവരങ്ങൾ കേട്ടപ്പോൾ അദ്ദേഹം ലത്തീനിൽ ഇപ്രകാരം പറഞ്ഞു: "Messis quidem magna; operarii autem pauci" എന്നു്. എല്ലാവരേയും അനുഗ്രഹിച്ചു. കൈകൾ മുറിവുകാണാത്തവിധം മൂടിയിരിക്കുന്നു. അഭിവന്ദ്യ തിരുമേനി തൻെറ രൂപതയ്ക്കുവേണ്ടി പ്രാത്ഥിക്കാൻ "പാദ്രെ പിയോ"യോടു ആവശ്യപ്പെട്ടു. അന്നു 12-5 നു് അവിടെനിന്നു തീവണ്ടിമാർഗ്ഗം പുറപ്പെട്ടു് 6-30 നു് റോമിലെത്തി.

## പ്രൊപ്പഗാന്താ കോളേജിൽ സ്വീകരണം

നവമ്പർ 22-ാം തീയതി കോതമംഗലം രൂപതയിൽപ്പെട്ട പുന്നയ്ക്കപ്പടവിൽ ജോസഫ് എന്ന വൈദികവിദ്യാത്ഥിക്കു് "കാറോയ"പട്ടം കൊടുക്കുകയുണ്ടായി. അതിനുശേഷം മെത്രാൻ തിരുമനസ്സുകൊണ്ടു് ഈ കോളേജിലെ മലയാളിവിദ്യാത്ഥികളുടെമദ്ധ്യേ കുറേസമയം ചിലവഴിച്ചു. തദവസരത്തിൽ മാർത്തോമ്മാ മലയാളസമാജത്തിൻെറ ആഭിമുഖ്യത്തിൽ ഒരു അനുമോദനയോഗം കൂടുകയുണ്ടായി. സമാജാദ്ധ്യക്ഷൻ ബ. ഫിലിപ്പു് ചെമ്പകം (കൊല്ലം) സ്വാഗതപ്രസംഗം നടത്തി. ബ. മാർസൽപാലിയത്തു് (ആലപ്പുഴ) നവമെത്രാനെ അനുമോദിച്ചു പ്രസംഗിച്ചു. ബ. ജോർജ്ജ് ചില്ലിക്കൂടത്തിൽ (വരാപ്പുഴ) മലയാളത്തിൽ ഒരനുമോദനഗാനം ആലപിച്ചു. അവസാനം മെത്രാൻതിരുമേനി എല്ലാവർക്കും നന്ദിപ്രകടിപ്പിച്ചുകൊണ്ടു് ഇപ്രകാരം പറഞ്ഞു: "നിങ്ങളുടെമദ്ധ്യേ ചില വഴിക്കാൻ കഴിഞ്ഞ ഈ സമയം എനിക്കു വളരെ ആഹ്ലാദപ്രദവും ആശ്വാസപ്രദവുമാണു്. എൻെറ അഭിഷേകച്ചടങ്ങുകളിൽ നേരിട്ടു പങ്കുകൊള്ളാൻ അഭിലഷിക്കുന്ന മലബാർ ജനതയെയാണു് നിങ്ങൾ പ്രതിനിധീകരിക്കുന്നതു്. എൻെറ കഴിവുകൾക്കതീതമായ ഒരു ഭാരമാണു് എന്നിൽ വയ്ക്കപ്പെട്ടിരിക്കുന്നതു്. പക്ഷെ ദൈവത്തിലാശ്രയിച്ചുകൊണ്ടു് മുന്നേറാമെന്നു എനിക്കുറപ്പുണ്ടു്. കാരണം ദൈവം ഒരാളെ ഒരു പ്രത്യേകസ്ഥാനത്തേക്കു വിളിക്കുമ്പോൾ അതിനുവേണ്ട അനുഗ്രഹങ്ങളുംകൂടി നൽകുന്നു. ഈ അനുഗ്രഹങ്ങൾ വേണ്ടുംവണ്ണം ഉപയോഗിച്ചു് ഏതാണ്ടു് ഇല്ലായ്മയുടെ സ്ഥിതിയിലിരിക്കുന്ന കോതമംഗലംരൂപതയെ ഉയത്താമെന്നു് എനിക്കു പ്രതീക്ഷയുണ്ടു്. ഈ നിത്യനഗരത്തിലുള്ള നിങ്ങളുടെ വാസകാലത്തും അതിനുശേഷവും പുതിയ രൂപതയ്ക്കും ജനങ്ങൾക്കും വേണ്ടി പ്രാത്ഥിക്കണമെന്നു് ഞാൻ അപേക്ഷിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ."

മെത്രാൻപട്ടാഭിഷേകം പ്രമാണിച്ചു് "കേരളനാദം" എന്ന കൈയെഴുത്തുമാസികയുടെ ഒരു വിശേഷാൽലക്കം പുറപ്പെടുകയുണ്ടായി. മെത്രാൻതിരുമേനി അതിലെ ഉള്ളടക്കം വായിച്ചുനോക്കുകയും എല്ലാററിനും പ്രത്യേകം നന്ദി പ്രകാശിപ്പിക്കുകയുംചെയ്തു.



അസാദ്ധ്യകാര്യങ്ങളുടെ മദ്ധ്യസ്ഥനായ വി. ലെബൈശ്ലീഹായുടെ സഹായത്താൽ എനിക്കു ജോലികിട്ടിയതിനു ഉപകാരസ്മരണ.

U. J. Jose, Ollur


തൃശ്ശിവപേരൂർ ലൂർദ്ദ് പള്ളി

ബ: കേരള ഗവമ്മെണ്ടിൽനിന്നുംസിദ്ധിച്ച D. Dis. Ins. 3-12216/56 നമ്പ്ര് ഓർഡർ അനുസരിച്ചു തുടങ്ങുന്ന

പുതിയ മാസക്കുറി

111 നറുക്കു്. നറുക്കു് 1 ക്കു് 100 ക. 11100 ക. സല

ആദ്യനറുക്കെടുപ്പ്:— 1957 ഫെബ്രുവരി 11—ാംനു—

കുറിയിൽ കുറഞ്ഞതു് 1/32നറുക്കു് (3ക. 2 ണയുടെ വീതം) വരെ ചേരാവുന്നതാണു്.

കൂടുതൽ വിവരത്തിനും അപേക്ഷാഫാറത്തിനും കുറിയാപ്പീസിൽ ആവശ്യപ്പെടുക:-

TRICHUR, ) VICAR & TRUSTEE
15-11-1956 ) THE LOURDES CHURCH KURI OFFICE

ചന്ദ്രിക REGD. ഔഷധസോപ്പ്

ചുണങ്ങ്, താരൻ, മുഖക്കുരു മുതലായവയ്ക്ക്

S.V.PRODUCTS, IRINJALAKUDA

ആദ്ധ്യാത്മികവീഥി

# ദിവ്യബലിയും ത്യാഗപരജീവിതവും

(തുടർച്ച)

ദൈവത്തിൻെറ വത്സലമക്കളേ,

എല്ലാമനുഷ്യരും തങ്ങളുടെ നെററിയിലെ വിയപ്പുകൊണ്ടു് ഭക്ഷണം കഴിക്കണമെന്നാണു ദൈവം നിശ്ചയിച്ചിരിക്കുന്നതു്. നെററിയിലെ വിയപ്പു കായക്ലേശത്തെയാണു മുഖ്യമായി സൂചിപ്പിക്കുന്നതെങ്കിലും അതു് അക്ഷരാത്ഥത്തിൽ ധരിക്കണമെന്നില്ല. മാനസികമായോ കായികമായോ ബുദ്ധിമുട്ടി ഓരോരുത്തനും അവനവൻെറ സ്ഥിതിക്കനുസരണമായി എന്തെങ്കിലും ജോലിയിൽ വ്യാപ്റതരായിരിക്കണമെന്നാണു ദൈവതിരുമനസ്സ്. മിശിഹായും ശ്ലീഹന്മാരും തങ്ങളുടെ നിത്യവൃത്തിക്കായി ജോലി ചെയ്തിരുന്നതായി വിശുദ്ധ ഗ്രന്ഥം സാക്ഷിക്കുന്നുണ്ടു്. "നിങ്ങളിൽ ചിലർ ഒട്ടും വേല ചെയ്യാതെ ചരിദ്രക്കാരായി നടക്കുന്നു എന്നു ഞങ്ങൾ കേട്ടു. ഇപ്രകാരമുള്ളവർ മിണ്ടാതെ വേലചെയ്തുകൊണ്ടു്, അവരുടെ അപ്പത്തെ ഭക്ഷിക്കണമെന്നു നമ്മുടെ കർത്താവീശോമിശിഹായിൽ അവരോടു ഞങ്ങൾ അറിയിക്കയും അപേക്ഷിക്കയും ചെയ്യുന്നു" എന്നു വി. പൗലോസ് അന്നത്തെ ക്രിസ്ത്യാനികളോടു ഉപദേശിച്ചിട്ടുള്ളതും സ്മരണീയമാണു്.

വേല ആരംഭത്തിൽ പാപത്തിനു ശിക്ഷയായിട്ടാണു കല്പിക്കപ്പെട്ടിട്ടുള്ളതെങ്കിലും, അതു പാപപ്പരിഹാരം മാത്രമല്ല പാപത്തിൽ വീഴാതിരിക്കുന്നതിനും പുണ്യയോഗ്യത വർദ്ധിപ്പിക്കുന്നതിനും ഉള്ള ഒരു മാർഗ്ഗവും കൂടിയാണു്. അതിനാൽ ദിവ്യപൂജയിൽ വളരെ ഫലപ്രദമായി ദൈവത്തിനു കാഴ്ചവയ്ക്കാവുന്നതും വയ്ക്കേണ്ടതുമാണു് നമ്മുടെ അനുദിന ജോലികൾ എന്നു സിദ്ധിക്കുന്നു.

നാം ദിവസേനയോ അഥവാ ആഴ്ചതോറുമോ ദിവ്യബലിയിൽ സംബന്ധിക്കുമ്പോൾ ദൈവഹിതമനുസരിച്ചു ഉപകാരപ്രദമായ എന്തെങ്കിലും ജോലി നമുക്കുണ്ടോ എന്നും ഉണ്ടെങ്കിൽ അതു വേണ്ടത്ര ശ്രദ്ധയോടുകൂടി ബുദ്ധിമുട്ടി ചെയ്യുന്നുണ്ടോ എന്നും പരിശോധിക്കേണ്ടതാണു്. അതു സംബന്ധിച്ച എന്തെങ്കിലും വീഴ്ചയുണ്ടെങ്കിൽ അതു പരിഹരിക്കുന്നതിനു് ആത്മാർത്ഥമായി ശ്രമിക്കാത്തപക്ഷം ആ കുർബാനകൊണ്ടു വലിയ ഫലമൊന്നും സിദ്ധിക്കയില്ല. വീട്ടുജോലികളിലൊന്നും ശ്രദ്ധിക്കാതെ ചീട്ടുകളിച്ചും ചതുരംഗം വച്ചും അല്ലെങ്കിൽ അലസമായി ചുററിനടന്നും സമയം മുഴുവൻ കളയുന്നവർ ശരിയായി ദിവ്യബലിയിൽ സംബന്ധിക്കുന്നില്ലെന്നു നിസ്സംശയം പറയാം.

എന്നു പ്രാർത്ഥനയുടെ ഐക്യത്തിൽ സ്വന്തം ആത്മപിതാവു്.

പ്യാരി
(REGD)
ഔഷധസോപ്പ്
ചമ്മരോഗങ്ങളെ മാററി ത്വക്ക് സൌന്ദര്യത്തെ വർദ്ധിപ്പിക്കുന്നു
PYARY PRODUCTS REGD T.C.S



തിരുമേനി ബ്രദർ ജോസഫ് പുന്നക്കപ്പടവനു "കാറോയാ" പട്ടം നൽകുന്നു

# വിവിധവൃത്താന്തങ്ങൾ

## പോളിഷ് കത്തോലിക്കരുടെ വിഷമാവസ്ഥ

പോളണ്ടിൽ ജനുവരി 20-ാം തീയതി തിരഞ്ഞെടുപ്പു നടക്കുകയാണു്. തിരഞ്ഞെടുപ്പു സ്വതന്ത്രമല്ലെങ്കിലും പാർലമെൻറിലേക്കു സ്ഥാനാർത്ഥികളായി നിൽക്കണമോ, അതോ അതിനെ ബോയിക്കോട്ടുചെയ്യണമോയെന്നതാണു് അവരെ അഭിമുഖീകരിക്കുന്ന പ്രശ്നം. രണ്ടാമത്തേതാണെങ്കിൽ ഈ അടുത്തകാലത്തു സഭയ്ക്കു വളരെയധികം ആനുകൂല്യങ്ങൾ അനുവദിച്ചുകൊടുത്തിട്ടുള്ള ഗോമുൽക്കാ ഭരണവുമായി പിണങ്ങുകയായിരിക്കും അനുഭവം. ശരിയായ ജനാധിപത്യരീതിയിൽ തിരഞ്ഞെടുപ്പു നടക്കുകയാണെങ്കിൽ കത്തോലിക്കർക്കു 80 ശതമാനം വോട്ടുകിട്ടുമെന്നുള്ളതു തീർച്ചയാണു്. എന്നാൽ 459 സീററുകളുള്ള പാർലമെൻറിലേക്കു പത്തോ പതിനഞ്ചോ കത്തോലിക്കാസ്ഥാനാർത്ഥികളെ അനുവദിക്കാമെന്നാണു് ഇപ്പോഴത്തെ വയ്പു്. കമ്മ്യൂണിസ്റ്റുകാർക്കു് അവരുടെ ഭൂരിപക്ഷം നിലനിർത്തിപ്പോകുവാനാണു ഉദ്ദേശ്യമെന്നതു സ്പഷ്ടമാണു്. രാജ്യകാര്യങ്ങളിൽ സജീവഭാഗഭാഗിത്വം വഹിക്കുവാൻ കത്തോലിക്കർക്കു് ആഗ്രഹമുണ്ടു്. എന്നാൽ കമ്മ്യൂണിസ്റ്റുപാർട്ടിയുമായി ചേരാതെ അതിനു നിവൃത്തിയില്ലാത്ത ഒരു നിലയാണു് നിർഭാഗ്യവശാൽ അവിടെ ഉള്ളതു്.

## ദരിദ്രൻെറ സംഭാവന

ദരിദ്രനായിരുന്ന മൈക്കൾ റോജേഴ്സ് എന്ന ഡബ്ളിൻകാരൻ 34-ാമത്തെ വയസ്സിൽ ഈയിടെ ലണ്ടനിൽകിടന്നു ദരിദ്രനായിത്തന്നെ മരണംപ്രാപിച്ചു. 1954-ൽ ഒരുമത്സരത്തിൽ 40971 പവൻ അദ്ദേഹത്തിനു സമ്മാനം ലഭിച്ചതാണു്. പക്ഷെ ആ സംഖ്യ മുഴുവൻ പരോപകാരപ്രവത്തനങ്ങൾക്കായി ചെലവഴിക്കുകയും ദരിദ്രനായിത്തന്നെ ജീവിതം തുടരുകയുമാണു ചെയ്തതു്. ഇടവകപ്പള്ളിക്കും പൊതുവായ കത്തോലിക്കാ പരോപകാരസ്ഥാപനങ്ങൾക്കുമാണു് കൂടുതലായി അദ്ദേഹം നൽകിയതു്. ബാക്കി സാധുക്കളും ദരിദ്രരുമായ ജനങ്ങളുടെ ഇടയിൽ വിതരണംചെയ്തു. അനുകരണീയമായ ഒരു ജീവിതം.

## റഷ്യയുടെ മാനസാന്തരം

റഷ്യയുടെ മാനസാന്തരം ആസന്നമായിരിക്കുന്നുവെന്നാണു്, പൗരസ്ത്യതിരുസംഘം സിക്രട്ടറിയായ അത്യുന്നതകർദ്ദിനാൾ തിസ്സെരാങ്ങു് തിരുമേനി "സോൾ" എന്ന മാസികയിൽ എഴുതിയിരിക്കുന്ന ഒരു ലേഖനത്തിൽ പ്രസ്താവിച്ചിരിക്കുന്നതു്. മെത്രാന്മാരെയും വൈദികരേയും നിർബന്ധിതജോലികൾക്കായി സൈബീരിയൻ അടിമപ്പാളയങ്ങളിലേക്കയച്ചതു് കത്തോലിക്കസഭയെപ്പററി കൂടുതൽ അറിവു പ്രചരിക്കുന്നതിനു കാരണമായി എന്നാണു തിരുമേനി പ്രസ്താവിക്കുന്നതു്. മതവിശ്വാസമോ, മതത്തെപ്പററി അറിവോ ഇല്ലാതിരുന്ന പല തടവുകാരും ഈ വൈദികരുമായി സമ്പക്കത്തിലേർപ്പെട്ടതിൻെറ ഫലമായി കത്തോലിക്കസഭയെപ്പററി കൂടുതൽ മതിപ്പുള്ളവരായിത്തീന്നിട്ടുണ്ടു്. ഇരുമ്പുമറയ്ക്കപ്പുറത്തുനിന്നു കർദ്ദിനാൾ തിരുമേനിക്കു ലഭിച്ചിട്ടുള്ള റിപ്പോർട്ടുകൾപ്രകാരം, അവിടത്തെ സ്ഥിതിഗതികൾ മതത്തിനു അനുകൂലമായിക്കൊണ്ടിരിക്കുകയാണു്.

## വത്തിക്കാൻപത്രം പ്രശംസിക്കുന്നു

ലണ്ടനിൽവച്ചു നടത്തപ്പെട്ട ഒരു സൗന്ദര്യമത്സരത്തിൽ പങ്കെടുക്കാൻ വിസമ്മതിച്ച മിസ് ജാനെററു് ഡി മോൺടോക്കു് എന്ന ന്യൂസിലൻഡ്യുവതിയെ ഒസർവത്തോരെ റൊമാനോ അഭിനന്ദിച്ചിരിക്കുന്നു. ന്യൂസിലൻഡിലേക്കും സുന്ദരിയായി തിരഞ്ഞെടുക്കപ്പെട്ട ഈ യുവതിയോടു "ലോകസുന്ദരി"സ്ഥാനത്തേക്കുള്ള മത്സരത്തിനു്, സ്നാനവേഷത്തിൽ ജഡ്ജിമാരുടെ മുൻപിൽ ഹാജരാകുവാൻ ആവശ്യപ്പെട്ടു. അതിനെ നിരാകരിച്ചുകൊണ്ടു് അവൾചെയ്ത പ്രസ്താവനയിൽ, ലാവണ്യം, സംസ്കാരം, വിദ്യാഭ്യാസം, ബുദ്ധിശക്തി മുതലായവ നോക്കിയാണു് ന്യൂസിലൻഡിൽ തന്നെ തിരഞ്ഞെടുത്തതെന്നും, അല്ലാതെ, ശരീരഘടനമാത്രം നോക്കിയല്ലെന്നും പ്രസ്താവിച്ചിരുന്നു. "സൗന്ദര്യമത്സരത്തിനു അതർഹിക്കുന്ന ബഹുമതി ഒടുവിൽ ലഭിച്ചിരിക്കുന്നു" എന്നാണു് ഈ പിന്മാററത്തെപ്പററി വത്തിക്കാൻപത്രം പ്രസ്താവിച്ചിരിക്കുന്നതു്.

## അഭയാർത്ഥികളുടെ ദുരദൃഷ്ടം

ജീവരക്ഷാത്ഥം ഹംഗറിയിൽനിന്നു ഒളിച്ചോടുന്ന അഭയാത്ഥികളുടെ ദയനീയനില റിപ്പോർട്ടുകളിൽനിന്നു വ്യക്തമാകുന്നുണ്ടു്. ജനവാസമില്ലാത്ത. ചതുപ്പുനിലങ്ങളിലൂടെയോ വനത്തിലൂടെയോ ആണു് അവർ അതിത്തികടക്കുന്നതു്. കണ്ടുപിടിക്കപ്പെട്ടുപോയാൽ വധശിക്ഷയാണു് അനുഭവം. പിഞ്ചുകുഞ്ഞുങ്ങളുടെ കരച്ചിലോ, ചുമയോമതി, ഒളിച്ചോട്ടക്കാരും അധികാരികളുടെ ശ്രദ്ധയിൽപെടുന്നതിനും അങ്ങനെ വധിക്കപ്പെടുന്നതിനും. ഈ ആപത്തു മനസ്സിലാക്കിയ അഭയാത്ഥികൾ ഇപ്പോൾ കുഞ്ഞുങ്ങളെ മരുന്നുകൊടുത്തു മയക്കിയാണു കൂടെ കൊണ്ടുപോകുന്നതു്. അതിത്തി കടന്നു ലക്ഷ്യത്തിലെത്തുന്നതുവരെ കുഞ്ഞുങ്ങൾ മയങ്ങിക്കിടക്കത്തക്ക മരുന്നുകൾ അവക്കു കൊടുക്കുന്നു. അതിത്തികളിൽ റഷ്യൻ ടാങ്കുകളും കവചിതവാഹനങ്ങളും കാവൽകിടക്കുന്നതുകൊണ്ടു് അവസരം നോക്കി മാത്രമേ രക്ഷപെടാൻ സാധിക്കുകയുള്ളു. തന്മൂലം ആസ്ത്രീയൻപ്രദേശത്തു് അവരെ സ്വീകരിക്കുവാനുള്ളവർ സദാനേരവും കാത്തിരിക്കേണ്ടിവരുന്നു.



ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഭയങ്കരമായ ഒരു രോഗത്തിൽനിന്നു ശാന്തിലഭിച്ചതിനു് ഉപകാരസ്മരണ.

സി. ടി. മാത്യു, കുരിയച്ചിറ.

## സ്വാതന്ത്ര്യത്തിനു വേണ്ടി

ഫ്റഞ്ചുകത്തോലിക്ക എയിഡ് സൊസൈററിയുടെ സിക്രട്ടറി ജനറൽ മോൺ: റോഡെയിൻ, ചതുപ്പുനിലങ്ങളിൽ ചിലപ്പോൾ കഴുത്തുവരെ വെള്ളത്തിൽ നീന്തിയെത്തുന്ന അഭയാർത്ഥികളുടെ ദയനീയസ്ഥിതി വിവരിക്കുന്നുണ്ടു്. ടാങ്കുകൾക്കും കവചിതവാഹനങ്ങൾക്കും ചെന്നെത്തുക സാദ്ധ്യമല്ലാത്തതുകൊണ്ടാണു ചതുപ്പുനിലങ്ങൾ അഭയാത്ഥികൾ തിരഞ്ഞെടുക്കുന്നതു്. ക്ഷീണിച്ചും വലഞ്ഞും എത്തിച്ചേരുന്ന അഭയാർത്ഥികളിൽ പലരും ബോധമററവരെപ്പോലെ വത്തിക്കുന്നതായി അദ്ദേഹം പറയുന്നു. ചിലർ മൂന്നും നാലും തവണ അതിത്തിയിൽ അങ്ങോട്ടുമിങ്ങോട്ടും കടക്കുന്നതു കാണാം. ചിലർ രക്ഷാസങ്കേതത്തിലെത്തിയശേഷവും മനുഷ്യരെക്കാണുമ്പോൾ വിറയ്ക്കുകയും ഓടിഒളിക്കുകയും ചെയ്യുന്നു. ആസ്ത്രീയായിലാണെന്നു ബോധംവന്നശേഷമേ ചാക്കുകളിൽനിന്നു കുഞ്ഞുങ്ങളെ പുറത്തു് എടുക്കുകയും, സമാശ്വസിക്കുകയും ചെയ്യുന്നുള്ളു.

## ലഘുനിക്ഷേപനിധി

ഇടവകകളിൽ "ലഘുനിക്ഷേപനിധി" ആരംഭിക്കുന്നതിനു് ആവശ്യമായ പാസ്സുബുക്കും അപേക്ഷാഫാറവും അടിച്ചു തയ്യാറായിരിക്കുന്നു. ആവശ്യമുള്ളവർ മാർ ളൂയിസ് മെമ്മോറിയൽ പ്രസ്സിലേക്കു് എഴുതുക:-

വില ഒന്നിനു 2 ണ.



ഇററലിയിൽ തിരുമേനി സന്ദശിച്ച പാദ്രെ പിയോയുടെ ആശുപത്രി. (പഞ്ചക്ഷതങ്ങളുള്ള പാദ്രേയ്ക്കു ലഭിക്കുന്ന സംഭാവനകൾകൊണ്ടാണു് ഈ ആശുപത്രി നടത്തിപ്പോരുന്നതു്)

തൈക്കാട്ട് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ചു്: ആലുവാ റെയിൽവെസ്റ്റേഷൻസമീപം
എല്ലാം വ്യാഴാഴ്ചയും ഉച്ചയ്ക്കു് 1 മണി മുതൽ
വൈകുന്നേരം 5 മണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിൽ ഉണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിൽസ നിശ്ചയിക്കുന്നതുമാണു്.

# വി. പത്താം പീയൂസിൻെറ കപ്പേള വെഞ്ചരിപ്പും തിരുനാളാഘോഷവും

വടയാർ ഇടവകയിലെ പ്രധാനതിരുനാളും സ്ഥലത്തെ ആരാധനമഠത്തോടനുബന്ധിച്ച് പണികഴിപ്പിച്ചിട്ടുള്ള വി. പത്താംപീയൂസിൻെറ നാമത്തിലുള്ള കപ്പേളയുടെ വെഞ്ചരിപ്പുകമ്മവും എറണാകുളം മെത്രാപ്പോലീത്താ മഹാവന്ദ്യ ദിവ്യശ്രീ പാറേക്കാട്ടിൽ മാർ യൗസേപ്പ് തിരുമേനിയുടെ പ്രധാനകാമ്മീകത്വത്തിൽ 1957 ജനുവരി 1-ാംനു രാവിലെ സാഘോഷം നടത്തപ്പെട്ടിരിക്കുന്നു. കൃത്യം ഏഴുമണിക്കു സ്ഥലത്താഗതനായ തിരുമേനിയെ ഔദ്യോഗികമായി സ്വീകരിച്ച് കപ്പേളയിലേക്കാനയിക്കുകയും തിരുമേനി ആശീർവ്വാദകമ്മം നിർവ്വഹിക്കുകയുംചെയ്തു. ആരാധനാമഠത്തോടനുബന്ധിച്ച് അതിമനോഹരമായ ഈ കപ്പേള പണിതീർത്തു വിശുദ്ധ കുർബാനയുടെ നിരന്തരാരാധനയ്ക്കു യോഗ്യമായ ഒരു സ്ഥലം സജ്ജീകരിച്ചതിൽ പ്രകടിതമായിരിക്കുന്ന ദൈവമഹത്വത്തേയും, അതിനുവേണ്ട എല്ലാ ചെലവുകളും വഹിച്ച മാന്യവ്യക്തിയായ തെക്കെപാറശ്ശേരിൽ ശ്രീ ജോസഫ് അലക്സാണ്ഡർ അവർകളുടെ സന്മനസ്സിനേയും ഔദാര്യത്തേയും അനുസ്മരിച്ച് വെരി റവ. മോൺ. ജേക്കബ് നടുവത്തുശേരി അവർകൾ ഒരു ചെറുപ്രസംഗം നടത്തി. തുടന്നു വെരി റവ. മോൺ. വർഗ്ഗീസ് പുതുശേരി പുതിയ കപ്പേളയിൽ പ്രഥമബലിയർപ്പിച്ചു. തിരുനാൾ സംബന്ധിച്ച് അതിവന്ദ്യ മെത്രാപ്പോലീത്താച്ചൻ തിരുമേനി ദേവാലയത്തിൽ പൊന്തിഫിക്കൽ കുർബാന അർപ്പിച്ചു. തുടന്നു് റൈററു് റവ. മോൺ. തോമസ് നെടുങ്കല്ലേൽ അവർകൾ പരി. കുർബാനയുടെ വാഴ്വുനടത്തി. സത്യദീപം പത്രാധിപർ റവ. ഫാദർ ജോസഫ് വിതയത്തിൽ പള്ളിയിലും റവ. ഡോക്ടർ കുര്യാക്കോസ് വഞ്ചിപ്പുരയ്ക്കൽ പന്തലിലും തിരുനാൾപ്രസംഗങ്ങൾ നടത്തി. തിരുനാൾ പ്രസുദേന്തി തെക്കെപ്പാറശ്ശേരിൽ ജോസഫ് അപ്പച്ചൻ അവർകളായിരുന്നു. വൈകിട്ടു നാലുമണിക്കു് ഇടവകയിലെ സി. വൈ. എം. എ., വിൻസെൻറു് ഡി പോൾ സംഘം, മരിയൻ സൊഡാലിററി മുതലായ ഭക്തസംഘങ്ങളുടെ വാർഷികാഘോഷം നടന്നു. മീററിംഗിൻെറ ആരംഭത്തിൽ സംഘടനാംഗങ്ങൾ അതിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയെ അനുമോദിച്ച് ജ്ഞാനപൂക്കെട്ടുകൾ സമർപ്പിച്ചു. വികാരി റവ. ഫാദർ മാത്യു കമ്മട്ടി അവർകളുടെ അഭ്യർത്ഥനയെത്തുടന്നു തിരുമേനി, ഈ ഇടവകയിൽ സമാരംഭിക്കുന്ന യുവജനങ്ങളുടെ "അദ്ധ്യയനമണ്ഡലം" ഉൽഘാടനംചെയ്തു. മതപാനത്തിൻെറ പ്രാധാന്യത്തെ വിശദമാക്കി തിരുമേനി നിർവ്വഹിച്ച ഉൽഘാടനപ്രസംഗം അത്യന്തം ശ്രദ്ധേയമായിരുന്നു. മീററിംഗിനോടനുബന്ധിച്ച് കലാപരിപാടികളും സി. വൈ. എം. എ. അംഗങ്ങളുടെ നാടകാഭിനയവും ഭംഗിയായി നിർവ്വഹിക്കപ്പെട്ടു.



വടയാർ വി പത്താംപീയൂസ് കപ്പേളയുടെ മുഖവാരം



കപ്പേളയുടെ അൾത്താര(ശ്രീ ജോസഫ് തെക്കെപ്പാറശ്ശേരിയാണ് അഴിക്കാലുങ്കൽ നില്ക്കുന്നതു്)

# ചോദിച്ചാൽ പറയാം

60. ചോ: കത്തോലിക്കാസഭ, അതിൻെറ അംഗങ്ങൾ അനുസരിക്കുന്നതിനായി ഓരോരോ നിയമങ്ങൾ ഉണ്ടാക്കുന്നുണ്ടല്ലോ. ഇതു ഭരണഘടന അനുവദിച്ചുതന്നിട്ടുള്ള മൗലികാവകാശങ്ങളെ നിയന്ത്രിക്കുന്നതും, പുതിയ കടമകൾ ചുമത്തുന്നതുമല്ലേ?

ഉ: ചില തെററിദ്ധാരണകളുടെ ഫലമാണു് ഈ ചോദ്യം. ഒന്നാമതു് ഭരണഘടനയോ, ഗവമ്മെൻേറാ നമുക്കു യാതൊരു അവകാശങ്ങളും പ്രദാനംചെയ്യുന്നില്ല. ദൈവമാണു് ഈ അവകാശങ്ങൾ പ്രദാനംചെയ്തിരിക്കുന്നതു്. ദൈവം പ്രദാനംചെയ്തിരിക്കുന്ന അവകാശങ്ങളെ ഭരണഘടന ഏററുപറയുകമാത്രമേ ചെയ്യുന്നുള്ളു. അവകാശങ്ങൾ പ്രദാനംചെയ്തിരിക്കുന്നതു ദൈവമാകയാൽ, നാം ആ അവകാശങ്ങൾ വിനിയോഗിക്കേണ്ടതു ദൈവത്തിൻെറ ആഗ്രഹമനുസരിച്ചാണു്. തന്മൂലം നമ്മുടെ അവകാശങ്ങൾ നിരുപാധികങ്ങളായിരിക്കുന്നില്ല. മററുള്ളവരുടെ അവകാശങ്ങളിൽനിന്നു സംജാതമാകുന്ന നമ്മുടെ ചുമതലകളാൽ നിയന്ത്രിതമാണു് നമ്മുടെ അവകാശങ്ങൾ.

ദൈവം നമ്മെ സൃഷ്ടിച്ചിരിക്കുന്നതിൽ അവിടുത്തേക്കു ഒരു ലക്ഷ്യമുണ്ടു്. ആ ലക്ഷ്യത്തിനു് അനുരൂപമാണു് നമ്മുടെ അവകാശങ്ങൾ. നമ്മെ ഉദ്ധരിച്ചതിലും, വിശ്വാസസത്യങ്ങൾ നമുക്കു വെളിപ്പെടുത്തിത്തന്നതിലും ദൈവത്തിനു് ഒരു ലക്ഷ്യമുണ്ടു്. ദൈവത്തിൻെറ നിയമങ്ങളെ ലംഘിക്കുന്നതിനോ, അവിടുത്തെ പഠനങ്ങളെ തിരസ്കരിക്കുന്നതിനോ, അമർത്യമായ നമ്മുടെ ആത്മാവിനെ നശിപ്പിക്കുന്നതിനോ നമുക്കു അവകാശമില്ല. അതുപോലെതന്നെ മറെറാരാളെ നരകത്തിലേക്കു നയിക്കുന്നതിനോ, നമ്മുടെ ചുമതലയിൽപ്പെട്ട ആരെങ്കിലും സ്വന്ത ആത്മാവു നശിപ്പിക്കുവാൻ അനുവദിക്കുന്നതിനോ നമുക്കു അവകാശമില്ല. ഒരു കുടുംബനായകനു് അയാളുടെ ഭാര്യയേയും കുട്ടികളേയും സംബന്ധിച്ച് ചില ചുമതലകളുണ്ടു്. ആ ചുമതലയിൽനിന്നു് ഒഴിയുന്നതിനോ, കുടുംബത്തെ പട്ടിണിക്കിടുന്നതിനോ ആയാൾക്കു അവകാശമില്ല.

മാനുഷികകാര്യങ്ങളിൽ, അവകാശങ്ങളും ചുമതലകളും ശരിയായി നിയന്ത്രിക്കുന്നതിനു പലപ്പോഴും അധികാരം ആവശ്യമായിരിക്കുന്നു. ചില മൗലികാവകാശങ്ങൾ ഭഞ്ജിക്കപ്പെടാതിരിക്കുന്നതിനു ഭരണഘടനയിൽ അവയ്ക്കു ഉറപ്പുനൽകപ്പെട്ടിരിക്കുന്നു. നമ്മുടെ അവകാശങ്ങളെന്തൊക്കെയാണെന്നു തീരുമാനിക്കുന്നതിനും അവയെ കാത്തുരക്ഷിക്കുന്നതിനും, നമ്മുടെ ചുമതലകൾ എന്തൊക്കെയാണെന്നു നിശ്ചയിക്കുന്നതിനും, നാം അതു നിർവ്വഹിക്കുന്നുണ്ടോയെന്നു നോക്കുന്നതിനും നമുക്കു വ്യവസ്ഥാപിതമായ ഒരു ഗവമ്മെൻറുണ്ടായിരിക്കുന്നു. പൊതുനന്മയ്ക്കുവേണ്ടി ഗവമ്മെൻറു് അതിൻെറ അധികാരത്തെ നീതിപൂർവ്വമായും ബുദ്ധിപൂർവ്വമായും പ്രയോഗിക്കുമ്പോൾ, അതു നമ്മുടെ അവകാശങ്ങളെ ഭഞ്ജിക്കുന്നതായി നാം പരിഗണിക്കാറില്ല.

നമുക്കു ആത്മാവുണ്ടു്. നാം സ്വർഗ്ഗത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടിട്ടുള്ളവരാണു്. ആകയാൽ ആദ്ധ്യാത്മികരംഗത്തിലും നമുക്കു അനേകം അവകാശങ്ങളും ചുമതലകളും ഉണ്ടായിരിക്കുന്നു. ഇവയും ദൈവത്തിൽ നിന്നുള്ളവയാകുന്നു. എന്നാൽ അവ കൃത്യമായി നിർണ്ണയിക്കുന്നതിനും, അവയുടെ നിർവ്വഹണത്തിൽ നമ്മെ നയിക്കുന്നതിനും നമുക്കു പലപ്പോഴും ഒരു അധികാരം ആവശ്യമായിരിക്കുന്നു. നമ്മുടെ ആദ്ധ്യാത്മികാവകാശങ്ങളെ സംരക്ഷിക്കുന്നതിനും, ആദ്ധ്യാത്മികചുമതലകളിൽ നമ്മെ നയിക്കുന്നതിനുമുള്ള അധികാരം നമ്മുടെ കർത്താവു് ഈശോമിശിഹാ തൻെറ സഭയ്ക്കു നൽകിയിരിക്കുന്നുവെന്നു കത്തോലിക്കരായ നാം വിശ്വസിക്കുന്നു.

സഭ ഈ അധികാരം നമ്മുടെ കർത്താവു് ഈശോമിശിഹായുടെ നാമത്തിലാണു പ്രയോഗിക്കുന്നതു്. അതും തൻെറ അജഗണങ്ങളുടെ പൊതുക്ഷേമത്തിനുവേണ്ടിയും, ഈ ലോകത്തിൽ ശരിയായി ജീവിക്കുന്നതിനും സുരക്ഷിതരായി സ്വർഗ്ഗത്തിലെത്തിച്ചേരുന്നതിനും സഹായകമായവിധത്തിലുമാകുന്നു. സഭയുടെ അധികാരം സ്വേച്ഛാധിപത്യപരമല്ല; സ്നേഹനിധിയായ ഒരു മാതാവിൻെറ ഔൽസുക്യംപോലെയാണതു്. സഭ ബാഹ്യമായ ബലപ്രയോഗം ചെലുത്തുന്നില്ല. നേരേമറിച്ചു അവകാശങ്ങളുടെ സുരക്ഷിതത്വത്തിനുവേണ്ടി ചുമതലകളെപ്പററി ഊന്നിപ്പറയുകയും ധാർമ്മികമായ നിർബന്ധം ചെലുത്തുകയും ചെയ്യുന്നതേയുള്ളു.

ആകയാൽ സഭ ഉണ്ടാക്കുന്ന നിയമങ്ങൾ മൗലികാവകാശങ്ങളെ ഹനിക്കുകയോ സ്വാതന്ത്ര്യത്തെ ഭഞ്ജിക്കുകയോ ചെയ്യുന്നില്ല. ചെയ്യുമെന്നുള്ള തോന്നൽ അടിസ്ഥാനരഹിതമായ തെററിദ്ധാരണയാണു്.

61. ചോ: "മുടക്കമുള്ള കാലത്തു കല്യാണാഘോഷവും തിരുസഭ വിലക്കിയിരിക്കുന്ന ആളുകളോടു കല്യാണവും ചെയ്യാതിരിക്കുന്നതു്" എന്നുള്ള തിരുസഭയുടെ നാലാമത്തെ കല്പന, വ്യക്തികളുടെ സ്വാതന്ത്ര്യത്തിലുള്ള ഒരു കൈകടത്തലല്ലേ? താൻ സ്നേഹിക്കുന്ന വ്യക്തിയെ വിവാഹം ചെയ്യുവാനുള്ള സ്വാതന്ത്ര്യം മനുഷ്യനുണ്ടായിരിക്കേണ്ടതല്ലേ?

ഉ: സ്നേഹമയിയായ ഒരു മാതാവാണു കത്തോലിക്കാസഭ. ഒരു അമ്മയുടെ പ്രഥമ ചുമതല തൻെറ കുഞ്ഞുങ്ങളെ വിപത്തുകളിൽനിന്നും രക്ഷിക്കുകയായിരിക്കുന്നതുപോലെ സഭയുടെ പ്രഥമ ചുമതല, അവളുടെ മക്കളെ വിശ്വാസസന്മാർഗ്ഗകാര്യങ്ങളിൽ കാത്തുസൂക്ഷിക്കുകയും, അവരെ സ്വർഗ്ഗപ്രാപ്തിക്കു സഹായിക്കുകയും ചെയ്യുകയാകുന്നു. അതിനാൽ ആത്മാവിൻെറ നാശത്തിനു കാരണമായിത്തീരാവുന്ന പരിതസ്ഥിതികളിൽനിന്നെല്ലാം തൻെറ മക്കൾ ഒഴിഞ്ഞിരിക്കണമെന്നു സഭ ആഗ്രഹിക്കുകയും, അതിനു് ആവശ്യമായ വ്യവസ്ഥകൾ ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. രണ്ടായിരക്കൊല്ലക്കാലത്തെ നീണ്ട അനുഭവജ്ഞാനം ഇക്കാര്യത്തിൽ സഭയ്ക്കുണ്ടു്.

പരസ്പരപ്രേമത്തോടെ ആരംഭിച്ച അനേകം വിവാഹങ്ങൾ യാഥാർത്ഥ്യങ്ങളുമായി ഏററുമുട്ടി തകരുന്നതും, ദമ്പതിമാർ വിവാഹമോചനക്കോടതികളെ അഭയം


ഉത്തരവാദിത്വമുള്ള
സ്വർണ്ണാഭരണങ്ങൾക്കു്
ഇലഞ്ഞിക്കൽ
ജൂവലറീസ്
കോതമംഗലം



ഇംഗ്ലീഷ് മരുന്നുകൾക്കു്
കോതമംഗലം
സ്വരാജ് മെഡിക്കൽ ഹാൾ




# കോതമംഗലം മെത്രാൻ തിരുമേനി ബോംബെയിൽ

## വിമാനത്താവളത്തിലെ സ്വീകരണം



ബോംബെ സഹായമെത്രാൻ തിരുമേനിയും കോതമംഗലം രൂപതാ വികാരിജനറാൽ അവർകളുമാണ് ഡോക്ടർ പോത്താനാമുഴി തിരുമനസ്സിലെ ഉഭയപാർശ്വങ്ങളിൽ



വിമാനത്താവളത്തിൽ സന്നിഹിതരായിരുന്ന കേരളീയ അത്മായർ

തേടുന്നതും പാശ്ചാത്യരാജ്യങ്ങളിൽ സാധാരണമായിട്ടുണ്ട്. പ്രേമവിവാഹങ്ങൾ പരാജയപ്പെടുന്ന അനുഭവങ്ങൾ ഇന്നാട്ടിലും കുറവല്ല. വിവാഹത്തിന്റെ അഭേദ്യതയും ഐക്യത്തിനും മതവിശ്വാസം വളരെയധികം സഹായകമായിരിക്കുന്നുണ്ട്. ഒരേ വിശ്വാസത്തോടുകൂടിയവരും ഒന്നിച്ചു പ്രാർത്ഥിക്കുന്നവരും തങ്ങളുടെ ക്ലേശങ്ങളെ ഒന്നിച്ചു ദൈവത്തിനു സമർപ്പിക്കുന്നവരുമായ ദമ്പതിമാർ ഭിന്നിക്കുക സാദ്ധ്യമല്ല. കത്തോലിക്കസഭയുടെ ദൃഷ്ടിയിൽ വിവാഹം അഭേദ്യമായ ഒരു കൂദാശയുമാണ്. ആകയാൽ ദാമ്പത്യത്തിലേപ്പെടുന്നവർ വിവാഹവാഗ്ദാനങ്ങൾ പാലിക്കുന്നവരും തങ്ങളുടെ ആത്മാവുകൾക്കു നാശമുണ്ടാകാത്ത പരിതസ്ഥിതികളിലുള്ളവരുമായിരിക്കണമെന്നു സഭ നിഷ്കർഷിക്കുന്നു.

ഇക്കാരണത്താലാണ് സഭ മിശ്രവിവാഹത്തെ പ്രോത്സാഹിപ്പിക്കാത്തതും, സഭ മുടക്കിയിരിക്കുന്ന ആളുകളുമായി വിവാഹബന്ധം പാടില്ലെന്നു് അനുശാസിക്കുന്നതും. എന്നാൽ സ്നേഹമയിയായ സഭാമാതാവ്, അസാധാരണപരിതഃസ്ഥിതികളിൽ, ക്രൂരതലായ വിപത്തുണ്ടാകാതിരിക്കുന്നതിനുവേണ്ടി, പാടുള്ളിടത്തോളം, ഈ സാമാന്യനിയമത്തിനു വ്യത്യസ്തതകൾ അനുവദിക്കാറുമുണ്ട്. തന്റെ കുഞ്ഞ് അരക്ഷിതനായി, ഏതു വിപത്തിനേയും സ്വയം നേരിടത്തക്കവണ്ണം സ്വതന്ത്രനായി ചരിക്കുവാൻ അനുവദിക്കുന്ന ഒരമ്മ അവളുടെ കടമ നിർവ്വഹിക്കുന്നില്ലെന്നുള്ളതു തീർച്ചയാണല്ലോ. താദൃശമായ ഒരു കർത്തവ്യവിലോപം തനിക്കുണ്ടാകുവാൻ സഭ ഇഷ്ടപ്പെടുന്നില്ല. വിപത്തിനുള്ള എല്ലാ കാരണങ്ങളേയും നീക്കംചെയ്യുവാനാണ് സഭ ശ്രമിക്കുന്നതു്. അതുകൊണ്ടു് സഭ വിലക്കിയിരിക്കുന്ന ആളുകളായുള്ള വിവാഹത്തെ സഭ സാധാരണ അനുവദിക്കുന്നില്ല. എപ്പോഴെങ്കിലും ഇതിനു ഒരു വ്യത്യസ്തത അനുവദിക്കേണ്ടിവന്നാൽ, വിവാഹത്തിലേപ്പെടുന്ന കത്തോലിക്കകക്ഷിയുടേയും വിവാഹത്തിലുണ്ടാകുന്ന സന്താനങ്ങളുടേയും കാതോലികമായ വളർത്തലിനു വേണ്ട ഉറപ്പു മുൻകൂട്ടി ലഭിക്കുവാൻ സഭ നിഷ്കർഷിക്കുകയും ചെയ്യുന്നു.

ക്രിസ്തുവിന്റെ മൗതികശരീരമായ ഏകസത്യസഭ, തന്റെ സ്ഥാപകനോടൊപ്പം "ഈ ലോകം മുഴുവൻ നേടിയാലും ആത്മാവു നശിച്ചാൽ എന്തു പ്രയോജനം?" എന്നു ഉദ്ബോധിപ്പിക്കുന്നതിൽ അസാംഗത്യമൊന്നുമില്ലല്ലോ. ആ ഉദ്ബോധനം ഒരു സ്വാതന്ത്ര്യഭഞ്ജനമായി യഥാർത്ഥകത്തോലിക്കർ ഒരിക്കലും കണക്കാക്കുകയില്ല. നേരെമറിച്ചു് അപകടഭയം കൂടാതെ ധൈര്യപൂർവ്വം മുന്നോട്ടുപോകുന്നതിനുള്ള ഒരു സ്വാതന്ത്ര്യമാണ് അതു നൽകുന്നതു്.

മുടക്കമുള്ള കാലത്തു് (നോമ്പുകാലങ്ങളിൽ) വിവാഹം നടത്തിക്കൂടാ എന്നു സഭ ആജ്ഞാപിക്കുന്നില്ല. വിവാഹആശീർവ്വാദം, മണിയടി, വാദ്യം മുതലായ ആഘോഷങ്ങളെയാണ് സഭ നിരോധിച്ചിരിക്കുന്നതു്. ഇത്തരം ആഘോഷങ്ങൾ നോമ്പുകാലത്തിന്റെ ചൈതന്യത്തിനു ചേർന്നതല്ലല്ലോ. വിവാഹം ആനന്ദകരമായ ഒരു കർമ്മമാകയാലും, നോമ്പ് ശരിയായ ചൈതന്യത്തോടുകൂടി ആചരിക്കേണ്ടതു് ഓരോ കത്തോലിക്കന്റേയും ചുമതലയാകയാലും, ഒരു ആചാരമായി നോമ്പുകാലത്തു വിവാഹം നടത്തേണ്ടെന്നു വച്ചിരിക്കുകയാണ്. അതു പ്രശംസനീയമായ ഒരു ആചാരവുമാണ്. ആ നടപടിയിലും സ്വാതന്ത്ര്യഭഞ്ജകമായി യാതൊന്നുമില്ല.

62. ചോ: ദൈവം സർവ്വവ്യാപിയാണെന്നു പറയുന്നതു ശരിയാണോ? അതു നാം വിശ്വസിക്കേണമോ? നാം മുകളിലേക്കു എത്ര ഉയർന്നാലും പിന്നേയും അവസാനമില്ലാത്തവിധം ശൂന്യമായി കിടക്കുകയാണല്ലോ. ആ ശൂന്യതയിലും ദൈവം വ്യാപിച്ചിട്ടുണ്ടോ? (കെ. എം. എം. പോത്താനിക്കാട്)

ഉ: ദൈവം സർവ്വവ്യാപിയാണെന്നുള്ളതു ദൈവത്താൽതന്നെ വെളിപ്പെടുത്തപ്പെട്ട ഒരു സത്യമാകയാൽ അതു ശരിയാണ്; അതു നാം അവശ്യം വിശ്വസിച്ചേ മതിയാവൂതാനും. ദൈവത്വത്തിന്റെ മഹത്വത്തിനു യാതൊരു പരിധിയുമില്ല (സങ്കീ: 144, 3) എന്നു സങ്കീർത്തനക്കാരൻ പാടുമ്പോൾ ദൈവത്തിന്റെ സർവ്വവ്യാപിത്വത്തെ ഏറ്റുപറയുകയാണു ചെയ്യുന്നതു്. "ഹാ, ദൈവത്തിന്റെ സമ്പത്തിന്റേയും ജ്ഞാനത്തിന്റേയും ബുദ്ധിയുടേയും ആഴം! എന്തുകൊണ്ടെന്നാൽ അവന്റെ വിധികളെ ഒരു മനുഷ്യനും സ്പർശിച്ചിട്ടില്ല. അവന്റെ വഴികളോ പരിശോധിക്കപ്പെടുവാൻ വഹിയാത്തവ. എന്തെന്നാൽ കർത്താവിന്റെ മനസ്സ് അറിഞ്ഞവർ ആരുണ്ടു്...എല്ലാം അവനിൽനിന്നും എല്ലാം അവനിലും, എല്ലാം അവനാലും അത്രേ." (റോമാ XI 33-36) എന്നു വിശുദ്ധ പൗലോസിന്റെ സാക്ഷ്യം ഇവിടെ സ്മരണീയമാണ്.

സൃഷ്ടികളിൽനിന്നു വ്യത്യസ്തമായി സ്രഷ്ടാവിനുള്ള പ്രത്യേകതകളിൽ ഒന്നു്, സൃഷ്ടികളെപ്പോലെയല്ലാതെ, എല്ലാ സ്ഥലത്തും ഒരേ സമയത്തു് സ്രഷ്ടാവ് "ആയിരിക്കു"ന്നുവെന്നതാണ്. "ഞാൻ സ്വർഗ്ഗത്തിലേക്കു പ്രവേശിച്ചു, അങ്ങു് അവിടെയുണ്ടു്; ഞാൻ നരകത്തിലേക്കു് ഇറങ്ങുകയാണെങ്കിൽ, അവിടേയും അങ്ങു സന്നിഹിതനാണ്; ഞാൻ രാവിലെ ചിറകുകൾവച്ചു സമുദ്രത്തിന്റെ അതിർത്തികളിലേക്കു ചെല്ലുകയാണെങ്കിൽ അവിടേയും അങ്ങേ കൈ എന്നെ നയിക്കും; അങ്ങേ വലത്തുകൈ എന്നെ താങ്ങിക്കൊള്ളും" (സങ്കീ: 137, 8) എന്നു ദാവീദും "അവിടുന്നു ഉയരെ സ്വർഗ്ഗത്തിലുണ്ടു്; താഴെ നരകത്തിലുണ്ടു്; അവിടുത്തെ അളവു ലോകത്തെക്കാൾ ദൈർഘ്യമേറിയതും, സമുദ്രത്തെക്കാൾ വീതിയേറിയതുമാകുന്നു." (ജോബ് XI, 8) എന്നു ജോബും പ്രകീർത്തിക്കുന്നതു നോക്കുക.

ദൈവം എല്ലായിടത്തും തന്റെ ദൈവത്വത്തിലും നന്മയിലും സ്നേഹത്തിലും നീതിയിലും കരുണയിലും ജ്ഞാനത്തിലും ശക്തിയിലും പൂർണ്ണമായ സ്വഭാവത്തിലും സത്തയിലും അവിഭക്തനായി സ്ഥിതിചെയ്യുന്നു. സ്വർഗ്ഗത്തിൽ അവിടുന്നു സ്വർഗ്ഗവാസികൾക്കു "ദൃശ്യ"നായി സ്ഥിതിചെയ്യുന്നു. സ്വർഗ്ഗത്തിനു പുറമെയാകട്ടെ അവിടുന്നു തന്റെ ആദ്ധ്യാത്മികസത്തയിൽ, മറ്റെല്ലാ സൃഷ്ടികളിൽനിന്നും വ്യതിരിക്തമായി സ്ഥിതിചെയ്യുന്നു. അവിടുന്നു എല്ലാം കാണുകയും എല്ലാം അറിയുകയും ചെയ്യുന്നു. അവിടുന്നു സർവ്വജ്ഞാനിയാണല്ലോ. "അവനിലാകുന്നു നാം ജീവിക്കുകയും ചരിക്കുകയും ഭവിക്കുകയും ചെയ്യുന്നതു്" (നടപടി XVII; 28) എന്നു വിശുദ്ധ പൗലോസിനോടുകൂടി നമുക്കു ഏറ്റുപറയാതെ തരമില്ല.

മുകളിലേക്കു പോയാൽ അവസാനമില്ലാത്ത ശൂന്യതയാണെന്നുള്ളതു് അടിസ്ഥാനരഹിതമായ ഒരു അഭ്യൂഹംമാത്രമാണ്. പ്രപഞ്ചത്തിൽ ശൂന്യത (ഇല്ലായ്മ) മനുഷ്യനു് എങ്ങനെ മനസ്സിലാക്കുവാൻ സാധിക്കും? "ഈതർ" എന്ന ശൂന്യാകാശത്തെ ഉദ്ദേശിച്ചാണു ചോദ്യകർത്താവു പറയുന്നതെങ്കിൽ അതു കേവലശൂന്യതയല്ലല്ലോ. അതിനു പരിധിയുണ്ടുതാനും. ഏതായാലും ഉള്ളായ്മയിലും ഇല്ലായ്മയിലും ദൈവം ഒന്നുപോലെ വ്യാപിച്ചിരിക്കുന്നു. അങ്ങനെയല്ലെങ്കിൽ അവിടുന്നു സർവ്വശക്തനും, സർവ്വവ്യാപിയുമായിരിക്കുകയില്ലല്ലോ.

## ഇടവകവാർത്തകൾ

**വേനപ്പാറ:** ഡിസംബർ 25-ാംനു ഉച്ചകഴിഞ്ഞു് 3 മണിക്കു് തലശേരി രൂപതാദ്ധ്യക്ഷൻ തിരുമനസ്സുകൊണ്ടു് ഇടവകസന്ദർശനത്തിനായി ഇവിടെ എത്തി. ഈ ഇടവകയിൽ തിരുമേനി ആദ്യമായി സന്ദർശനം നടത്തുകയാണ്. തിരുമേനിയെ അനുമോദിക്കുന്നതിനായി വേനപ്പാറ ലിററിൽഫ്ളവർ എലിമെന്ററി സ്കൂൾ ഹാളിൽ ഒരു പൊതുയോഗം ചേരുകയും, മംഗളപത്രം, സ്പിരിച്വൽ ബൊക്കെ മുതലായവ സമർപ്പിക്കുകയും ചെയ്തു. പിറേറദിവസം ഈ ഇടവകയിലെ പ്രധാന തിരുനാളായ തിരുക്കുടുംബത്തിന്റെ തിരുനാൾ തിരുമേനിയുടെ നേതൃത്വത്തിൽ ആഘോഷിച്ചു. അഭിവന്ദ്യതിരുമേനി 50-ൽപരം കുട്ടികൾക്കു പ്രഥമദിവ്യകാരുണ്യം നൽകി.

**കണ്ടനാട്ട്:** ഈ ഇടവക കോട്ടൂർ ഉലഹന്നൻ കുരുവിള അവർകളുടെ മകൻ ശ്രീ ജോണും വല്ല്യാറ പാറായിൽ കൊച്ചുപാപ്പുതരകൻ അവർകളുടെ പുത്രി കുമാരി ത്രേസ്യാമ്മയും തമ്മിലുള്ള വിവാഹം ഡിസം. 27-ാംനു സ്ഥലം ഉണ്ണിമിശിഹാപള്ളിയിൽ വെച്ചു സമംഗളം നടന്നിരിക്കുന്നു. വിവാഹകർമ്മംആശീർവ്വദിച്ചതു എറണാകുളം മെത്രാപ്പോലീത്താ മഹാവന്ദ്യ ദിവ്യശ്രീ പാറേക്കാട്ടിൽ മാർ ജോസഫ് തിരുമനസ്സു കൊണ്ടാണ്. വിവാഹജീവിതത്തെ സംബന്ധിച്ചു തദവസരത്തിൽ തിരുമേനി ഉൽബോധജനകമായ ഒരുപദേശം നൽകുകയുണ്ടായി.

**കരാഞ്ചിറ:** തൃശ്ശൂർ ബിഷപ്പ് ഡോ. ജോർജ് ആലപ്പാട്ടു തിരുമനസ്സുകൊണ്ടു് ഡിസംബർ 30-ാം തീയതി സ്ഥലം പള്ളി ഔദ്യോഗികമായി സന്ദർശിച്ചു. ഘോഷയാത്രയായി പള്ളിയിലേക്കു ആനയിക്കപ്പെട്ട ശേഷം തിരുമേനി പരിശുദ്ധ കുർബാനയുടെ വാഴ്വും, കുട്ടികളുടെ മുമ്പിലത്തെ ഒപ്രുശുമായും നടത്തി. അനന്തരം "വിൻസെന്റ് ഡി പോൾ" സംഘത്തിന്റേയും, മരിയാസഖ്യത്തിന്റേയും വാർഷികവും മുൻവികാരി റവ. ഫാ. ജോർജ് അക്കരയുടെ ഗുരുപ്പട്ടജൂബിലി അനുമോദനവും സംബന്ധിച്ച സംയുക്തയോഗത്തിൽ തിരുമേനി അദ്ധ്യക്ഷത വഹിച്ചു. ഉപക്രമത്തെത്തുടന്നു സംഘങ്ങളുടെ റിപ്പോർട്ടുകൾ സദസ്സിൽ സമർപ്പിച്ചു. ജൂബിലേറിയനെ അനുമോദിച്ചു ശ്രീ ടി. ഒ. മാത്യു എം. ഏ പ്രസംഗിച്ചു. ജൂബിലേറിയൻ മറുപടി പറഞ്ഞു. ശ്രീ വക്കി വടക്കൻ ഒരു പ്രസംഗം നടത്തി. യോഗാനന്തരം "ഞാനും വരുന്നു" എന്ന സംഗീതനാടകം മരിയാസഖ്യാംഗങ്ങൾ തന്മയത്വത്തോടുകൂടി അഭിനയിച്ചു.

**പൂന:** സ്ഥലത്തെ സെൻറ് തോമസ് മലയാളി കത്തോലിക്കാ സമാജം ക്രിസ്തുമസ് ആഘോഷത്തോടനുബന്ധിച്ചു് ഡിനോബിലി കോളെജ് പ്രൊഫസർ റവ. ഫാദർ ജെ. എടമരത്തിന്റെ അദ്ധ്യക്ഷതയിൽ സെൻറ് പാട്രിക് കത്തീഡ്റൽ സ്കൂൾ ഹാളിൽ ഒരു പൊതുയോഗം സമ്മേളിച്ചു. സംഘം പ്രസിഡണ്ടു് ശ്രീ വർഗ്ഗീസ് വിതയത്തിലിന്റെ സ്വാഗതാനന്തരം റവ. ഫ്രാൻസീസ് സെയിൽസ് ഒ. ഐ. സി. "ബെത്ലഹത്തിൽനിന്നുള്ള സമാധാനസന്ദേശം" എന്നതിനെക്കുറിച്ചും, റവ. ഇഗ്നേഷ്യസ് ചക്കാലക്കൽ ക്രിസ്തുമസ്സ് ദിനത്തിന്റെ പ്രാധാന്യത്തെപ്പററിയും പ്രസംഗിച്ചു. കുട്ടികളുടെ വിനോദപ്രകടനങ്ങളും, ശ്രീ എം. എൽ ചാക്കോ ബി. കോമിന്റെ മുരളീഗാനവും ഉണ്ടായിരുന്നു.

സമ്മാനദാനം, സെക്രട്ടറി ശ്രീ കെ. വി. ജോസഫിന്റെ കൃതജ്ഞതാപ്രകടനം എന്നിവയ്ക്കുശേഷം ഒരു ടീ പാർട്ടിയും, നൂറിൽപരം അനാഥക്കുട്ടികൾക്കു മധുരപലഹാരവിതരണവും നടത്തി.

**കുററിക്കാട്ട്:** ഈ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിന്റെ തൃതീയവാർഷികവും സത്യാരാധനസംഘത്തിന്റെ പ്രഥമവാർഷികവും ഡിസംബർ മാസം 27-ാംനു വ്യാഴാഴ്ച ടി പള്ളി അങ്കണത്തിൽ വെച്ചു് തൃശ്ശൂർ മെത്രാൻ റൈററ് റവ. ഡോക്ടർ ആലപ്പാട്ട് തിരുമേനിയുടെ മഹനീയ അദ്ധ്യക്ഷതയിൽ സാഘോഷം കൊണ്ടാടപ്പെട്ടു. റവ. ഫാ. ജോസഫ്, റവ. ഫാ. ലിയൊ ഒ. എഫ്. എം. (കപ്പുച്ചിൻ) എന്നിവർ പ്രസംഗിച്ചു. വിവിധകലാപരിപാടികളും, വേലക്കാരൻ എന്ന പ്രഹസനാഭിനയവും ഉണ്ടായിരുന്നു.

**വ. പറൂർ:** കച്ചേരിപ്പടി പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മാതൃസംഘത്തിന്റെ ആഭിമുഖ്യത്തിൽ ഡി. 28-ാംനു ശിശുദിനം ആഘോഷിച്ചു. ദിവ്യപൂജയ്ക്കു ശേഷം റവ. ഫാദർ ജോസഫ് പാറയിൽ ഒരു പ്രസംഗം ചെയ്തു. അതിനുശേഷം നൂറിലധികം ശിശുക്കളെ ആശീർവ്വദിച്ചു് മധുരപലഹാരങ്ങൾ വിതരണം ചെയ്യപ്പെട്ടു.

"മാധവ" ബാലപീയൂഷം Reg. No. 162924

ആമാശയ സംബന്ധമായും, കരൾസംബന്ധമായും ഉള്ള എല്ലാ ബാലരോഗങ്ങളേയും മാററി കുഞ്ഞുങ്ങൾക്കു് തേജസ്സും, പുഷ്ടിയും നൽകുന്ന ഉത്തമ ടോണിക്കു്! ഇന്നുതന്നെ വാങ്ങി പരീക്ഷിക്കുക. എല്ലാ പ്രധാന മരുന്നുഷാപ്പുകളിൽ നിന്നും ലഭിക്കുന്നു.

16 ഔ. ക. 3-0-0. 8 ഔ. ക. 1-10-0

മാധവ ഫാർമസി(P) TLD., എറണാകുളം

വറുഗീസ് ആൻറ് കമ്പനി

കോതമംഗലം

ഇംഗ്ലീഷ്മരുന്നുകൾക്കു പ്രസിദ്ധികേട്ട സ്ഥാപനം

# എത്യോപ്യൻസഭയും യാക്കോബായസഭയും

## ഇവ തമ്മിലുള്ള ഐക്യം അഭിലഷണീയമോ?

(ഫാദർ തോമസ് വടക്കേൽ എൽ ഡി.)

(തുടർച്ച)

ഇങ്ങനെ എത്യോപ്യൻചക്രവർത്തി സത്യവിശ്വാസിയാണെന്നും, മലങ്കര ഓർത്തഡോക്സ്സഭ എത്യോപ്യൻസഭയുമായി ഐക്യത്തിൽ കഴിയുന്നെന്നും (എന്നാണ് ഈ ഐക്യം ആരംഭിച്ചതെന്ന് തിരുമേനി പറയുന്നില്ല) ബാവാ തിരുമേനി സ്പഷ്ടമായി പറഞ്ഞിരിക്കെ എത്യോപ്യൻ ചക്രവർത്തി ഒരു യാക്കോബായക്കാരനല്ലെന്ന് ആർ പറയും? പോരെങ്കിൽ ചക്രവർത്തി തിരുമേനിക്കു ഓർത്തഡോക്സ്കക്ഷിക്കാർ നൽകിയ സ്വീകരണവേളയിൽ മെത്രാന്മാരേയും പാത്രിയർക്കീസിനേയും മററും സ്വീകരിക്കുമ്പോൾ ചൊല്ലുന്ന "തോ ബശ്ലോം" (സത്യഇടയനേ! സമാധാനത്തിൽ വന്നാലും) എന്നാരംഭിക്കുന്ന ഗീതം ചൊല്ലുകയും, നേരത്തെ പരസ്യംചെയ്തിരുന്നതുപോലെ പള്ളിയിൽവച്ചു "ചെറിയ ഒരു ശുശ്രൂഷ" (എന്തായിരിക്കുമോ ഈ ശുശ്രൂഷ?) നടത്തുകയുംചെയ്തു. എന്നാൽ ഇതിലെല്ലാം വിസ്മയകരമായി തോന്നുന്നതു കാതോലിക്കാബാവാ തിരുമേനി എത്യോപ്യൻ ചക്രവർത്തിക്കു വായിച്ചുസമർപ്പിച്ച മംഗളാശംസാപത്രത്തിലെ ചില പ്രസ്താവനകളാണ്. തിരുമേനി പറയുന്നു:

"The bonds of friendship and affection that unite your Imperial Majesty's great people with the people of our Church go back to the beginnings of history......And for the past fifteen centuries since Chalcedon, our common conviction regarding the essential unity of the Person and Nature of Our Lord Jesus Christ has always been a strong bond uniting us in peace and truth......

Yet another golden bond that unites our peoples is the happiness and appreciation we feel at the wonderful leadership, that your Imperial Majesty has given to the development and reform of the great Ethiopian Church. It was during your Imperial Majesty's Regency, that this ancient national Church regained its right to have its own bishops, and we have watched with great interest the progressive steps by which the Church has become free from outside domination, to follow its own programme of consolidation and progress.

We ourselves have had to go through several struggles before the autocephalous independence of the Indian Church was restored......Some of our brethren here have not yet accepted the Catholicate. This in its turn has led to the protracted Obligations and disputes. It is our fervent prayer that through the prayers and good offices of Your Imperial Majesty and the Bishops of Your Church this breach of peace may be healed.

May we use this occasion finally to say also that there are many spheres in which we of the Eastern Churches should come together into closer fellowship and co-operation. The exchange of theological students and staff, joint conferences, joint projects of evangelism and service, occasional visits by the prelates of one Church to the people of another, these are some of the ways that we could explore with Your Imperial Majesty's help and leadership."

(Address of Welcome, C. M. S. Press, Kottayam)

പരിഭാഷ:- "തിരുമനസ്സിലെ മഹനീയജനതയെ ഞങ്ങളുടെ സഭയുടെ ജനതയുമായി സംയോജിപ്പിക്കുന്ന സൗഹാർദ്ദത്തിൻേറയും സ്നേഹത്തിൻേറയും ശൃംഖലകൾ പുറകോട്ടു ചരിത്രത്തിൻെറ ആരംഭഘട്ടംവരെ പോകുന്നു......കല്ക്കദോനിയാ സൂനഹദോസിനുശേഷം കടന്നുപോയിട്ടുള്ള ഈ പതിനഞ്ചുശതാബ്ദങ്ങളിൽ നമ്മുടെ കർത്താവേശുമിശിഹായുടെ വ്യക്തിത്വത്തേയും സ്വഭാവത്തേയും സംബന്ധിച്ചുള്ള സാരവത്തായ ഐക്യത്തെപ്പററി നമുക്കുണ്ടായിട്ടുള്ള പൊതുവായ മനോബോദ്ധ്യം സമാധാനത്തിലും സത്യത്തിലും നമ്മെ സംയോജിപ്പിക്കുന്ന സുദൃഢമായ ഒരു ബന്ധമായിത്തീർന്നിരിക്കുന്നു...

തിരുമനസ്സിലെ വിസ്മയകരമായ നേതൃത്വത്തിൽ എത്യോപ്യായിലെ മഹനീയസഭയ്ക്കു കൈവന്നിട്ടുള്ള പുരോഗതിയിലും നവീകരണത്തിലും ഞങ്ങൾക്കു അനുഭൂതമാകുന്ന ആനന്ദവും മതിപ്പുമാണ് ഞങ്ങളുടെ ജനത്തെ (അങ്ങയുടെ ജനവുമായി) സംയോജിപ്പിക്കുന്ന മറെറാരു സുവർണ്ണശൃംഖല. തിരുമനസ്സിലെ ഭരണകാലത്താണ് പുരാതനമായ ഈ പ്രാദേശികസഭയ്ക്കു (എത്യോപ്യൻസഭയ്ക്കു) സ്വന്തം മെത്രാന്മാരെ ലഭിക്കുന്നതിനുള്ള അവകാശം വീണ്ടും സിദ്ധിച്ചതു്. ദാർഢ്യത്തിനും അഭിവൃദ്ധിക്കുമുള്ള പ്രവൃത്തിപദ്ധതിയെ അനുഗമിക്കത്തക്കവണ്ണം ബാഹ്യമായ മേധാവിത്വത്തിൽനിന്നു സ്വതന്ത്രമാകുവാൻവേണ്ടി ഈ സഭ എടുത്തിട്ടുള്ള പുരോഗമനപരമായ നടപടികളെ വലിയ താല്പര്യത്തോടെ ഞങ്ങൾ ഉററുനോക്കിക്കൊണ്ടിരിക്കയായിരുന്നു.

ഭാരതീയസഭയുടെ സ്വാദ്ധ്യക്ഷസമന്വിതമായ സ്വാതന്ത്ര്യത്തെ പുനഃസ്ഥാപിക്കുന്നതിനുവേണ്ടി പല കലഹങ്ങളിലൂടെ ഞങ്ങൾക്കു പ്രയാണം ചെയ്യേണ്ടിവന്നു. ഇവിടെയുള്ള ഞങ്ങളുടെ ചില സഹോദരങ്ങൾ കാതോലിക്കാസ്ഥാപനത്തെ ഇതുവരെ സ്വീകരിച്ചിട്ടില്ല. തൽഫലമായി സുദീർഘമായ വ്യവഹാരങ്ങളും തർക്കങ്ങളും ഉണ്ടാകുവാൻ ഇടയായി. തിരുമനസ്സിലേയും തിരുമനസ്സിലെ സഭയിലെ മെത്രാന്മാരുടേയും പ്രാർത്ഥനകളാലും സല്കർമ്മങ്ങളാലും ഈ സമാധാനഭഞ്ജനത്തിനു പ്രതിവിധിയുണ്ടാകട്ടെ എന്നാണ് ഞങ്ങളുടെ തീവ്രമായ പ്രാർത്ഥന.

പൗരസ്ത്യസഭക്കാരായ നമ്മൾ കൂടുതൽ സംസർഗ്ഗത്തിലും സഹകരണത്തിലും ഒരുമിച്ചുകൂടുന്നതിനു പല മണ്ഡലങ്ങളുണ്ടെന്നു പ്രസ്താവിക്കുന്നതിനുകൂടി ഈ അവസരം ഞങ്ങൾ വിനിയോഗിച്ചുകൊള്ളട്ടെ. വൈദികവിദ്യാർത്ഥികളേയും അവരുടെ അദ്ധ്യാപകന്മാരേയും (മല്പാന്മാരേയും) അന്യോന്യം കൈമാറുക, ഒരുമിച്ചു പ്രസംഗയോഗങ്ങൾ നടത്തുക, ഒരുമിച്ചു പ്രേഷിതവൃത്തിയും മതകർമ്മങ്ങളും നടത്തുവാൻ പദ്ധതികൾ രൂപവല്ക്കരിക്കുക, ഒരു സഭയിലെ മേല്പട്ടക്കാർ മററു സഭയിലെ ജനങ്ങളെ ചിലപ്പോഴൊക്കെ സന്ദർശിക്കുക എന്നിവയാണു് തിരുമനസ്സിലെ സഹായത്താലും നേതൃത്വത്താലും ഞങ്ങൾക്കു കണ്ടുപിടിക്കുവാൻ സാധിക്കുന്ന ചില മാർഗ്ഗങ്ങൾ." (മംഗളാശംസാപത്രം, സി. എം. എസ്സ്. പ്രസ്സ്, കോട്ടയം)

എത്യോപ്യൻ ചക്രവർത്തിയെ കേരളത്തിലെ ഓർത്തഡോക്സ്കക്ഷി, പാത്രിയർക്കീസുകക്ഷി എന്നീ രണ്ടു യാക്കോബായസഭാവിഭാഗങ്ങളും അത്യാഡംബരപൂർവ്വം സ്വീകരിച്ചു. പാത്രിയർക്കീസ്കക്ഷിയിൽപ്പെട്ട മാർ ഗ്രിഗോരിയോസ് തിരുമേനി കോതമംഗലം കോളേജ് ഉൽഘാടനം ചെയ്യാൻ ക്ഷണിക്കപ്പെട്ട എത്യോപ്യൻ ചക്രവർത്തിക്കു കേങ്കേമമായ സ്വീകരണം നൽകണമെന്ന് ഉദ്ബോധിപ്പിച്ച് നേരത്തെ ഒരു കല്പന പ്രസിദ്ധീകരിച്ചു (കേരളഭൂഷണം, 1956 ഒക്ടോ. 18) യാക്കോബായപാത്രിയർക്കീസിൻെറ കേരളീയപ്രതിനിധിയായ മാർ ജൂലിയോസ് തിരുമേനി കോതമംഗലത്തു എഴുന്നെള്ളി ചക്രവർത്തി തിരുമേനിയെ ഹാരമണിയിച്ചു സ്വീകരിച്ചു (കേരളഭൂഷണം ഒക്ടോ. 31) ചക്രവർത്തി തിരുമേനി ഒരു യാക്കോബായക്കാരനാണെന്ന് ധരിച്ചിരിക്കുന്ന കേരളത്തിലെ യാക്കോബായക്കാർക്കു ഓർത്തഡോക്സ്കക്ഷിയിലാണോ, പാത്രിയർക്കീസുകക്ഷിയിലാണോ അദ്ദേഹം ഉൾപ്പെടുന്നതെന്നു ഇതുവരെ തീരുമാനിക്കാൻ സാധിക്കാതെ വന്നിരിക്കുന്നു. "എത്യോപ്യൻകുരിശും എത്യോപ്യൻഭാഷയിലുള്ള ബൈബിളും, എത്യോപ്യൻ പരവതാനിയും ധൂപക്കുററിയും" (ടി കേരളഭൂഷണം) പാത്രിയർക്കീസ്കക്ഷിക്കു ചക്രവർത്തി സമ്മാനിക്കയുണ്ടായി. ഇതിനുംപുറമെ കോതമംഗലം കോളേജിനു ഒരു ലക്ഷം രൂപാ അദ്ദേഹം സംഭാവനചെയ്തു. (കേരളഭൂഷണം, നവമ്പർ 1) കാതോലിക്കാബാവാ തിരുമേനിക്ക് "എത്യോപ്യൻ രീതിയിൽ നിർമ്മിച്ച ഒരു സ്വർണ്ണക്കുരിശും, ഒരു ധൂപക്കുററിയും, ഒരു പരവതാനിയും" ചക്രവർത്തി സമ്മാനിച്ചു. (ടി ഭൂഷണം) ഓർത്തഡോക്സ് സഭക്കാരുടെ ചേപ്പാട്ടുപള്ളിക്കു മററു പള്ളികൾക്കു നൽകിയതുപോലെ സമ്മാനങ്ങൾ നൽകുന്നതാണെന്നു ചക്രവർത്തി തിരുമേനി ചേപ്പാട്ടുവച്ചു പ്രസംഗത്തിൽ പറയുകയുണ്ടായി (ടി ഭൂഷണം). ഇങ്ങനെ രണ്ടു കക്ഷികളും ചക്രവർത്തിക്കു സ്വീകരണവും ചില്ലറ സമ്മാനങ്ങളും നൽകുകയും, ചക്രവർത്തി രണ്ടുകൂട്ടർക്കും പണസഹായവും മററു സമ്മാനങ്ങളും നൽകുകയുംചെയ്തു എന്നത്രേ പത്രറിപ്പോർട്ടുകളിൽനിന്നു അറിയുവാൻ സാധിച്ചതു്. കോതമംഗലത്തു ചക്രവർത്തി പറഞ്ഞ പ്രസംഗത്തിൽ "ക്രിസ്തുവിൽ നാം ഒന്നാണു്" എന്നു പ്രസ്താവിച്ചു. (മനോരമ, ഒക്ടോ. 31) കോട്ടയത്തു പഴയസെമ്മിനാരിയിൽവച്ചു പറഞ്ഞ പ്രസംഗത്തിൽ "എത്യോപ്യായിലേയും ഇന്ത്യയിലേയും പുരാതനസഭകൾ തമ്മിൽ ധാരണയും ഫലപ്രദമായ സഹകരണവും സാദ്ധ്യമാക്കിത്തീർക്കുന്ന അവ തമ്മിലുള്ള പരസ്പരബഹുമാനത്തിൻേറയും സ്നേഹത്തിൻേറയും സ്ഥിരീകരണമാണ് തൻെറ സന്ദർശനവേളയിൽ നൽകപ്പെട്ടിട്ടുള്ള സ്വീകരണം വ്യക്തമാക്കുന്നതെന്നു പ്രസ്താവിച്ചു." (ഭൂഷണം, നവമ്പർ 1) ഈ പ്രസ്താവനകളിൽനിന്നു ചക്രവർത്തിതിരുമേനിക്കു കേരളത്തിലെ യാക്കോബായക്കാർ ധരിച്ചിരിക്കുന്നതുപോലെ എത്യോപ്യൻസഭയും യാക്കോബായസഭയും ഒന്നാണെന്നോ, അവ തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടെന്നോ ഉള്ള ബോദ്ധ്യമില്ലെന്നും, ഈ സന്ദർശനംകൊണ്ടും മററും ഭാവിയിൽ ബന്ധം സാദ്ധ്യമാക്കിത്തീർക്കാൻ സാധിക്കുമെന്നുള്ള പ്രത്യാശയേ ഉള്ളുവെന്നും മനസ്സിലാക്കാം. എത്യോപ്യൻസഭയും യാക്കോബായസഭയും വിശ്വാസത്തിൽ ഒന്നല്ലെന്നുള്ള മനോബോദ്ധ്യം ചക്രവർത്തി തിരുമേനിക്കു നല്ലതുപോലെ ഉണ്ടായിട്ടായിരിക്കണം അദ്ദേഹവും അദ്ദേഹത്തിൻെറ പരിവാരങ്ങളിൽ ആരുംതന്നേയും ഓർത്തഡോക്സ് സഭാദ്ധ്യക്ഷനായ പരിശുദ്ധ കാതോലിക്കാബാവാ തിരുമേനിയുടെ കരം ചുംബിക്കാതിരുന്നതും. സ്വീകരണംകഴിഞ്ഞു് തിരികെ എത്തിയപ്പോൾ "ചക്രവർത്തി നമ്മുടെ ബാവാ തിരുമേനിയുടെ കൈ മുത്തിയോ?" എന്നു ആ ചടങ്ങിൽ സംബന്ധിക്കാതിരുന്ന ചില മാന്യന്മാർ ആവേശഭരിതരായി ഒരു മേല്പട്ടക്കാരനോടു ചോദിച്ചപ്പോൾ "ഇല്ല" എന്നു മറുപടികൊടുത്തതും, അപ്പോൾ അവരുടെ മുഖത്തു ഒരു മ്ലാനതയുണ്ടായതും സങ്കടകരമായ ഒരു കാര്യംതന്നെയായിരുന്നു.

അന്ത്യോക്യാ യാക്കോബായപാത്രിയർക്കീസിൻെറ അധികാരത്തെ നിഷേധിച്ച് സ്വതന്ത്രകക്ഷിയായി നില്ക്കുന്ന ഓർത്തഡോക്സ് കക്ഷിക്കാർ ശീശ്മക്കാരാണെന്നും, അവരുടെ കാതോലിക്കാബാവാ ഉൾപ്പെടെയുള്ള മേല്പട്ടക്കാർ പട്ടമില്ലാത്ത വെറും അൽമായക്കാരാണെന്നും പാത്രിയർക്കീസുകക്ഷി പഠിപ്പിക്കുന്നു. ആകയാൽ അന്ത്യോക്യാപാത്രിയർക്കീസിൻെറ അധികാരത്തിൽ നില്ക്കാതെ സ്വതന്ത്രകക്ഷിയായി നില്ക്കുന്നതും, ഏകസ്വഭാവവാദം സ്വീകരിച്ചിട്ടുള്ളതുമായ എത്യോപ്യൻസഭയിലെ ചക്രവർത്തി പാത്രിയർക്കീസുകക്ഷിയിൽപ്പെട്ട ഒരു യാക്കോബായക്കാരനല്ലെന്നു തീർച്ചയാണല്ലോ. ഓർത്തഡോക്സ്കക്ഷിക്കാരാവട്ടെ തോമ്മാശ്ലീഹാ സ്ഥാപിച്ച മലങ്കര സിംഹാസനം സ്വതന്ത്രമാണെന്നും, വിദേശത്തെ യാതൊരു സഭയോടും അതു ബന്ധപ്പെട്ടിരിക്കേണ്ട ആവശ്യമില്ലെന്നുമാണ് 1912-ൽ തുടങ്ങി എത്യോപ്യൻ ചക്രവർത്തി കേരളത്തിൽ വരുന്നുണ്ടെന്നുള്ള വിവരം അറിയുന്നതിനുമുമ്പുവരെ പറഞ്ഞുകൊണ്ടിരുന്നതു്. എത്യോപ്യൻ ചക്രവർത്തി വന്നപ്പോൾ പറയുന്നു എത്യോപ്യൻസഭയോടു് ഓർത്തഡോക്സ്സഭയ്ക്കും ചരിത്രത്തിൻെറ ആരംഭംതുടങ്ങി ബന്ധമുണ്ടെന്നു! എവുത്തിക്കോസിൻെറ പാഷണ്ഡോപദേശം ഇപ്പോഴും പഠിപ്പിക്കുന്ന എത്യോപ്യൻസഭയിൽപ്പെട്ട ചക്രവർത്തി സത്യവിശ്വാസിയാണെന്നും, അദ്ദേഹത്തെ വി. കർബാനയിൽ ഓർക്കണമെന്നും, ആ സഭയോടു ഇനിയും ബന്ധപ്പെടണമെന്നും!

(തുടരും)

---

(2-ാംപേജ് തുടർച്ച)

പോലീസ്: (തല്ലാൻ ഭാവിച്ചുകൊണ്ടു്) നീ പോകുമല്ലേ! നിൻെറ പോക്കു ഞങ്ങൾ നിറുത്തും.

(സുബീറായും ഭാര്യയും സ്വരം മാററംകേട്ടു വിറയലോടെ പ്രവേശിക്കുന്നു)

സുബീറാ: ആ കൊച്ചിനോടു് അങ്ങനെ കോപിക്കല്ലേ. കൊച്ചല്ലേ.

പോലീസ്: ഇതു കൊച്ചല്ല. ഒരു ഭയങ്കരസത്വം. ഇത്രയുമൊക്കെ ഞങ്ങൾ പറഞ്ഞിട്ടും യാതൊരിളക്കവും ഈ കുട്ടിക്കില്ല. ഏതായാലും നിങ്ങൾ സൂക്ഷിക്കണം. അവൾ എന്തു പച്ചക്കള്ളമൊക്കെയാണു പറഞ്ഞുപരത്തിയിരിക്കുന്നതു്. മേലിൽ മകളെ ഗ്രോട്ടോയിലേക്കു് അയക്കരുതു്. അയച്ചാൽ അവളേയും നിങ്ങളേയും ഞങ്ങൾ ജയിലിലിടട്ടും.

സുബീറാ: ഞങ്ങളുടെ യാതൊരു പ്രേരണയും ഇതിലില്ല. ഞങ്ങളുടെ പ്രേരണകൊണ്ടു് ഒരു കുട്ടി ഇങ്ങനെ വർത്തിക്കുമോ. മാത്രമല്ല, ദരിദ്രരായ ഞങ്ങൾക്കു് ഈ ദർശനംകൊണ്ടു് എന്തു കിട്ടാനാണു്? സൈ്വരക്കേടുമാത്രം. എല്ലാവരും ഞങ്ങളെ പരിഹസിക്കുന്നു, കൊച്ചിനെ ഭ്രാന്തിയും അപസ്മാരരോഗിയുമാക്കുന്നു.

പോലീസ്: മകൾ പുണ്യവതിയാണെന്നു കരുതാനായിരിക്കും ഈ വേഷം കെട്ടുന്നതു്.

ലൂയിസാ: അങ്ങനെയാണെങ്കിൽ ഇതുവരേയും ആദ്യകുർബാന കൈക്കൊള്ളപ്പാടുപോലും ഞങ്ങൾ നടത്തിക്കാഞ്ഞതു് എന്തുകൊണ്ടാണെന്നാണു നിങ്ങൾ കരുതുന്നതു്. സാധുക്കളായ ഞങ്ങളെ ദ്രോഹിക്കല്ലേ. ഓരോ തരത്തിലുള്ള നാശങ്ങളും തൽഫലമായ ദാരിദ്ര്യവും മാത്രമാണു ഞങ്ങളുടെ ഭാഗധേയം. അങ്ങു ഞങ്ങളോടു കോപിക്കല്ലേ.

സുബീറാ: ഇക്കാര്യത്തിൽ ഞങ്ങൾ നിസ്സഹായരാണു്. കുഞ്ഞു സ്വമേധയാ ഗ്രോട്ടോയിലേക്കു പോകുന്നു. ഞങ്ങൾ തടഞ്ഞാൽ അവൾ നില്ക്കുകയില്ല. ആ സമയം വരുമ്പോൾ പിടിച്ചു കെട്ടിയിട്ടാൽപോലും അവൾ നില്ക്കുമെന്നു തോന്നുന്നില്ല. അതിനുള്ള കഴിവും ഞങ്ങൾക്കില്ല.


അർശ്ശസോൾ
മൂലക്കുരു
ഓപ്പറേഷൻ കൂടാതെ മാറുന്നു
4.oz. BOTTLE Rs. 3
APPLY WITH ADVANCE
VAIDYAN A. GEORGE TIRUNILATH
ST. ANTONY'S VAIDYA SALA
AMARAVATHY, FORT COCHIN.
DISTRIBUTORS: JAMES & CO; BROADWAY, ERNAKULAM.


പോലീസ്: കഴിവൊക്കെ താനെ ഉണ്ടായിക്കൊള്ളും. താമസിയാതെ കാണാം. മകൾ ഒന്നുകിൽ ജയിലിൽ അല്ലെങ്കിൽ ഭ്രാന്താശുപത്രിയിൽ. സൂക്ഷിച്ചു വളർത്തുക (രണ്ടുപേരും പോകുന്നു)

സുബീറാ: എന്തെല്ലാം വിനകളാണു വരുത്തിവച്ചിരിക്കുന്നതു്? ഗവണ്മെൻറ് അധികാരികൾ കൊച്ചിനേയും നമ്മളേയും ദ്രോഹിക്കും. എന്തു ചെയ്യാം.

ലൂയിസാ: മകളേ, നീ ഇനി ഗ്രോട്ടോയിലേക്കു പോകേണ്ട. അവർ പക്ഷേ നിന്നെ കൊന്നുകളയും.

ബെർണ: അമ്മയോടൊ, ആ സ്ത്രീയോടൊ എനിക്കു് അനുസരണക്കേടുകാണിക്കുവാൻ നിവൃത്തിയില്ല.

സുബീറാ: അവർ നിന്നെ കാരാഗൃഹത്തിലടച്ചാൽ ആ സ്ത്രീയെ നീ എങ്ങനെ അനുസരിക്കും?

ബെർണ: അതു വേറൊരുകാര്യം. പോകുവാൻ നിവൃത്തിയില്ലാതെ വന്നാൽമാത്രമേ ഞാൻ ഗ്രോട്ടോയിൽ പോകാതിരിക്കൂ.

സുബീറാ: ഏതായാലും നീ വളരെ സൂക്ഷിച്ചുപെരുമാറേണ്ടിയിരിക്കുന്നു. മാതാവേ അങ്ങുതന്നെ ഞങ്ങൾക്കു ശരണം.

കർട്ടൻ

(അനന്തരം ഗ്രോട്ടോയിൽ ബെർണദീത്താ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്ന ഒരു രംഗം. ഒരു ഗാനത്തിൻെറ അവസാനം ജപമാല ചൊല്ലുന്നു. മാതാവു പ്രത്യക്ഷപ്പെടുന്നു. ബെർണ്ണദീത്താ: അങ്ങയുടെ പേരു് എന്നോടു് ഇന്നു പറയണം. "ഞാൻ അമലോത്ഭവ"എന്നുത്തരം. കർട്ടൻ)

N. B. ഏകാങ്കമാക്കുവാൻ യഥാർത്ഥ ചരിത്രത്തിൽ സ്ഥലകാലവ്യത്യാസങ്ങൾ വരുത്തിയിട്ടുള്ളതു് അനുവാചകർ ഗ്രഹിക്കുമല്ലോ.

Wednesday
January 9
1957

# THE SATHYADEEPAM

(ESTD. 1927)
BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2293
Vol. 30
No. 21

ജീവചരിത്രപംക്തി

## മാർഗരററ് സിങ്ക്ളയർ

### കൂലിവേലക്കാരിയായ യുവതി സന്യാസിനിയായി

(മി. ഇട്ടൂപ്പ് മാമ്പിള്ളി)

(തുടർച്ച)

**രോഗവും മരണവും**

1925 ആദ്യത്തിൽ അവൾക്കു തൊണ്ടയിൽ സുഖമില്ലാതെ തോന്നി. ക്ഷയരോഗത്തിന്റെ തുടക്കമായിരുന്നു അത്. ഡോക്ടർമാരുടെ അഭിപ്രായപ്രകാരം എസ്സെക്സ് എന്ന സ്ഥലത്തു വാർലിയിൽ ഉള്ള "മാരിലാക്ക" പരിപാലകവസതിയിൽ ചികിത്സയ്ക്കായി അവൾ അയയ്ക്കപ്പെട്ടു. ദൈവതിരുമനസ്സു സന്തോഷത്തോടെ സ്വീകരിക്കുന്നതിനു വേണ്ട ധൈര്യം അവൾ മുൻകൂട്ടി സമ്പാദിച്ചിരുന്നു. അതുപയോഗപ്പെടുത്തുന്നതിനുള്ള അവസരം ഇതായിരുന്നു. അവൾ സ്വന്തം മഠത്തിലെ സഹോദരികളിൽനിന്നും വീട്ടുകാരിൽനിന്നും വളരെ അകലെയായിരുന്നുവെങ്കി



സന്യാസിനിയായ
മാർഗരററ് സിങ്ക്ളയർ

ലും അവളെ പരിചരിച്ചിരുന്ന സഹോദരികളുടെ ഇടവിടാതെയുള്ള സ്നേഹവാത്സല്യങ്ങൾ മാർഗരററിന്റെ പീഡനങ്ങൾക്കു വളരെ ശാന്തത നൽകി.

അവളുടെ ഏകാകിത്വവും സഹനവും സുഖം പ്രാപിച്ചാൽതന്നെ നിത്യവ്രതത്തോടു അനുവദിക്കുമോ എന്ന വിചാരവും അവളെ അലട്ടിയിരുന്നു. കുടുംബത്തിനും സമുദായത്തിനും ഒരുഭാരമായും അന്ത്യംവരെ അവരെ ആശ്രയിച്ചും ജീവിക്കേണ്ടിവരുമല്ലോ എന്നുള്ള വലിയ ഇച്ഛാഭംഗവും അവളിൽ ഇടയ്ക്കിടെ ഉണ്ടായിരുന്നു.

ആഗ്നീയൂസച്ചനും മററു പല വൈദികരും അവളെ സന്ദർശിച്ചിരുന്നു. ആത്മാക്കളുടെ വിശുദ്ധതയെപ്പററി വിദഗ്ദ്ധാഭിപ്രായം പറയത്തക്ക നിപുണന്മാരും പരിചയമുള്ളവരും ആയ അവരുടെ ഏകകണ്ഠമായ അഭിപ്രായം, അറിയപ്പെടാത്തവളും, മാരകരോഗത്താൽ അധികതാമസം കൂടാതെ ആരാലും പിന്നീടു ഓർക്കപ്പെടാത്തവണ്ണം വിദൂരസ്ഥലത്തു ഒരു ശവക്കുഴിയിൽ മറയുവാനിരിക്കുന്നവളുമായ ഈ കന്യാസ്ത്രീ അസാധാരണ പുണ്യപൂർണ്ണതയുള്ളവളായിരുന്നു എന്നത്രെ. ഈ അഭിപ്രായം അവർ യഥാകാലം രേഖപ്പെടുത്തിട്ടുമുണ്ട്.

മാർഗരററിനെ ശുശ്രൂഷിച്ചിരുന്ന സഹോദരി ഇപ്രകാരം എഴുതിയിരിക്കുന്നു: "ഏകദേശം ഒമ്പതു മാസംവരെ സഹോദരി മേരി ഫ്രാൻസിസിനെ ശുശ്രൂഷിപ്പാനുള്ള വലിയ ഭാഗ്യം എനിക്കുണ്ടായി. പീഡകൾ സഹിക്കുന്നതിനു അവൾക്കുണ്ടായിരുന്ന കഴിവു് വളരെ വലുതായിരുന്നു. അവൾ ഒരിക്കലും ഒന്നിനെക്കുറിച്ചും യാതൊരു സങ്കടവും പറഞ്ഞിരുന്നില്ല. ഒരു ദിവസം രാത്രി "ഓ! എന്റെ സഹോദരി ഇന്നു വലിയ പീഡകളുടെയും അതിനാൽ ഒരു വലിയ സന്തോഷത്തിന്റെയും ദിവസമായിരുന്നു" എന്നു് എന്നോടു പറഞ്ഞു. "ഈശോയ്ക്കുവേണ്ടി ഒരാത്മാവിനെ നേടുവാൻ എനിക്കു സാധിച്ചിരുന്നുവെങ്കിൽ എന്തൊരു വലിയ ഭാഗ്യമായിരുന്നു." എന്നു്.

"അവൾ ദൈവസന്നിധിയിൽ ജീവിക്കുന്നു എന്നു തോന്നുമാറു് എപ്പോഴും ഏകാഗ്രചിത്തയായിരുന്നു എങ്കിലും ഭക്തിയുടെ യാതൊരു ലക്ഷണവും അവൾ പുറമെ കാണിച്ചിരുന്നില്ല. എങ്കിലും അവൾ എപ്പോഴും തന്റെ ദിവ്യമണവാളനോടുകൂടി സമയം ചിലവഴിച്ചിരുന്നു എന്നു എളുപ്പത്തിൽ മനസ്സിലാക്കാമായിരുന്നു. അവൾ സാക്ഷാൽ വേറൊരു ചെറുപുഷ്പം തന്നെ ആയിരുന്നു എന്നു പറയാം."

ശുശ്രൂഷിക്കുന്ന സഹോദരിയും ആഗ്നീയൂസച്ചനും മാർഗരററിനോടു് നിർബന്ധമായി ചോദിച്ചതിനാൽ ഈശോയും പരിശുദ്ധ മറിയവും വിശുദ്ധ യൗസേപ്പും അവളുടെ കാക്കുന്ന മാലാഖയും അവൾക്കു കാണപ്പെട്ടതായി പറയുകയും ആയതു രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

"ബ്രെൻറ് വുഡി"ൽനിന്നു വേറൊരു വൈദികൻ സാക്ഷ്യപ്പെടുത്തുന്നതു് ഇപ്രകാരമാണു്: "ഇത്ര ചെറുപ്രായത്തിൽ ഇത്ര അതിശയിക്കത്തക്ക വിരക്തി സമ്പാദിച്ചിട്ടുള്ള ഈ യുവതിയെപ്പററി അതിശയിക്കയല്ലാതെ നിവൃത്തിയില്ല. അവൾക്കു് അവളുടെ സഭയുടെ ശരിയായ അരൂപിയുണ്ടു്. മനുഷ്യരോടുകൂടിയുള്ള ലൗകിക ജീവിതത്തിൽത്തന്നെ അവൾ സുകൃതകൃത്യങ്ങളാൽ മററുള്ളവർ സമ്പാദിച്ചതിലധികം ശുദ്ധത സമ്പാദിച്ചിട്ടുണ്ടായിരിക്കണം."

അവളുടെ ആത്മപിതാവായിരുന്ന വാർലിയിലെ കപ്പേളാനച്ചൻ സാക്ഷിക്കുന്നു: "അവൾ വളരെ ആത്മശുദ്ധതയുള്ളവളായിരുന്നു എങ്കിലും വിനോദകരമായ വർത്തമാനങ്ങളിൽ സന്തോഷമുള്ളവളായിരുന്നു. കൂടാതെ അവളുടെ അവസാനനിമിഷംവരെ നല്ലതായ തമാശകളെ ഇഷ്ടപ്പെട്ടിരുന്നു. ഞാൻ അവളുടെ പരിശുദ്ധതയിൽ വിശ്വസിക്കുന്നു."

1925 നവമ്പർ 24-ാംനു അവളുടെ അവസാനദിവസമായിരുന്നു. വളരെ മാസങ്ങൾ നീണ്ടുനിന്ന അതിയായ സഹനത്തിനുശേഷം "ഈശോ, മറിയം, യൗസേപ്പേ. നിങ്ങൾക്കു എന്റെ ഹൃദയത്തേയും ആത്മാവിനേയും തരുന്നു" എന്ന പ്രാർത്ഥന ചൊല്ലിക്കൊണ്ടു് മാർഗരററ് സിങ്ക്ളയർ മരണം പ്രാപിച്ചു.

**സ്വർഗ്ഗീയ മദ്ധ്യസ്ഥ**

സിസ്റ്റർ സിങ്ക്ളയറിന്റെ ആദ്ധ്യാത്മികജീവിതത്തെ നയിക്കുന്നതിൽ ദൈവാനുഗ്രഹത്താൽ ഒരു ഭാഗം വഹിച്ച ആഗ്നീയൂസച്ചൻ അവയെപ്പററി പിന്നീടു പലതും പരസ്യമായി പ്രസ്താവിക്കുന്നതിനു മടിച്ചില്ല. അങ്ങനെയാണു അവളുടെ അസാധാരണപുണ്യങ്ങളെ നാമറിയുന്നതു്. അവളുടെ മാദ്ധ്യസ്ഥത്താൽ അനേകം ആത്മീയവും ശാരീരികവും ആയ ആനുകൂല്യങ്ങളും അത്ഭുതങ്ങളും ഉണ്ടായതുകാരണം അവളുടെ പേരും പ്രശസ്തിയും താമസിയാതെ നാടെങ്ങും പരന്നു. മാർഗരററ സിങ്ക്ളയറിന്റെ പുണ്യജീവിതം, ലോകത്തിന്റെ ഇപ്പോഴത്തെ പരിതസ്ഥിതികളിൽ ഒരു ഉത്തമമാതൃകയായി പരിലസിക്കുന്നുണ്ടു്.

അവളുടെ ജീവിതചരിത്രം പ്രസിദ്ധപ്പെടുത്തിയ ഉടനെ അതു് അന്യഭാഷകളിൽ വിവർത്തനം ചെയ്യപ്പെട്ടു. താമസിയാതെ സ്കോട്ടിഷ് നാഷനൽ മാർഗരററ് സിങ്ക്ളയർ കമ്മിററി. (Scottish National Margeret Sinclair committee) എന്ന പേരിൽ ഒരുകമ്മിററി അവൾ വഴിയായി ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും അത്ഭുതങ്ങളും വിശ്വാസവർദ്ധനവും ശരിയായി രേഖപ്പെടുത്തുന്നതിന് അധികാരപ്പെടുത്തപ്പെട്ടു.

"ക്രിസ്തീയ ചൈതന്യത്തിന്റെ അതിശയിക്കത്തക്ക ചെറുപുഷ്പ"മെന്നാണു് പതിനൊന്നാം പീയൂസ് മാർപ്പാപ്പാ മാർഗരററിനെ വിളിച്ചിരുന്നതു്. തിരുമേനിക്കുവേണ്ടി കാർഡിനൽ ഗസ്പാരി ഇങ്ങനെ എഴുതുന്നു: "മാർഗരററ് ഉണ്ണിഈശോയുടെ ചെറുപുഷ്പത്തിന്റെ പരിശുദ്ധ കാലടികളെ പിഞ്ചെന്നു ജീവിക്കുന്നതിനു പരിശ്രമിച്ചതുപോലെ അവളുടെ ജീവിതചരിത്രം വായിക്കുന്നവർ ഈ കന്യകയുടെ പുണ്യജീവിതത്താൽ ആകർഷിക്കപ്പെടുകയും ശ്രദ്ധയോടെ അവളെ അനുകരിക്കുന്നതിനു ഉത്സാഹിക്കുകയും ചെയ്യുമെന്നതിൽ സംശയമില്ല. ഇതു പരിശുദ്ധ പിതാവു ഏററവും അധികം ആഗ്രഹിക്കയും കന്യാസ്ത്രീകളുടെ ദിവ്യമണവാളനായ ഈശോയോടു അതിനുവേണ്ടി എളിമയോടെ പ്രാർത്ഥിക്കുകയും ചെയ്യുന്നു."

—o—

**100-ാംനമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം**

എന്റെ പേർ—സത്യദീപം




കോതമംഗലം മെത്രാൻ തിരുമേനി ആദ്യമായി ശിലാസ്ഥാപനം നിർവ്വഹിച്ചതും ഡിസംബർ 23-ാംതീയതി എറണാകുളം മെത്രാപ്പോലീത്താ തിരുമേനി ആശീർവ്വാദകർമ്മം നിർവ്വഹിച്ചതുമായ മൂവാററുപുഴ ക്രിസ്തുരാജ കപ്പേള.

## വിദേശവാർത്തകൾ

പരിശുദ്ധ പിതാവു് തിരുമനസ്സിലെ അനന്തിരവനായ പ്രിൻസ് ഗൂലിയോ പച്ചെലി തിരുസിംഹാസനത്തിലെ കോൺസിസ്റ്ററി കൻ സ്ഥാനപതിയായി നിയമിക്കപ്പെട്ടിരിക്കുന്നു.

—1957 ആഗസ്റ്റു മാസത്തിൽ ജോസിസ്റ്റു് പ്രസ്ഥാനക്കാർ റോമയിലേക്കു് ഒരു അന്താരാഷ്ട്രീയ തീർത്ഥയാത്ര നടത്തുന്നതാണല്ലോ. 77 രാജ്യങ്ങളിൽനിന്നു 30 000 പ്രതിനിധികൾ ഇതിൽ സംബന്ധിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

—ബ്രിട്ടനിൽ 530 കത്തോലിക്കർക്കും, അയർലൻഡിൽ 560 കത്തോലിക്കർക്കും ഒരു വൈദികൻ വീതമുണ്ടു്. എന്നാൽ യൂറോപ്പിലേക്കും താരതമ്യേന ഏററവും കൂടുതൽ വൈദികവിദ്യാർത്ഥികളുള്ളതു് അയർലൻഡിലാണു്.

—ഇററാലിയൻ കമ്മ്യൂണിസ്റ്റു പാർട്ടിയിലെ ഒരു പ്രമുഖാംഗമായ ഉദേസപ്പ ഫസാരോ പാർട്ടിയിൽനിന്നു രാജിവച്ചിരിക്കുന്നു. ക്രിസ്ത്യൻ ഡമോക്രാററു് പാർട്ടിയിൽ ചേരുവാനാണു് അദ്ദേഹം ഉദ്ദേശിക്കുന്നതു്.

—ബൾഗേറിയായിൽ സ്വതന്ത്രനായി ഉണ്ടായിരുന്ന ഏക കത്തോലിക്കാബിഷപ്പും ഇപ്പോൾ അറസ്റ്റു ചെയ്യപ്പെട്ടിരിക്കുന്നു. 65 വയസ്സുള്ള ബിഷപ്പ് കർട്ടഫ് ബിസൻ്റയിൻ റീതിലുള്ള കത്തോലിക്കരുടെ വൈദികമേലദ്ധ്യക്ഷനാണു്.

—യങ്ങ് പയനിയേഴ്സ് എന്നറിയപ്പെടുന്ന ഹംഗേറിയൻ കമ്മ്യൂണിസ്റ്റ് യുവാക്കളുടെ സംഘടന പിരിച്ചുവിടപ്പെട്ടിരിക്കുന്നു. പകരം സ്കൗട്ടുപ്രസ്ഥാനത്തിന്റെ മാതൃകയിലുള്ള ഒരു സംഘടന ഉണ്ടാക്കിയിട്ടുണ്ടു്.

—അസാധാരണവൈദിക കാര്യങ്ങൾക്കുവേണ്ടിയുള്ള തിരുസംഘത്തിലെ ഒരംഗമായി കർദ്ദിനാൾ കോൺസ്റ്റാൻറീനി തിരുമേനി നിയമിക്കപ്പെട്ടിരിക്കുന്നു. ഇപ്പോൾ ഈ തിരുസംഘത്തിൽ 12 കർദ്ദിനാളന്മാർ അംഗങ്ങളായുണ്ടു്.

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-I